ഹയർ സെക്കന്ററി

# മലയാളം

XII

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2015

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.

website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2015
Printed at : Centre for Advanced Printing & Training,
Thiruvananthapuram - 695013

പ്രിയ വിദ്യാർഥികളേ,

മാതൃഭാഷയായ മലയാളം കേവലം ആശയവിനിമയോപാധി മാത്രമല്ല. ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും സമസ്തമേഖലകളെയും അത് സ്പർശിക്കുന്നു; സ്വാധീനിക്കുന്നു. നമ്മുടെ ചിന്തകളെയും സ്വപ്ന ങ്ങളെയും നവീകരിക്കാനും ആരോഗ്യപൂർണമായ ജീവിതം രൂപപ്പെടു ത്താനും മാതൃഭാഷാപഠനം അനിവാര്യമാണല്ലോ.

കൗമാരപ്രായത്തിലുള്ള കുട്ടികളുടെ ജീവിതാനുഭവപരിസരങ്ങളിൽ നിന്നാരംഭിച്ച് നൂതനങ്ങളായ അറിവുകളിലേക്കു നയിക്കുന്ന തരത്തി ലാണ് പന്ത്രണ്ടാംക്ലാസിലെ രണ്ടാംഭാഷാ മലയാളപാഠപുസ്തകം രൂപ പ്പെടുത്തിയിട്ടുള്ളത്. ഭാഷ-സാഹിത്യ-സംസ്കാരങ്ങളുടെ നിരീക്ഷണ -വിശകലനങ്ങളിലൂടെ കടന്നുപോവാൻ പ്രാപ്തമായ രചനകളും പ്രവർ ത്തനങ്ങളുമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്.

ഹൃദ്യമായ പഠനാനുഭവങ്ങളിലൂടെ നമ്മുടെ ഭാഷാസാഹിത്യപാരമ്പര്യ ങ്ങളെക്കുറിച്ച് സുവ്യക്തധാരണ നേടാൻ ഈ പുസ്തകം സഹായക മാകും. അറിവിന്റെയും അനുഭൂതിയുടെയും പുതിയ മാനങ്ങളിലേക്കു നമുക്കു നടന്നുപോവാം.

സ്നേഹാശംസകളോടെ,

**ഡോ. എസ്. രവീന്ദ്രൻനായർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

## ശില്പശാലയിൽ പങ്കെടുത്തവർ

- ഡോ. ആർ. സുരേഷ്, വി.പി.എം.എസ്.എൻ.ഡി.പി. എച്ച്.എസ്.എസ്. കഴിമ്പ്രം, തൃശൂർ.
- എം. സിദ്ദീഖ്, എൻ.എ.എം.എച്ച്.എസ്.എസ്. പെരിങ്ങത്തൂർ, കണ്ണൂർ.
- ആർ. പി. ശിവകുമാർ, എസ്.ആർ.വി.എച്ച്.എസ്.എസ്. എറണാകുളം.
- എ. ഡി. ആന്റു, സെന്റ് ഫ്രാൻസിസ് ബി.എച്ച്.എസ്.എസ്. മറ്റം, തൃശൂർ.
- എൻ. കാർലോസ്, ജി.എച്ച്.എസ്.എസ്. അയ്യൻകോയിക്കൽ, കോയിവിള, കൊല്ലം.
- ഡോ. എൻ.പി. വിജയകൃഷ്ണൻ, ആർ.എം.എച്ച്.എസ്.എസ്. മേലാറ്റൂർ, മലപ്പുറം.
- ഡോ. എം.എം. ജിനേഷ്കുമാർ, ജി.എച്ച്.എസ്.എസ്. ഫോർ ബോയ്സ് മാടായി, കണ്ണൂർ.
- എസ്.എസ്. ജയകുമാർ, ഗവ. ഗേൾസ് എച്ച്.എസ്.എസ്. ഇരിങ്ങാലക്കുട, തൃശൂർ.
- കെ. ബാവ, ജി.എച്ച്.എസ്.എസ്. മീനങ്ങാടി, വയനാട്.
- ഡോ. പ്രദീപ്കുമാർ കറ്റോട്, പി.എം.എസ്.എ.പി.ടി. എച്ച്.എസ്.എസ്. കറ്റോട്, മലപ്പുറം.
- പി.കെ. മുഹമ്മദ് അബ്ദുൽസലാം, ഹിമായത്തുൽ ഇസ്‌ലാം എച്ച്.എസ്.എസ്. കോഴിക്കോട്.
- വി.കെ. അബ്ദുറഹിമാൻ, ജി.എം.എച്ച്.എസ്.എസ്, കൊയിലാണ്ടി.
- ഷാജു പുതൂർ, ശാന്ത എച്ച്.എസ്.എസ്. അവണൂർ, തൃശൂർ.
- റോസമ്മ സെബാസ്റ്റ്യൻ, സെന്റ് സേവ്യേഴ്സ് എച്ച്.എസ്.എസ്. ചെമ്മണ്ണൂർ, ഇടുക്കി.

## ചിത്രരചന

- ആർട്ടിസ്റ്റ് നമ്പൂതിരി, എടപ്പാൾ, മലപ്പുറം
- മദനൻ, മാതൃഭൂമി, കോഴിക്കോട്
- ഡോ. സോമൻ കടലൂർ, സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ്, കോഴിക്കോട് സർവകലാശാല
- പി. മജീദ്, എൻ.എ.എം.എച്ച്.എസ്.എസ്. പെരിങ്ങത്തൂർ, കണ്ണൂർ
- പി. രമേശൻ, ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ്, വടകര

## ലേ ഔട്ട്

- എം. ശ്രീഹർഷൻ, നമ്പ്രത്ത്കര യു.പി.സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട്

## പ്രൂഫ് റീഡിങ്

- പി. യഹിയ, ഗവ. വി.എച്ച്.എസ്.എസ്. പയ്യാനക്കൽ, കോഴിക്കോട്

## വിദഗ്ധപരിശോധന

- ഡോ. ജോർജ് ഓണക്കൂർ, മുൻ ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ.
- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രഫസർ, കേരളവർമ കോളേജ്, തൃശൂർ
- ഡോ. എൽ. തോമസ്കുട്ടി, മലയാളകേരള-പഠനവിഭാഗം മേധാവി, കോഴിക്കോട് സർവകലാശാല
- ഡോ. സി. നാരായണപിള്ള, റിട്ട. പ്രഫസർ, ഗവ. ട്രെയ്നിങ് കോളേജ്, തിരുവനന്തപുരം
- ഡോ. സി.ആർ. പ്രസാദ്, പ്രഫസർ, മലയാളവിഭാഗം, കേരള സർവകലാശാല
- സാബു കോട്ടുക്കൽ, അസി. പ്രഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

- എം.സി. ജോസ്കുട്ടി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

# ഉള്ളടക്കം


## 1 എഴുത്തകം 7

- കണ്ണാടി കാൺമോളവും ............................ 10
- പ്രകാശം ജലം പോലെയാണ് .................. 15
- കിരാതവൃത്തം ............................................ 22
- അവകാശങ്ങളുടെ പ്രശ്നം ....................... 27

## 2 തനതിടം 37

- കേശിനീമൊഴി ......................................... 40
- അഗ്നിവർണന്റെ കാലുകൾ ....................... 43
- പദത്തിന്റെ പഥത്തിൽ ................................ 57
- മാപ്പിളപ്പാട്ടിലെ കേരളീയത ....................... 64

## 3 ദർപ്പണം 71

- കൊള്ളിവാക്കല്ലാതൊന്നും ......................... 74
- ഗൗളിജന്മം .................................................. 77
- തേങ്ങ ........................................................ 83
- ബദരിയും പരിസരങ്ങളും ......................... 85
- യമുനോത്രിയുടെ ഊഷ്മളതയിൽ ............ 90

## 4 മാധ്യമം 97

- വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ ........ 100
- മാധ്യമവിചാരം .......................................... 106
- നവമാധ്യമങ്ങൾ: ശക്തിയും സാധ്യതയും ... 109
- കൈയൊപ്പില്ലാത്ത സന്ദേശം ...................... 113


# 1
# എഴുത്തകം

സമകാലികതയെ നേരിട്ടെഴുതുകയല്ല, വേറിട്ട എഴുത്തുരീതികൾ പരീക്ഷിക്കുകയാണ് സാഹിത്യത്തിൽ അഭികാമ്യം. അതിരുകളില്ലാത്ത അനുഭവങ്ങളെ സൗന്ദര്യാത്മകമായ ആഖ്യാനരീതിയിൽ അവതരിപ്പിക്കുമ്പോഴാണ് സർഗാത്മക സാഹിത്യം പിറവിയെടുക്കുക. മാതൃഭാഷയിലൂടെയാവുമ്പോൾ സംവേദനം കൂടുതൽ ശക്തമാവുന്നു. മലയാളത്തിന്റെ പ്രൗഢിയും സർഗാത്മകതയും അനാവരണം ചെയ്യുന്ന യൂണിറ്റാണ് ഇത്. സാഹിത്യകൃതികളുടെ ധ്വനിപാഠങ്ങളിലേക്കുള്ള സർഗസഞ്ചാരമാണിവിടെ ലക്ഷ്യംവയ്ക്കുന്നത്. നമ്മുടെ സാഹിത്യത്തിലെ നാഴികക്കല്ലുകളായ കൃതികളെ സൗന്ദര്യാസ്വാദനത്തിനും മൂല്യവിചാരത്തിനും ഊന്നൽ നൽകി പരിചയപ്പെടുത്തുകയാണ്. എഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ടിലെ ശകുന്തളോപാഖ്യാനത്തിൽനിന്ന് എടുത്ത വരികളും ഗബ്രിയേൽ ഗാർസിയ മാർകെസിന്റെ 'പ്രകാശം ജലംപോലെയാണ്' (ചന്ദ്രമതിയുടെ വിവർത്തനം), പി. പത്മരാജന്റെ 'അവകാശങ്ങളുടെ പ്രശ്നം' എന്നീ കഥകളും കടമ്മനിട്ട രാമകൃഷ്ണന്റെ 'കിരാതവൃത്തം' എന്ന കവിതയുമാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മലയാളകാവ്യഭാഷയുടെ ആരംഭദശയിലെ ശക്തിസൗന്ദര്യങ്ങൾ 'എഴുത്തകം' ചർച്ചചെയ്യുന്നു. ലോകക്ലാസിക് രചനയുടെ പരിഭാഷയോടൊപ്പം തലയെടുപ്പുള്ള മലയാളചെറുകഥയും വിശകലനവിധേയമാക്കുന്നു. നാടോടികാവ്യപാരമ്പര്യത്തിന്റെ ബലിഷ്ഠഭൂമികയിൽ പടുത്തുയർത്തിയ മലയാളകവിതയുടെ മുഖവും ഇവിടെ ദർശിക്കാം. അറിവിന്റെയും അനുഭൂതിയുടെയും ശരിയായ ആവിഷ്കാരമാധ്യമം മാതൃഭാഷയാണെന്ന അവബോധം സൃഷ്ടിക്കാനും ഈ യൂണിറ്റ് സഹായകമാവും.



## പഠനനേട്ടങ്ങൾ

- മാതൃഭാഷയിലെയും ഇതരഭാഷകളിലെയും നാഴികക്കല്ലുകളായ കൃതികളിലെ ആശയങ്ങൾ പരിചയപ്പെട്ട് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.
- വിവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർദിഷ്ട രചനകൾ വിവർത്തനം ചെയ്യാനുള്ള ശേഷി നേടുന്നു.
- വിവർത്തിതകൃതികളിലെ സാമൂഹികാന്തരീക്ഷം, കഥാപാത്രങ്ങളുടെ മാനസികഭാവങ്ങൾ എന്നിവ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.
- മാതൃഭാഷയോടും സംസ്കാരത്തോടും മതിപ്പും മമതയും പ്രതിഫലിപ്പിക്കുന്ന രചനകളിലേർപ്പെടുന്നു.
- കവിതകളിലെ അവതരണസാധ്യതകൾ കണ്ടെത്തി ഉചിതമായി പ്രയോഗിക്കുന്നു.
- കവിതകളിലെ സാമൂഹിക- സാംസ്കാരികതലങ്ങൾ വിശകലനം ചെയ്ത് സ്വതന്ത്ര നിരീക്ഷണങ്ങൾ കൂടി ഉൾപ്പെടുത്തി നിരൂപണങ്ങൾ, ആസ്വാദനക്കുറിപ്പുകൾ എന്നിവ തയാറാക്കുന്നു.
- കവിതകളിലെ ഭിന്നങ്ങളായ രചനാരീതികൾ അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.
- കഥാരചനാസങ്കേതങ്ങൾ മനസ്സിലാക്കി പഠനക്കുറിപ്പുകൾ തയാറാക്കുന്നു.
- എല്ലാ വൈജ്ഞാനികമേഖലകളും ഉൾക്കൊള്ളാൻ മലയാളത്തിനു കഴിയും എന്ന ധാരണ രൂപീകരിച്ച് സെമിനാർപ്രബന്ധം/പ്രഭാഷണം തയാറാക്കുന്നു.
- ഭാഷാപദങ്ങളിലെ വ്യാകരണസവിശേഷതകൾ തിരിച്ചറിഞ്ഞ് സമാനപദങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.



ലളിതമായ വേഷമായിരുന്നു മലയാളം മുൻഷിയുടേത്. പക്ഷേ, പറഞ്ഞുതുടങ്ങിയാൽ എല്ലാം മാന്ത്രികമാകും.


പദച്ഛേദം, പദാർഥം, വാച്യാർഥം, ധ്വനി, ഭാവം... ഇങ്ങനെ പഠിപ്പിക്കുമ്പോൾ ഒരു കാര്യത്തിന് അനേകം തലങ്ങളുണ്ടാകാം എന്ന വലിയ അറിവാണ് അവിടെനിന്നു കിട്ടിയത്. ഒരുപക്ഷേ എന്റെ ജീവിതത്തിലെ ഏറ്റവും നല്ല പഠനം അതായിരിക്കണം. ഫിസിക്സിലെ പുതിയ കണ്ടുപിടിത്തങ്ങളിലേക്ക് എന്നെ പ്രചോദിപ്പിച്ചത് അന്നത്തെ മലയാളം ക്ലാസുകളായിരുന്നു.

**– ഇ.സി.ജി. സുദർശൻ**

- പുതിയ ആശയങ്ങളുടെ രൂപീകരണത്തിനും സർഗാത്മകമായ കണ്ടെത്തലുകൾക്കും മാതൃഭാഷാപഠനം എങ്ങനെ സഹായിക്കുന്നുവെന്ന് ഈ അഭിപ്രായം മുൻനിർത്തി ചർച്ചചെയ്യുക.

# കണ്ണാടി കാൺമോളവും

എഴുത്തച്ഛൻ



ഗാന്ധർവവിധിപ്രകാരം തന്നെ വിവാഹം ചെയ്ത ദുഷ്ഷന്തന്റെ കൊട്ടാരത്തിലേക്ക് ശകുന്തള പുത്രനോടൊപ്പം എത്തിച്ചേരുന്നു. ദുഷ്ഷന്തൻ ശകുന്തളയുമായുള്ള പൂർവബന്ധം മറന്നുപോയതിനാൽ അവളെ കെട്ടവളെന്നു കരുതി ആക്ഷേപിക്കുന്നു. ആത്മാഭിമാനത്തിനു മുറിവേറ്റ ശകുന്തള തന്റെ വ്യക്തിത്വം നിലനിർത്താൻ നടത്തുന്ന ശ്രമമാണ് കാവ്യഭാഗത്തുള്ളത്.

"ധാർഷ്ട്യമെത്രയും പാരമുണ്ടു നാരികൾക്കെന്നു
കേട്ടുകേളിയേയുള്ളൂ കണ്ടിട്ടില്ലേവം മുന്നം.

കുലടയായ നീ വന്നെന്നോടു കുലീനയെ-
ന്നലസാലാപം ചെയ്തതഖിലമലമലം.

സുവർണമണി മുക്താഭരണവസ്ത്രാദിക-
ളുവന്നു തരുവൻ ഞാൻ നിനക്കു വേണ്ടുവോളം.

പിന്നെ നീ നിനക്കൊത്ത ദിക്കിനു പൊയ്ക്കൊള്ളണം,
നിന്നിനിക്കാലം കളഞ്ഞീടായ്ക വെറുതെ നീ.

കോകിലനാരിപോലെ നീ പരഭൃതയല്ലോ,
പോക വൈകാതെ നിന്നെക്കാൺകയിലിച്ഛയില്ല."

* * * *

സുന്ദരി ശകുന്തള പിന്നെയുമുരചെയ്താൾ
നിന്ദാവാണികൾ കേട്ടു മന്ദാക്ഷഭാവത്തോടും:

"കടുകിന്മണിമാത്രമുള്ളോരു പരദോഷ-
മുടനെ കാണുന്നു നീ, നിന്നുടെ ദോഷം പിന്നെ

കണ്ടാലും ഗജമാത്രം കാണുന്നീലേതു, മതു
പണ്ഡിതന്മാർക്കുപോലുമുള്ളൊരു ശീലമത്രേ.

നിന്നുടെ ജന്മത്തേക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം,
മന്നിടത്തിങ്കലെന്നി നിനക്കു ചരിക്കാമോ?

മേദിനിയിലും പുനരന്തരീക്ഷത്തിങ്കലും
ഭേദമെന്നിയേ നടന്നീടാമിന്നെനിക്കെടോ!

ഭേദവും നമ്മിലെത്ര പാരമുണ്ടോർക്കുന്നേരം
ചേതസി വിചാരിക്ക ഭൂപതിതിലകമേ!

മേരുവും കടുകുമുള്ളന്തരമുണ്ടു നമ്മിൽ,
സാരജ്ഞനല്ലോട്ടുമോർത്തോളം ധാത്രീശ! ഭവാൻ.

കണ്ണാടി കാൺമോളവും തന്നുടെ മുഖമേറ്റം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപൻമാർ.

മറ്റുള്ള ജനങ്ങൾക്കു കുറ്റങ്ങൾ പറഞ്ഞീടും,
മുറ്റും തന്നുടെ കുറ്റമൊന്നറികയുമില്ല.

കുറ്റമില്ലാത ജനം കുറ്റമുള്ളവരേയും
ചെറ്റു നിന്ദിക്കയില്ല തമ്മുടെ ഗുണങ്ങളാൽ.

മത്തേഭം പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ
നിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും.

സജ്ജന നിന്ദകൊണ്ടേ ദുർജ്ജനം സന്തോഷിപ്പൂ,
സജ്ജനത്തിനു നിന്ദയില്ല ദുർജ്ജനത്തേയും.

സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ
ക്രുദ്ധനാം സർപ്പത്തെക്കാളേറ്റവും പേടിക്കേണം.

മൂർഖനാമവനോടു പണ്ഡിതൻ ശുഭാശുഭ-
മാഖ്യാനം ചെയ്താൽ മൂർഖനശുഭം ഗ്രഹിച്ചീടും.

നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും
വെള്ളത്തെ വെടിഞ്ഞു പാലന്നമെന്നതുപോലെ.”

എന്നെല്ലാം ശകുന്തള പറഞ്ഞോരനന്തരം
വിണ്ണിൽനിന്നശരീരിതന്നുടെ വാക്യം കേട്ടു:

“ഭരിച്ചുകൊൾക തവ പുത്രനെ വൈകാത നീ
സുരസ്ത്രീസമയായ കൗശികപുത്രിയോടും.”

ഭരതനെന്ന നാമമതിനാലന്നു വാനോർ
ധരണീപതിയോടു ചൊന്നതു കേട്ടമൂലം

കല്യാണഘോഷത്തോടും കൈക്കൊണ്ടു, ശകുന്തള
വല്ലഭനോടുംകൂടി സന്തോഷം പ്രാപിച്ചപ്പോൾ.

(മഹാഭാരതം കിളിപ്പാട്ട് - സംഭവപർവം)

- “നിന്നുടെ ജന്മത്തേക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം” എന്ന് ശകുന്തള പറയാനിടയായ സാഹചര്യമെന്തെന്ന് കണ്ടെത്തി കുറിപ്പ് തയാറാക്കുക.

- “വിണ്ണിൽനിന്നശരീരിതന്നുടെ വാക്യം കേട്ടു” -
ഈ അശരീരിവാക്യം കാവ്യഗതിയെ മാറ്റിയതെങ്ങനെയെന്ന് ഒരു ലഘുവിവരണം എഴുതുക.

- “അരുതെന്തയി! വീണ്ടുമെത്തി ഞാൻ
തിരുമുമ്പിൽ തെളിവേകി ദേവിയായ്
മരുവീടണമെന്നു മന്നവൻ
കരുതുന്നോ? ശരി! പാവയോയിവൾ?”
*(ചിന്താവിഷ്ടയായ സീത- കുമാരനാശാൻ)*

ആശാന്റെ സീതയുടെയും എഴുത്തച്ഛന്റെ ശകുന്തളയുടെയും സ്വഭാവത്തിൽ പ്രകടമാവുന്ന സമാനതകൾ കണ്ടെത്തി വിലയിരുത്തൽക്കുറിപ്പ് തയാറാക്കുക.

- എഴുത്തച്ഛൻകൃതികളിലെ ലോകോക്തികൾ ശേഖരിച്ച് അവയിലെ ആശയം വികസിപ്പിച്ച് പ്രഭാഷണം തയാറാക്കി അവതരിപ്പിക്കുക.

"കാവ്യഭാഷയുടെ കരുത്തിനും കാന്തിക്കും നിദർശനമാണ് ശകുന്തളോപാഖ്യാനത്തിലെ വരികൾ" *('എഴുത്തച്ഛൻ' - ഒ. എൻ.വി.)*

ഒ.എൻ.വിയുടെ നിരീക്ഷണത്തെ താഴെപ്പറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അപഗ്രഥനക്കുറിപ്പ് തയാറാക്കുക.

- സംസ്കാരമുദ്ര പതിഞ്ഞ നാട്ടുമലയാളപദങ്ങൾ.
- സമകാലികമലയാളത്തോട് അടുത്തുനിൽക്കുന്ന ഭാഷാപ്രയോഗങ്ങൾ.
- സൗന്ദര്യാനുഭൂതിയുണർത്തുന്ന പദങ്ങൾ, പ്രയോഗങ്ങൾ.
- വാമൊഴിയിലും വരമൊഴിയിലും ഇരിപ്പുറപ്പിച്ചിട്ടുള്ള ചൊല്ലുകൾ.

"കണ്ണാടി കാൺമോളവും തന്നുടെ മുഖമേറ്റം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപൻമാർ."

ഈ വരികളിലെ ആശയത്തെ അടിസ്ഥാനമാക്കി റേഡിയോ പ്രക്ഷേപണത്തിനായി ഒരു 'സുഭാഷിതം' രചിക്കുക.



വഴിയിൽ അവശനായിക്കിടന്നിരുന്ന അഗതിയായ ഒരു വൃദ്ധനെ ആശുപത്രിയിലേക്ക് കൂട്ടിക്കൊണ്ടുവന്ന ഒരു ജസ്യൂട്ട് പുരോഹിതനുണ്ട്. കോഴിക്കോട്ടുള്ള ഒരു ഹോസ്പിറ്റലിൽ ഞാൻ അന്ന് നഴ്സിങ് പരിചയിക്കുകയാണ്. പോസിറ്റീവ് ടി.ബി. ആയിരുന്ന, അവശനിലയിലായിരുന്ന ആ വൃദ്ധനെ കാറിൽ കയറ്റിക്കൊണ്ടുവരുകയായിരുന്നു.

'ആമ സാർ, അല്ല സാർ' എന്നും പേരു ചോദിച്ചാൽ 'ജോർജ് സാർ' എന്നുമുള്ള മൂന്നു വാക്കുകളേ, ആരെങ്കിലും നിർബന്ധിക്കുമ്പോൾ അയാൾ സംസാരിക്കുമായിരുന്നുള്ളൂ. കടുത്ത ചുമയുണ്ട്. തുപ്പുന്നത് കഫമാണ്. അയാളുടെ അവസ്ഥ കണ്ട് ആശുപത്രിയിലെല്ലാവരും മുറുമുറുപ്പ് തുടങ്ങി. ആശുപത്രി അധികൃതർ ആ ഫാദറിനെ കണ്ട് പറഞ്ഞു: 'ഫാദർ, ഞങ്ങൾക്ക് ആവശ്യത്തിന് സ്റ്റാഫില്ല. നിലവിലുള്ള പേഷ്യൻസിനെപ്പോലും നോക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്.'

'എന്നാൽ ഞാൻ അയാളെ വണ്ടിയിൽ കയറ്റി കിടന്നിരുന്ന സ്ഥലത്തുതന്നെ കൊണ്ടുപോയിടട്ടെ?' നല്ലവനായ ആ പുരോഹിതൻ ചോദിച്ചു. ഇതുകേട്ട് ഞാൻ പറഞ്ഞു: 'അയാളെ ഞാൻ നോക്കിക്കോളാം ഫാദർ.' അങ്ങനെ എന്റെ ചുമതലയിൽ ആ വൃദ്ധനെ അവിടെത്തന്നെ അഡ്മിറ്റ് ചെയ്തു.

(പച്ചവിരൽ -ദയാബായ്)

“നല്ലനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും.”


എഴുത്തച്ഛന്റെ ഈ വരിയിൽ പ്രതിഫലിക്കുന്ന ആശയത്തെ സാമൂഹികപ്രവർത്തകയായ ദയാബായിയുടെ ജീവിതാനുഭവവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുക. ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിൽ എത്രത്തോളം നിങ്ങൾക്ക് ഇടപെടാനാകും?

“ദൈവമേ, കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ,
നാവികൻ നീ ഭവാബ്ധിയ്ക്കൊ-
രാവിവൻതോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണിത്തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.”

*(ദൈവദശകം- ശ്രീനാരായണഗുരു)*



“പ്രപഞ്ചത്തിന്റെ സത്യമെന്തെന്ന് ജിജ്ഞാസുവിന് ബോധ്യപ്പെടുത്തിക്കൊടുക്കുന്ന ഒരു വിശ്വപ്രാർഥനയാണ് ദൈവദശകം.”

-ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മുകളിലെ കാവ്യഭാഗം വ്യാഖ്യാനിച്ച് കുറിപ്പ് തയാറാക്കുക.

# പ്രകാശം ജലം പോലെയാണ്

## ഗബ്രിയേൽ ഗാർസിയ മാർക്വെസ്

രണ്ടു കുട്ടികളും കൂടി ക്രിസ്തുമസ് ആയപ്പോൾ തുഴവള്ളം വേണമെന്ന ആവശ്യം വീണ്ടും ഉന്നയിച്ചു.

"ശരി" -പപ്പാ പറഞ്ഞു.' 'കാട്ജിനെയിൽ മടങ്ങിച്ചെല്ലുമ്പോൾ നമുക്കതു വാങ്ങാം". കാട്ജിനെ അവർ താമസിച്ചിരുന്ന തുറമുഖനഗരമാണ്; കടലും കപ്പലും വള്ളങ്ങളും ധാരാളമുള്ള സ്ഥലം.

ഒമ്പതു വയസ്സായ ടോട്ടോയും ഏഴു വയസ്സുകാരൻ ജോവലും അച്ഛനമ്മമാർ കരുതിയതിനെക്കാൾ നിശ്ചയദാർഢ്യമുള്ളവരായിരുന്നു.

"പറ്റില്ല" - അവർ ഒറ്റസ്വരത്തിൽ പറഞ്ഞു: "ഞങ്ങൾക്കത് ഇപ്പോൾ ഇവിടെ വേണം."

പക്ഷേ, അവരുടെ അമ്മ പറഞ്ഞു: "വള്ളം തുഴയാൻ ഇവിടെ ആകെയുള്ള വെള്ളം ഷവറിൽനിന്നു വരുന്നതല്ലേയുള്ളൂ."

അവരും ഭർത്താവും പറഞ്ഞതു ശരിയാണ്. കാട്ജിനെ ഇന്ത്യാസിലെ അവരുടെ വീടിന് ഒരു മുറ്റവും ഉൾക്കടലിനോടുചേർന്ന് ബോട്ടുകളടുപ്പിക്കാനുള്ള സ്ഥലവും ഉണ്ടായിരുന്നു. കൂടാതെ രണ്ടു വലിയ വള്ളങ്ങൾ വയ്ക്കാവുന്ന ഒരു ഷെഡ്ഡും. ഇപ്പോൾ അവർ

താമസിക്കുന്ന മാഡ്രിഡ് എന്ന യൂറോപ്യൻപരിഷ്കൃതനഗരത്തിൽ ഇതൊന്നുമില്ല. ഒരു വലിയ ഫ്ളാറ്റ്സമുച്ചയത്തിലെ അഞ്ചാംനിലയിലുള്ള ഒരു അപാർട്ട്മെന്റിലാണ് അവർ തിങ്ങിക്കൂടിക്കഴിയുന്നത്. എങ്കിലും രണ്ടു പേർക്കും ഒടുവിൽ കുട്ടികളുടെ ആവശ്യം നിരസിക്കാനാവാതെ വന്നു. കാരണം, എലിമെന്ററി സ്കൂളിൽ മികവു പുലർത്തി സമ്മാനം വാങ്ങിയാൽ *സെക്സ്റ്റന്റും കോമ്പസും ഉള്ള ഒരു തുഴവള്ളം വാങ്ങിക്കൊടുക്കാമെന്നവർ വാഗ്ദാനം ചെയ്തിട്ടുണ്ട്. കുട്ടികൾ സ്കൂളിൽനിന്ന് ആ സമ്മാനം വാങ്ങിയതുകൊണ്ടു പപ്പ അവർക്ക് തുഴവള്ളം വാങ്ങിക്കൊടുക്കുക തന്നെ ചെയ്തു. ഭാര്യയോട് അയാൾ ഒന്നും പറഞ്ഞില്ല. ചൂതാട്ടം മൂലം വന്നുചേർന്ന കടം കൊടുത്തുതീർക്കാൻ അയാളെക്കാൾ വിഷമം അവർക്കായിരുന്നു.

ഭംഗിയുള്ള ഒരു അലുമിനിയം വള്ളമാണ് അയാൾ വാങ്ങിയത്; വെള്ളത്തെ സ്പർശിക്കുന്നിടത്ത് സ്വർണവരകളുള്ളത്.

''കാറിടുന്നിടത്താണ് വള്ളം വച്ചിട്ടുള്ളത്'', ഊണുസമയത്ത് പപ്പാ പറഞ്ഞു: ''അത് എലിവേറ്റർ വഴിയോ ഏണിപ്പടികൾ വഴിയോ മുകളിലേക്കു കൊണ്ടുവരാനാവില്ല. കാർ ഇടുന്നിടത്ത് ഇപ്പോൾ ഒട്ടും സ്ഥലവുമില്ല."

എന്നാൽ, അടുത്ത ശനിയാഴ്ച ഉച്ചയ്ക്ക് കുട്ടികൾ തങ്ങളുടെ സഹപാഠികളെ ക്ഷണിച്ചു കൊണ്ടുവന്ന് അവരുടെ സഹായത്തോടെ വള്ളത്തെ ഏണിപ്പടികൾ വഴി അപാർട്ട്മെന്റിലേക്ക് എത്തിച്ചു. അത് ജോലിക്കാരിക്കായുള്ള മുറിയിലേക്ക് എടുത്തു വയ്ക്കാനും അവർക്കു കഴിഞ്ഞു.



‘‘കൊള്ളാം, അഭിനന്ദനങ്ങൾ’’ - പപ്പാ പറഞ്ഞു, ‘‘ഇനി എന്താണ്?’’

“ഇനി ഒന്നുമില്ല” - കുട്ടികൾ പറഞ്ഞു: “ഞങ്ങൾക്ക് വള്ളം ഈ മുറിയിൽ കൊണ്ടുവരണമെന്നേ ഉണ്ടായിരുന്നുള്ളൂ. അതു സാധിച്ചു.”

ബുധനാഴ്ച രാത്രി എല്ലാ ബുധനാഴ്ചകളിലും ചെയ്യുന്നതു പോലെ, അച്ഛനമ്മമാർ സിനിമ കാണാൻ പോയി. വീടിന്റെ സർവാധികാരികളായി മാറിയ കുട്ടികൾ എല്ലാ കതകുകളും ജനലുകളും അടച്ചിട്ട് സ്വീകരണമുറിയിലെ വിളക്കുകളിൽ ഏറ്റവും പ്രകാശമുള്ള ഒരെണ്ണം പൊട്ടിച്ചു. പൊട്ടിയ ബൾബിൽനിന്ന് തണുത്ത വെള്ളത്തിന്റെ കുത്തൊഴുക്കുപോലെ സ്വർണപ്രകാശം കുതിച്ചുചാടി പുറത്തേക്കൊഴുകാൻ തുടങ്ങി. നിലത്തുനിന്ന് മൂന്നടിയോളം ഉയരത്തിൽ പ്രകാശം തളംകെട്ടുന്നതു വരെ അവർ നോക്കി നിന്നു. പിന്നെ അവർ കറന്റ് വിച്ഛേദിച്ചിട്ട് തുഴവള്ളം വെളിയിലെടുത്ത് വീട്ടിനുള്ളിലെ എല്ലാ ദ്വീപുകളിലേക്കും ഇഷ്ടം പോലെ സഞ്ചരിച്ചു.

അതിശയകരമായ ഈ സാഹസത്തിനു കാരണം എന്റെ ബാലിശമായ ഒരു പ്രസ്താവനയാണ്. ‘വീട്ടുപകരണങ്ങളിലെ കവിത’ എന്ന ഒരു ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു ഞാൻ. ടോട്ടോ എന്നോട് സ്വിച്ചിൽ ഒന്നു തൊടുമ്പോൾ എന്തുകൊണ്ടാണ് പ്രകാശം വരുന്നത് എന്നു ചോദിച്ചു. അതിനെക്കുറിച്ച് രണ്ടുതവണ ചിന്തിക്കാനുള്ള ധൈര്യം എനിക്കുണ്ടായില്ല.

“പ്രകാശം ജലം പോലെയാണ്,” ഞാൻ പറഞ്ഞു: “ടാപ്പ് തുറന്നാൽ മതി, കുതിച്ചൊഴുകും.” അങ്ങനെ എല്ലാ ബുധനാഴ്ച രാത്രികളിലും അവർ പ്രകാശം തുറന്നുവിട്ട് വള്ളം തുഴയുന്നതു തുടർന്നു. സെക്സ്റ്റന്റും കോമ്പസും ഉപയോഗിക്കാൻ പഠിച്ചു. സിനിമ കഴിഞ്ഞ് അച്ഛനമ്മമാർ വരുവോളം അവരതു ചെയ്തു. മടങ്ങിയെത്തുന്ന അച്ഛനമ്മമാർ കാണുന്നത് ഉണങ്ങിയ തറയിൽ മാലാഖമാരെപ്പോലെ ഉറങ്ങിക്കിടക്കുന്ന മക്കളെയാണ്.

മാസങ്ങൾ കഴിഞ്ഞപ്പോൾ സാഹസത്തെ കുറച്ചുകൂടി മുന്നോട്ടു കൊണ്ടുപോകാനായി കുട്ടികൾ മുങ്ങൽപരീക്ഷണത്തിനുള്ള സാമഗ്രികൾ വാങ്ങിത്തരാൻ ആവശ്യപ്പെട്ടു. മുഖംമൂടികൾ, കുഞ്ഞിച്ചിറകുകൾ, വായുനിറച്ച തോക്കുകൾ.

* *സെക്സ്റ്റന്റ്, കോമ്പസ് : സമുദ്രയാത്രയാത്രയ്ക്ക് സഹായിക്കുന്ന ഉപകരണങ്ങൾ. വസ്തുക്കൾ തമ്മിലുള്ള അകലം കൃത്യമായി നിർണയിക്കാനുള്ള ഉപകരണമാണ് സെക്സ്റ്റന്റ്. കോമ്പസ് ദിശ കണ്ടുപിടിക്കാൻ സഹായിക്കുന്നു.*

"ഇതുവരെ ഉപയോഗിക്കാൻ പോലും കഴിയാത്ത ഒരു തുഴവള്ളം കൊണ്ടുവന്ന് ജോലിക്കാരിക്കുള്ള മുറിയിൽ സ്ഥാപിച്ചതു പോരേ?" പപ്പാ ചോദിച്ചു: "ഇനി ആഴങ്ങളിൽ മുങ്ങാനുള്ള ഉപകരണങ്ങളും കൂടിയേ വേണ്ടൂ!"

"ഒന്നാം സെമസ്റ്ററിൽ ഞങ്ങൾ ഏറ്റവും നല്ല വിദ്യാർഥിക്കുള്ള സമ്മാനം വാങ്ങാം; എന്നാലോ?" ജോവൽ ചോദിച്ചു.

"അയ്യോ, വേണ്ട"- അമ്മ ഭയത്തോടെ പറഞ്ഞു: "വാങ്ങിച്ച സമ്മാനമൊക്കെ മതി."

"ചെയ്യേണ്ടതു ചെയ്തിട്ട് ഈ പിള്ളേർ ഒരാണി പോലും സമ്മാനമായി വാങ്ങില്ല"- അമ്മ പറഞ്ഞു. "എന്നാൽ എന്തെങ്കിലും വേണമെന്നവർക്കു വാശി തോന്നിയാൽ അവർ എന്തും ചെയ്യും. വേണമെങ്കിൽ ടീച്ചറുടെ കസേരപോലും അവർ നേടിയെടുക്കും."

മുങ്ങൽസാമഗ്രികൾ വാങ്ങിക്കൊടുക്കാമെന്നോ ഇല്ലെന്നോ അച്ഛനമ്മമാർ പറഞ്ഞിട്ടില്ല. പക്ഷേ, ജൂലൈ മാസത്തിൽ ടോട്ടോയും ജോവലും ഏറ്റവും നല്ല വിദ്യാർഥികൾക്കുള്ള സമ്മാനങ്ങൾ കരസ്ഥമാക്കുകയും ഹെഡ്മാസ്റ്ററിൽനിന്ന് തുറന്ന അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തു. അന്നുച്ചയ്ക്ക്, ഒന്നും ചോദിക്കാതെതന്നെ അവർ കണ്ടു, തങ്ങളുടെ കിടക്കമുറിയിൽ മുങ്ങൽസാമഗ്രികളുടെ പെട്ടികൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു!

അങ്ങനെ, അടുത്ത ബുധനാഴ്ച അച്ഛനമ്മമാർ സിനിമ കാണാൻ പോയപ്പോൾ അവർ അപാർട്ട്മെന്റ് നിറയെ പന്ത്രണ്ടടി പൊക്കത്തിൽ പ്രകാശം നിറച്ചു. അവർ ഇരിപ്പിടങ്ങൾക്കും കട്ടിലിനുമൊക്കെ അടിയിൽ ഇണക്കമുള്ള സ്രാവുകളെപ്പോലെ മുങ്ങിത്തപ്പി. കളഞ്ഞുപോയ, വർഷങ്ങളായി ഇരുട്ടിലായിരുന്ന പലതിനെയും അവർ പ്രകാശത്തിന്റെ അടിത്തട്ടിൽനിന്നു കണ്ടെടുത്തു.

വർഷാവസാനത്തിൽ രണ്ടു സഹോദരൻമാരും മാതൃകാവിദ്യാർഥികളായി വാഴ്ത്തപ്പെട്ടു. പ്രവർത്തനമികവിനുള്ള സർട്ടിഫിക്കറ്റുകൾ നേടുകയും ചെയ്തു. ഇത്തവണ അവർക്ക് ഒന്നും ചോദിക്കേണ്ടി വന്നില്ല. കാരണം, എന്താണു വേണ്ടതെന്ന് അച്ഛനമ്മമാർ ഇങ്ങോട്ടു ചോദിച്ചു. എന്നാൽ ഇപ്രാവശ്യം കുട്ടികൾ വളരെ ന്യായമായ ഒരു കാര്യമേ ആവശ്യപ്പെട്ടുള്ളൂ: തങ്ങളുടെ സഹപാഠികൾക്ക് വീട്ടിൽവച്ച് ഒരു പാർട്ടി കൊടുക്കണം.

ഭാര്യയുമൊന്നിച്ചിരിക്കുമ്പോൾ പപ്പ സന്തോഷവാനായിരുന്നു. "അവർക്ക് പാകത വരുന്നതിന്റെ തെളിവാണിത്" - അയാൾ പറഞ്ഞു: "നിങ്ങളുടെ വാക്കുകൾ സത്യമാകാൻ ദൈവം അനുഗ്രഹിക്കട്ടെ" -അമ്മ പറഞ്ഞു.

അടുത്ത ബുധനാഴ്ച അച്ഛനമ്മമാർ പതിവുപോലെ സിനിമ കാണാൻ പോയപ്പോൾ ഫ്ളാറ്റ്സമുച്ചയത്തിന് വെളിയിലൂടെ നടന്നുപോകുന്ന ആൾക്കാർ ഒരു അദ്ഭുതക്കാഴ്ച കണ്ടു. മരങ്ങൾക്കിടയിൽ മറഞ്ഞുനിൽക്കുന്ന ഒരു വീട്ടിൽനിന്ന് പ്രകാശത്തിന്റെ ഒരു വെള്ളച്ചാട്ടം. അത് മട്ടുപ്പാവുകൾ നിറഞ്ഞുകവിഞ്ഞ് കെട്ടിടത്തിന്റെ മുൻവശത്തുകൂടി പെരുമഴപോലെ പെയ്തിറങ്ങി ഒരു സുവർണപ്രളയമായി തെരുവിലൂടെ ഒഴുകുന്നു. അകലെ പട്ടണം വരെയുള്ള വഴി പ്രകാശത്തിൽ മുങ്ങിക്കുളിച്ചുനിൽക്കുന്നു.

അത്യാഹിതസന്ദേശത്തിനു പിറകെ വന്ന തീ കെടുത്തലുകാർ അഞ്ചാം നിലയിലെ വാതിൽ തകർത്ത് അപാർട്ട്മെന്റിന്റെ മുകൾത്തട്ടുവരെ പ്രകാശം നിറഞ്ഞുകവിയുന്നതു കണ്ടു. സോഫയും പുലിത്തോലിൽ പൊതിഞ്ഞ ചാരുകസേരകളും സ്വീകരണമുറിയിൽ പല പൊക്കത്തിൽ ഒഴുകി നടക്കുന്നു. ഒന്നാന്തരം ഒരു പിയാനോയും കൂട്ടത്തിലൊഴു

കുന്നുണ്ടായിരുന്നു. പിയാനോയുടെ പുതപ്പ്, പരന്ന ശരീരവും വീതിച്ചിറകുമുള്ള സുവർണമത്സ്യത്തെപ്പോലെ പകുതി മുങ്ങി തത്തിപ്പറക്കുന്നുണ്ടായിരുന്നു. വീട്ടുപകരണങ്ങൾ തങ്ങളുടെ കവിതയുടെ നിറവിൽ അടുക്കളയുടെ ആകാശത്ത് സ്വന്തം ചിറകുകൾ വിടർത്തിപ്പറന്നു. നൃത്തത്തിനു വേണ്ടി കുട്ടികൾ ഉപയോഗിച്ചിരുന്ന സംഗീതോപകരണങ്ങൾ അവരുടെ അമ്മയുടെ അക്വേറിയത്തിൽനിന്നു സ്വതന്ത്രരായ വർണമത്സ്യങ്ങൾക്കൊപ്പം ഒഴുകിനടന്നു. ഉഗ്രപ്രകാശത്തിന്റെ ആ ചതുപ്പുനിലത്തിൽ ജീവനോടെ, സന്തോഷത്തോടെ അവശേഷിച്ച ഏകജീവികൾ ആ മത്സ്യങ്ങൾ മാത്രമായിരുന്നു. ബാത്ത്റൂമിൽ എല്ലാവരുടെയും ടൂത്ത്ബ്രഷുകൾ മമ്മായുടെ കൃത്രിമ പല്ലുസെറ്റിനൊപ്പം ഒഴുകിനടന്നു. പ്രധാന ഉറക്കറയിലെ ടെലിവിഷൻ സെറ്റ് വശം തിരിഞ്ഞ് ഒഴുകുമ്പോൾ ഒരു പാതിരാപ്പടത്തിന്റെ അവസാനദൃശ്യങ്ങൾ കാണിച്ചുകൊണ്ടിരുന്നു.

ഹാളിന്റെ അങ്ങേയറ്റത്തായി പ്രകാശത്തിരയിൽ ഒഴുകിക്കൊണ്ട്, തുഴ പിടിച്ചുകൊണ്ട്, കഷ്ടിച്ചു തീരമണയാൻ വേണ്ടത്ര വായുമാത്രമുള്ള മുഖംമൂടി ധരിച്ച് വള്ളത്തിന്റെ പിൻഭാഗത്ത് ടോട്ടോ ഇരുന്നു. അവൻ വിളക്കുമാടം എവിടെയെന്ന് അന്വേഷിക്കുകയായിരുന്നു; വള്ളത്തിന്റെ അമരത്തിൽ ഒഴുകിനിന്ന ജോവൽ സെക്സ്റ്റന്റിലൂടെ പടിഞ്ഞാറൻനക്ഷത്രത്തെ തിരയുകയും. വീട്ടിൽ മുഴുവനുമായി അവരുടെ മുപ്പത്തിയേഴു സഹപാഠികളും ഒഴുകിനടന്നു. ജെറാനിയംചെടിച്ചട്ടിയിൽ മൂത്രമൊഴിച്ച, സ്കൂളിലെ പാട്ടിന്റെ വരികൾ മാറ്റിപ്പാടി ഹെഡ്മാസ്റ്ററെ കളിയാക്കിയ കുട്ടികൾ ഒരേ സമയത്ത് ഒരുപാട് ലൈറ്റുകൾ പ്രകാശിപ്പിച്ചതുകൊണ്ടാണ് അപാർട്ട്മെന്റിൽ പ്രകാശത്തിന്റെ വെള്ളപ്പൊക്കമുണ്ടായത്. സ്ഥലത്തെ എലിമെന്ററി സ്കൂളിലെ രണ്ടു ക്ലാസുകളിലുള്ള കുട്ടികളും ആ വെള്ളപ്പൊക്കത്തിൽ മുങ്ങിത്താണുപോയിരുന്നു. സ്പെയ്നിൽ പൊള്ളുന്ന വേനലും മഞ്ഞും കാറ്റുമുള്ള, നദിയോ കടലോ ഇല്ലാത്ത, പ്രകാശത്തിൽ തുഴഞ്ഞു നടക്കുന്ന, ശാസ്ത്രം ഒരിക്കലും സ്വന്തമാക്കാത്ത ആളുകളുള്ള മാഡ്രിഡ് എന്ന പട്ടണത്തിലാണ് ഇതു നടന്നത്.

'Light is like water' – വിവ: ചന്ദ്രമതി (സാഹിത്യലോകം, ഒക്ടോബർ 2014)

- "കാട്ജിനെ ഇന്ത്യാസിലെ അവരുടെ വീടിന് ഒരു മുറ്റവും ഉൾക്കടലിനോടു ചേർന്ന് ബോട്ടുകളടുപ്പിക്കാനുള്ള സ്ഥലവും ഉണ്ടായിരുന്നു."

  ഇവ നഷ്ടപ്പെട്ടതിന്റെ വേദനയും അതിന്റെ വീണ്ടെടുപ്പും മാർകേസ് ആവിഷ്കരിച്ചതെങ്ങനെയെന്ന് വിശദമാക്കിയെഴുതുക.

- കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിലും ഭാവനാത്മകമായ ജീവിതം കരുപ്പിടിപ്പിക്കുന്നതിലും മുതിർന്നവർ വഹിക്കുന്ന പങ്കിനെക്കുറിച്ച് ഈ കഥയിൽ സൂചനകളുണ്ടോ?

  കഥാസന്ദർഭങ്ങൾ കണ്ടെത്തി ചർച്ചക്കുറിപ്പ് തയാറാക്കുക.

- മാജിക്കൽ റിയലിസം എന്ന രചനാസങ്കേതത്തെ 'പ്രകാശം ജലം പോലെയാണ്' എന്ന രചനയുടെ പ്രമേയാവിഷ്കാരത്തിന് മാർകേസ് പ്രയോജനപ്പെടുത്തിയതെങ്ങനെ? കഥ അപഗ്രഥിച്ച് നിരൂപണം തയാറാക്കുക.

"The woods are lovely, dark and deep
But I have promises to keep,
And miles to go before I sleep,
And miles to go before I sleep."

*('Stopping by woods on a snowy Evening' - Robert Frost)*

'മോഹനം വനം സാന്ദ്രഗഹനം നീലശ്യാമം
ഞാൻ പക്ഷേ പാലിക്കേണം ഒട്ടേറെ പ്രതിജ്ഞകൾ
പോകേണമേറെ ദൂരം വീണുറങ്ങീടുംമുന്നേ"


*(എൻ.വി. കൃഷ്ണവാരിയർ)*

"മനോഹരം മഹാവനം ഇരുണ്ടഗാധമെങ്കിലും
അനേകമുണ്ട് കാത്തിടേണ്ട മാമക പ്രതിജ്ഞകൾ.
അനക്കമറ്റു നിദ്രയിൽ ലയിപ്പതിന്നു മുൻപിലായ്
എനിക്കതീവ ദൂരമുണ്ടവിശ്രമം നടക്കുവാൻ."

*(കടമ്മനിട്ട)*

റോബർട്ട് ഫ്രോസ്റ്റിന്റെ കാവ്യഭാഗം രണ്ടു കവികൾ വിവർത്തനം ചെയ്തതാണ് മുകളിൽ കൊടുത്തിരിക്കുന്നത്. വിവർത്തനത്തിൽ ഇവർ സ്വീകരിച്ച ഭാഷാപരവും ഭാവപരവുമായ സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

വിശ്രുതചിത്രകാരൻ സാൽവദോർ ദാലിയുടെ 'The Persistence of Memory' എന്ന പെയിന്റിങ്ങാണിത്.
ചിത്രത്തിന് വ്യാഖ്യാനം തയാറാക്കുക.




- അന്യഭാഷാപദങ്ങൾ നമ്മുടേതാക്കി മാറ്റുമ്പോൾ നമ്മുടെ വ്യാകരണനിയമങ്ങളാണ് പ്രയോഗിക്കേണ്ടത്. അതുവഴി ആ പദം നമ്മുടെ ഭാഷയിലേക്കു ചേക്കേറും.

  ഉദാ: റൗണ്ട്സിന്, സൂപ്രണ്ടിന്റെ, ഹോസ്പിറ്റലിൽ, ഫിസിഷ്യനോട്, ടെൻഷനാൽ

  -പ്രചുരപ്രചാരം വന്ന ഇതുപോലുള്ള ഭാഷാപ്രയോഗങ്ങൾ കണ്ടെത്തുക.

### മാജിക്കൽ റിയലിസം (Magical realism)

മാർക്വെസിന്റെ "Chronicle of a Death Fortold" എന്ന നോവലിൽനിന്ന് ഒരു സന്ദർഭമെടുത്ത് മാജിക്കൽ റിയലിസമെന്തെന്ന് വിവരിക്കാം. ഈ നോവലിലെ ഒരു കഥാപാത്രമായ 'സാന്തിയാഗോ നാസർ' തങ്ങളുടെ പെങ്ങളെ പിഴപ്പിച്ചുവെന്ന് രണ്ടു സഹോദരങ്ങൾക്ക് ഉറപ്പാകുന്നു. അവരിലൊരുത്തൻ നാസറുടെ കൈകളിലൊന്നിലേക്ക് കത്തി താഴ്ത്തുന്നു. ചോര ലേശവും പുറത്തു വരുന്നില്ല. പിന്നീട് കത്തികൊണ്ട് വയറ്റിൽ കുത്തുന്നു. നാസറിന്റെ കുടൽമാല പുറത്തെത്തുന്നു. എന്നാൽ അയാൾ കുടലിൽ പറ്റിയ അഴുക്ക് തുടച്ചുമാറ്റുന്നതായി നോവലിൽ കാണുന്നു. ഇതൊരു അദ്ഭുതകഥയായി നമുക്കു തോന്നാം. എന്നാൽ മാർക്വെസിന്റെ കഥയ്ക്കകത്ത് ഒരു യാഥാർഥ്യമൊളിഞ്ഞിരിപ്പുണ്ട്. സാന്തിയാഗോ നാസർ ആരെയും പിഴപ്പിച്ചിട്ടില്ല എന്നതാണത്. അയാൾ നിരപരാധിയാണ്. ഈ നിരപരാധിത്വം എന്ന യാഥാർഥ്യം അവതരിപ്പിക്കുന്നതിനാണ് കത്തി കയറിയപ്പോൾ ചോര വന്നില്ലെന്നും കുടലിലെ അഴുക്ക് തുടച്ചുമാറ്റിയെന്നും പറഞ്ഞത്. ഒറ്റനോട്ടത്തിൽ ഈ രണ്ടു കാര്യങ്ങളിലും അദ്ഭുതവും മാന്ത്രികതയുമുണ്ട്. ഈ മാന്ത്രികമായ അവതരണം യാഥാർഥ്യത്തെ കൂടുതൽ മിഴിവോടെ ആവിഷ്കരിക്കാനുള്ള ഒരുപാധിയായി മാറുകയാണ്. അസംഭവ്യമാണിതെല്ലാമെന്ന് നമുക്കറിയാം. പക്ഷേ, ഇവയെല്ലാം സ്വാഭാവികമായി സംഭവിച്ചതായി മാർക്വെസ് അവതരിപ്പിക്കുന്നു. നിത്യജീവിതത്തിലെ യഥാർഥ വ്യക്തികളും സംഭവങ്ങളുമാണിവിടെ പ്രമേയം. എന്നാൽ അവതരണത്തിലാണ് അവ മാന്ത്രികതയിലേക്ക് അനായാസം നീങ്ങുന്നത്.




# കി രാ ത വൃ ത്തം

കടമ്മനിട്ട രാമകൃഷ്ണൻ

ഈറ്റപ്പുലി നോറ്റു കിടക്കും
ഈറൻകണ്ണു തുറന്നും
കരിമൂർഖൻ വാലിൽ കിളരും
പുരികം പാതി വളച്ചും
നീറായ വനത്തിൻ നടുവിൽ
നിൽപ്പൂ കാട്ടാളൻ.......
നെഞ്ചത്തൊരു പന്തം കുത്തി
നിൽപ്പൂ കാട്ടാളൻ.......
ആകാശത്തച്ഛൻ ചത്തു-
കിടപ്പതു കണ്ടു നടുങ്ങി
മലയോരത്തമ്മയിരുന്നു
ദഹിപ്പതു കണ്ടു കലങ്ങി
മുല പാതി മുറിഞ്ഞവളാറ്റിൻ-
കരയിൽ കനലായി വിളിച്ചു

കനലിൻ വിളി ചാട്ടുളിയായി
കരളിൽ ചെന്നാഞ്ഞുതറച്ചു
കണയേറ്റ കരിമ്പുലിപോലെ
ഉരുൾപൊട്ടിയ മാമലപോലെ
ഉലകാകെയുലയ്ക്കുംമട്ടിൽ
അലറീ കാട്ടാളൻ..........
അലകടലിൻ വേരുപറിക്കാൻ
കുതറീ കാട്ടാളൻ.........
ഒരു നിമിഷം തേങ്ങിക്കരയും
വേഴാമ്പൽപ്പക്ഷികണക്കെ
മഴനീരിനു മാനം നോക്കി -
യിരുന്നൂ കാട്ടാളൻ........
മാനത്തിനു മൗനം, ഭ്രാന്ത-
സ്നേഹത്തിനു ദാഹം പെരുകി
മാന്തോപ്പുകളുരുകും മണ്ണി -
ലിരുന്നൂ കാട്ടാളൻ.........
കരിമേഘം ചത്തുകിടക്കും
കാകോളക്കടലോ മാനം?
കരിമരണം കാവലിരിക്കും
കടുനോവിൻ കോട്ടയിലോ ഞാൻ?
എവിടെന്റെ കിനാക്കൾ വിതച്ചോ-
രിടിമിന്നലു പൂക്കും മാനം
എവിടെന്റെ തുളസിക്കാടുകൾ, ഈറൻമുടി
കോതിയ സന്ധ്യകൾ?
പച്ചപ്പെ ചാടിനടക്കും
മുത്തങ്ങാപ്പുല്ലുകളെവിടെ?
കറുകപ്പുൽത്തുമ്പത്തമ്പിളി
കളമെഴുതിപ്പാടിയ രാവുകൾ
കാറ്റിന്റെ ചിലങ്കകൾ കെട്ടി
കാട്ടാറിൻ തരിവള മുട്ടി
കാടത്തികൾ ചോലമരത്തിൻ-
ചോട്ടിൽ ചുവടൊത്തു കളിക്കെ,
കരിവീട്ടിക്കാതൽ പിണഞ്ഞും
കൺപീലിക്കാടു വിടർന്നും
കവിളത്തഴകേഴു വളഞ്ഞും
പൂഞ്ചായൽ കെട്ടുകളൂർന്നും
ഉടലിളകിയരക്കെട്ടിളകി



മുലയിളകിക്കാർമുടി ചിതറി
കാടത്തികൾ ചോലമരത്തിൻ-
ചോട്ടിൽ ചുവടൊത്തു കളിക്കെ,
മുളനാഴി നിറച്ച പഴഞ്ചാ-
റൊരു മോന്തിനു ലഹരിപിടിച്ചാ-
മാഞ്ചോട്ടിൽ താളം കൊട്ടി
തലയാട്ടിയ ഞാനിന്നെവിടെ?
എവിടെപ്പോയെന്റെ ദിനങ്ങൾ?
എവിടെപ്പോയെന്റെ കിടാങ്ങൾ?
തേൻകൂടുകൾ തേടിപ്പോയോ -
രാൺകുട്ടികളെന്റെ കിടാങ്ങൾ
പൂക്കൂട നിറയ്ക്കാൻ പോയോ-
രെൻ കുട്ടികൾ പെൺപൈതങ്ങൾ.
അമ്മിഞ്ഞച്ചുണ്ടത്തൊട്ടിയൊ-
രാമ്പൽപ്പൂമൊട്ടുകളെവിടെ?
തളിരെല്ലുകൾ കരിയും മണമോ
തറയുന്നു നാഡികളിൽ?
മലരുരുകിയൊലിക്കും നിറമോ
നിറയുന്നു ദിക്കുകളിൽ?
ഈറ്റപ്പുലി മുരളും കണ്ണിൽ
ഊറിയടർന്നൊരു തീത്തുള്ളി
കാട്ടാളൻ കരളിൽ നുറുങ്ങിയ
നട്ടെല്ലു നിവർന്നെഴുന്നേറ്റു
ചുരമാന്തിയെഴുന്ന കരുത്തിൻ
തിരമാലകൾ ചീറിയലച്ചു
“വേട്ടക്കാരവരുടെ കൈയുകൾ
വെട്ടും ഞാൻ കൽമഴുവോങ്ങി
മലതീണ്ടിയശുദ്ധം ചെയ്തവർ
തലയില്ലാതൊഴുകണമാറ്റിൽ
മരമൊക്കെയരിഞ്ഞവരെന്നുടെ
കുലമൊക്കെ മുടിച്ചവരവരുടെ
കുടൽമാലകൾകൊണ്ടു ജഗത്തിൽ
നിറമാലകൾ തൂക്കും ഞാൻ.
കുരലൂരിയെടുക്കും ഞാനാ-
ക്കുഴലൂതി വിളിക്കും വീണ്ടും
മത്താടി മയങ്ങിയ ശക്തികൾ
എത്തും ഞാൻ വില്ലുകുലയ്ക്കും
കുലവില്ലിനു പ്രാണഞരമ്പുകൾ
പിരിയേറ്റിയ ഞാണേറ്റും ഞാൻ
ഇടിമിന്നലൊടിച്ചമ്പഗ്നി -
ത്തിരയായക്കരിമുകിലിൽ ചെ-
ന്നുരയും പൊരി പേമഴയായി -
പ്പൊഴിയും പൊടിവേരുകളായി-
പ്പടരും മുള പൊട്ടിവിളിക്കും
കിരണം .........
ഒരു സൂര്യനുദിക്കും
നിഴലായിട്ടമ്പിളി വളരും
വളരും വനമോടികളാടിത്തെളിയും
വനമൂർച്ഛയിൽ ദുഃഖം തകരും
ഞാനന്നു ചിരിക്കും.”
നീറായ വനത്തിൻ നടുവിൽ
നിൽപ്പൂ കാട്ടാളൻ.....
നെഞ്ചത്തൊരു പന്തം കുത്തി
നിൽപ്പൂ കാട്ടാളൻ.....

(കടമ്മനിട്ടയുടെ കവിതകൾ)

- നീറായ വനം, ചാട്ടുളിയായ കനൽവിളി, അലകടലിൻ വേരുപറിക്കൽ, കറുക പ്പുൽത്തുമ്പത്തമ്പിളി കളമെഴുതിപ്പാടിയ രാവുകൾ, ഈറ്റപ്പുലി മുരളും കണ്ണിൽ ഊറിയടർന്നൊരു തീത്തുള്ളി

  - എന്നീ പ്രയോഗങ്ങളുടെ അർഥതലങ്ങളെക്കുറിച്ച് സംഘചർച്ച നടത്തുക.

- നമ്മുടെ നാടോടിസംസ്കാരത്തിന്റെയും 'പടയണി' എന്ന അനുഷ്ഠാനകലാരൂപത്തിന്റെയും അടിത്തറയിൽ കെട്ടിയുയർത്തിയ കാവ്യശില്പമാണ് 'കിരാതവൃത്തം'. കവിത വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

- കാവ്യബിംബങ്ങളിൽ ദൃശ്യബിംബങ്ങൾക്ക് സവിശേഷസ്ഥാനമാണുള്ളത്. 'കിരാതവൃത്തം' എന്ന കവിതയെ സൗന്ദര്യാത്മകമാക്കുന്നതിൽ ദൃശ്യബിംബങ്ങൾ വഹിക്കുന്ന പങ്കെന്തെന്നു കണ്ടെത്തി എഴുതുക.

-

സ്വർണവർണത്തെപ്പൂണ്ട മൈഥിലി മനോഹരി
സ്വർണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണമാലയും ധരിച്ചാദരാൽ മന്ദം മന്ദ -
മർണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
നിന്നുടൻ നേത്രോല്പലമാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാർഥ മാലയുമിട്ടീടിനാൾ
*(അധ്യാത്മരാമായണം കിളിപ്പാട്ട് - എഴുത്തച്ഛൻ)*

"കണയേറ്റ കരിമ്പുലി പോലെ
ഉരുൾപൊട്ടിയ മാമല പോലെ
ഉലകാകെയുലയ്ക്കും മട്ടിൽ
അലറീ കാട്ടാളൻ...
അലകടലിൻ വേരു പറിക്കാൻ
കുതറീ കാട്ടാളൻ...."

എഴുത്തച്ഛനിൽനിന്ന് കടമ്മനിട്ടയിലേക്ക് എത്തുമ്പോൾ കാവ്യഭാഷയിൽ സംഭവിച്ച പരിണാമത്തെപ്പറ്റി മുകളിൽ കൊടുത്ത കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് ലഘൂപന്യാസം രചിക്കുക.

-
  - കണ്ണാടി കാൺമോളവും - എഴുത്തച്ഛൻ
  - ഊഞ്ഞാലിൽ - വൈലോപ്പിള്ളി
  - കിരാതവൃത്തം - കടമ്മനിട്ട
  - മത്സ്യം - ടി.പി. രാജീവൻ

ഈ കവിതകൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന കവിതാസമാഹാരത്തിന് അവതാരിക എഴുതുക.

-

"പിന്നെ എന്നാ ഒണ്ട്?"
"ഓ, അങ്ങനെ പറയാമ്മേണ്ടി ഒന്നൂല്ല. വീടിയൊണ്ടേ ഒന്നുതാ."
"ഇല്ല. ഇവിടെ ഒരാളെക്കാണാമ്മന്നതാ."
"ഉം. അപ്പനു സുഖോക്കെ ആണോ?"
"അയ്യോ! ചത്തുപോയി, കഴിഞ്ഞ വേനക്ക്."
"എന്നതായിരുന്നു?"
"ഒന്നൂല്ലാഞ്ഞു. രാത്രീ ഒരു ചൊമകേട്ട്. നേരംവെളുത്തു നോക്കിയപ്പം വെറകുകൊള്ളിപോലെ കെടക്കണു, മരച്ച്."
*(ഓർമ്മകളിൽ വന്നുപോകുന്നവർ- നാരായൻ)*

കഥയിൽ പ്രാദേശികഭാഷ ഉപയോഗിക്കുമ്പോൾ കൈവരുന്ന ശക്തിസൗന്ദര്യങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

അച്ചടി വ്യാപകമായതോടെ മലയാളകവിതയിലെ ചൊല്ലൽപാരമ്പര്യം അസ്തമിച്ചുപോയി എന്ന് കവിയും ചിന്തകനുമായ എം. ഗോവിന്ദൻ പറഞ്ഞിട്ടുണ്ട്. ഒ. എൻ.വിയുടെയും കടമ്മനിട്ടയുടെയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും ഡി. വിനയചന്ദ്രന്റെയും കുരീപ്പുഴ ശ്രീകുമാറിന്റെയും വി. മധുസൂദനൻനായരുടെയുമെല്ലാം രംഗപ്രവേശത്തോടെയാണ് ഇത് വീണ്ടെടുക്കപ്പെട്ടത്. ഇവരുടെ ആലാപനസാധ്യതയുള്ള കവിതകൾ തിരഞ്ഞെടുത്ത് കവിതയരങ്ങ് സംഘടിപ്പിക്കുക.

### പടയണി



മധ്യതിരുവിതാംകൂറിലെ ഭഗവതിക്കാവുകളിൽ ആചരിച്ചുവരാറുള്ള ഒരു ജനകീയ-അനുഷ്ഠാന കലാരൂപമാണ് പടയണി. സജീവജനപങ്കാളിത്തം ആവശ്യപ്പെടുന്ന ഈ കലാരൂപത്തിൽ കൊട്ടും പാട്ടും തുള്ളലും ചിത്രങ്ങളും ശില്പങ്ങളും ദീപപ്രസാരണ രീതികളുമൊക്കെയുണ്ട്. പാട്ടിന്റെയും തപ്പുതാളത്തിന്റെയും അകമ്പടിയോടെ അരങ്ങത്ത് ഉറഞ്ഞുതുള്ളുന്ന കോലംതുള്ളലാണ് പടയണിയിലെ സുപ്രധാന ഇനം. ഗണപതി, മറുത, കാലൻ, കുതിര, ഭൈരവി തുടങ്ങി നിരവധി കോലങ്ങൾ പാട്ടിനും കൊട്ടിനുമൊത്ത് തുള്ളിത്തിമർക്കുന്നു. പാളകൾകൊണ്ടാണ് കോലങ്ങൾ നിർമ്മിക്കുന്നത്. 101 പാളകളാണ് ഭൈരവിക്കോലത്തിലുള്ളത്. ചില കോലങ്ങൾ മുഖാവരണങ്ങളാണ്, ചിലത് കിരീടമാതൃകയിലാണ്. നിണഭൈരവി പോലുള്ള വലുപ്പമുള്ള കോലങ്ങൾ തലയിലേറ്റി, ഇരു കൈകളും കോലത്തിന്റെ പിന്നിൽ, ചട്ടക്കോലിന്മേൽ പിടിച്ചുകൊണ്ടാണ് തുള്ളുന്നത്. ഉണങ്ങിയ കവുങ്ങിൽനിന്നു കീറിയെടുത്ത അലകുകൾ കൊണ്ട് ചട്ടമുണ്ടാക്കും. പ്രകൃതിദത്തങ്ങളായ നിറങ്ങളാണ് കോലം വരയ്ക്കാൻ ഉപയോഗിക്കുക. പാട്ടിനും കൊട്ടിനും ഒപ്പം കോലംതുള്ളുന്നു. ദാരികവധത്തിനുശേഷം രക്തദാഹിയും ഉഗ്രരൂപിണിയുമായി മാറുന്ന കാളിയുടെ തനിസ്വരൂപം തന്നെയാണ് നിണഭൈരവിക്കോലം. ഇടംകൈ കോലത്തെ താങ്ങിയും വലംകൈ വാളേന്തിയുമാണ് നിണഭൈരവി കളത്തിലെത്തുക. കോലത്തിൽ പന്തം തറച്ചിരിക്കും. ചടുലചലനങ്ങളും രൗദ്രഭാവവുമാണ് മുഖമുദ്ര. 'കിരാതവൃത്ത'മെന്ന കവിതയിലെ കാട്ടാളനെന്ന സങ്കല്പം കവി ഭൈരവിക്കോലത്തിൽനിന്ന് സ്വാംശീകരിച്ചതാണ്.



# അവകാശങ്ങളുടെ പ്രശ്നം

## പി. പത്മരാജൻ

മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന തെരുവായിരുന്നു അത്. ഒരുച്ചയ്ക്ക് ഒരാൾ വിയർത്തു കിതച്ച് അവിടേക്കു കയറിച്ചെന്നു. അയാൾ ആദ്യമായാണ് ആ ഭാഗത്തു വരുന്നതെന്ന് അപരിചിതമായ ഒരു പകച്ചുനോട്ടം വിളിച്ചറിയിച്ചു. ഛായാപടങ്ങൾ കച്ചവടം ചെയ്യുന്നവർക്ക് ആ അമ്പരപ്പ് പെട്ടെന്നു മനസ്സിലായി. അവർ ഇത്തരം എത്ര പകച്ചമുഖങ്ങളെ കാണുന്നതാണ്.

"എന്താ നിങ്ങളുടെ പേര്?" കച്ചവടക്കാർ അയാളോട് വാൽസല്യപൂർവം തിരക്കി.ന

"ദിവാകരൻ."

"എന്താ ദിവാകരനു വേണ്ടത്?"

"എനിക്ക് കുറേ ചിത്രങ്ങൾ കിട്ടിയാൽ കൊള്ളാമായിരുന്നു." -ദിവാകരൻ പറഞ്ഞു.

"എല്ലായിടത്തും ഞാൻ അന്വേഷിച്ചു. എന്റെ അച്ഛന്റെയും അമ്മയുടെയും ചിത്രങ്ങൾക്കു വേണ്ടി ഞാനിനി പോകാനൊരിടമില്ല. അവസാനം, ഇന്നിപ്പോൾ മാത്രമാണ് അറിഞ്ഞത്, ഒരു പക്ഷേ, നിങ്ങളുടെ തെരുവിൽനിന്ന് എനിക്കത് കിട്ടിയേക്കുമെന്ന്."

അത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേക്ക് അയാൾ വിവശനായിക്കഴിഞ്ഞിരുന്നു. അയാളുടെ നെറ്റിത്തടത്തിൽ പുതിയ ഗോളങ്ങളുണ്ടായി.

"നിങ്ങൾക്കു കിട്ടിയ അറിവു ശരിയാണ്."ഒരു കച്ചവടക്കാരൻ, കച്ചവടക്കാർക്കു മാത്രം സ്വായത്തമായ ഒരു നിർവികാരതയോടെ അറിയിച്ചു:

"ഞങ്ങൾക്കു നിങ്ങളെ സഹായിക്കാൻ കഴിഞ്ഞേക്കും."

ദിവാകരന്റെ മുഖം സന്തോഷംകൊണ്ടു വികസിച്ചു: "സഹായിക്കുമോ?" അയാൾ ചോദിച്ചു:

"ശരിക്കും?"

കച്ചവടക്കാർക്ക് ചിരിവന്നു. ഒരു കൂട്ടച്ചിരിക്കിടയിൽ അവർ പരസ്പരം കണ്ണുകളിൽ നോക്കി.

"ഞങ്ങൾ പാതി, നിങ്ങൾ പാതി എന്നതാണ് ഇവിടത്തെ പ്രമാണം" - അവരിലൊരാൾ സൗമ്യമായി പറഞ്ഞു: "നിങ്ങൾക്ക് ഈ തെരുവിലെ ഏതു ഛായാപടവും പരിശോധിക്കാം. അതിനുള്ള സ്വാതന്ത്ര്യം തന്നാൽ തൽക്കാലം തൃപ്തിപ്പെടാമല്ലോ, അല്ലേ?"

ഇരുഭാഗത്തുമുള്ള കടകളിൽ അസംഖ്യം ചിത്രങ്ങൾ തൂക്കിയിട്ടിരുന്നു. അവയുടെ സംഖ്യ ദിവാകരനെ ഭയപ്പെടുത്തി. ആദ്യത്തെ കടയിൽ അയാൾ വിപുലമായ ഒരു തിരച്ചിൽതന്നെ നടത്തി. അനവധി മുഖങ്ങൾ, അനവധി കണ്ണുകൾ. അവയിൽ പലതും താനറിയുന്നവയാണെന്ന് ദിവാകരനു തോന്നി. ഓരോ ചിത്രവും മുന്നിലെത്തുമ്പോൾ അയാൾ വിചാരിച്ചു: ഇതാ എന്റെ അച്ഛൻ, ഇതാ എന്റെ അമ്മ....... പക്ഷേ, അയാൾക്കൊരിക്കലും ആവശ്യമുള്ള ചിത്രങ്ങൾ കിട്ടിയതേയില്ല.

ആദ്യത്തെ കടവിട്ടിറങ്ങുമ്പോൾ അയാൾ കച്ചവടക്കാരനോടു ചോദിച്ചു:

"ഒരു കടയിൽ കണ്ടത്, വേറൊരു കടയിൽ കാണുകയില്ലല്ലോ, അല്ലേ?"

"അങ്ങനെ ഉറപ്പൊന്നുമില്ല" -വികൃതമായ മന്ദഹാസത്തോടെ കടക്കാരൻ പറഞ്ഞു:

"കിട്ടുന്ന പടങ്ങൾ മുഴുവൻ ഞങ്ങൾ ശേഖരിച്ചുവയ്ക്കുന്നു. ഒരു പടം തന്നെ ചിലപ്പോൾ എല്ലാ കടകളിലും കണ്ടെന്നുവരും."

ദിവാകരനു പരിഭ്രമം തോന്നി.

രണ്ടാമത്തെ കടയിൽനിന്ന് പരിശോധനയും കഴിഞ്ഞ് നിരാശനായി ഇറങ്ങുമ്പോൾ അവിടത്തെ കച്ചവടക്കാരൻ അന്വേഷിച്ചു:

"ഏതെങ്കിലും കുറേ പടങ്ങൾ പോരേ? ഇന്നതുതന്നെ വേണമെന്ന് നിർബന്ധം പിടിക്കുന്നത് അത്ര ബുദ്ധിയാണോ? വെറുതെ സമയം പാഴാണ്."

"എനിക്കു വേണ്ടപ്പെട്ടവരുടെ ചിത്രങ്ങളാണ് ഞാൻ തിരക്കുന്നത്. കണ്ടവന്റെയൊന്നും പടം എനിക്കാവശ്യമില്ല."

ലേശം ക്ഷോഭിച്ച് ദിവാകരൻ മറുപടി പറഞ്ഞു. മൂന്നാമത്തെ കച്ചവടക്കാരൻ ചോദിച്ചു: "വേണ്ടപ്പെട്ടവരുടെ ചിത്രങ്ങൾ കണ്ടാൽ തിരിച്ചറിയാൻ കഴിയുമെന്ന് എന്താ ഉറപ്പ്?"

"എനിക്കറിയാം"– ദിവാകരൻ പിറുപിറുത്തു. എങ്കിലും ആ ചോദ്യം അയാളെ ചെറുതായി കുഴക്കി.

ഒരുപക്ഷേ, പിന്നിട്ട അസംഖ്യം ഛായാപടങ്ങളിലൊന്ന് അച്ഛന്റേതായിരുന്നില്ല എന്നെങ്ങനെ പറയാൻ പറ്റും?

പതിനായിരക്കണക്കിനു ചിത്രങ്ങൾ ഒറ്റ മധ്യാഹ്നംകൊണ്ടു താൻ പരിശോധിച്ചുകഴിഞ്ഞിരുന്നു. കണ്ടുകണ്ട് ഏതാണ്ടെല്ലാ പടങ്ങളും ഒരേപോലെയാണെന്നുവരെ അയാൾക്കു തോന്നിത്തുടങ്ങിയിരുന്നു.

സന്ധ്യയായപ്പോൾ, പതിനാറാമത്തെ കടയിൽനിന്ന്, വെറുംകൈയുമായി ദിവാകരൻ ഇറങ്ങി. അയാൾക്ക് നന്നേ ക്ഷീണം തോന്നി, അതുവഴി കടന്നുപോയ ഒരു വഴിയാത്രക്കാരനെ വിളിച്ചു നിർത്തി അയാൾ ചോദിച്ചു:

"ഈ തെരുവിൽ എത്ര കടകളുണ്ട്?"

''എനിക്കറിയില്ല. ആരും കണക്കെടുത്തിട്ടില്ലെന്നു മാത്രം അറിയാം'' -അയാൾ പറഞ്ഞു: ''ആയിരക്കണക്കിനുണ്ടാവണം.''

ദിവാകരൻ അമ്പരന്നുപോയി. ഇനി എത്രയെത്ര മുഖങ്ങളിലൂടെ കണ്ണോടിച്ചാലാണ് തനിക്കാവശ്യമുള്ള ചിത്രങ്ങൾ ലഭിക്കാൻ പോകുന്നതെന്ന് അയാൾ അദ്ഭുതപ്പെടുകയായിരുന്നു.

എന്നിട്ടും അയാൾ ശ്രമം ഉപേക്ഷിച്ചില്ല. രാത്രിയായതോടെ തെരുവിൽ വിളക്കുകൾ തെളിഞ്ഞു. ഓരോ കച്ചവടക്കാരനും അവനവന്റെ കട, കഴിയുന്നത്ര ഭാവനാപൂർണമായി വെളിച്ചംകൊണ്ടു നിറയ്ക്കാൻ ബദ്ധപ്പെട്ടിട്ടുണ്ടെന്ന് ദിവാകരൻ ശ്രദ്ധിച്ചു. എന്നാൽ, വീണ്ടും രണ്ടുമൂന്നു കടകൾകൂടി പിന്നിട്ടു കഴിഞ്ഞപ്പോഴാണ് ആ വെളിച്ചത്തിനുപിന്നിൽ ഒരു ചതിവുണ്ടെന്നു മനസ്സിലായത്. ദീപാലങ്കാരങ്ങളുടെ സ്വഭാവം

വ്യത്യസ്തമായിരുന്നെങ്കിലും ഛായാപടങ്ങൾ സൂക്ഷിക്കുന്ന മുറികളിലെ വെട്ടത്തിന് ഏതാണ്ടൊരേ സ്വഭാവമാണുള്ളതെന്ന് അയാൾക്കു തോന്നി. ഒരേതരം പ്രകാശം. ആ ധാരാളിത്തത്തിൽ മുഖങ്ങൾക്കും ഏകാന്തത വീണിരിക്കുന്നു.

രാത്രി കനത്തു. ദിവാകരൻ പിൻവാങ്ങിയില്ല. പ്രകാശത്തിന്റെ കബളിപ്പിക്കലിനെ അതിജീവിച്ചും ആവശ്യമുള്ള ചിത്രങ്ങൾതന്നെ കൈക്കലാക്കുമെന്ന് അയാൾ പ്രതിജ്ഞയെടുത്തു. ഒരു ഭയം മാത്രമാണ് അപ്പോഴും അയാളെ നിരുത്സാഹപ്പെടുത്തിയത്. ഛായാചിത്രങ്ങളുടെ സമുദ്രങ്ങൾ തന്നെ പിന്നിട്ടതുകൊണ്ട്, തനിക്കാവശ്യമുള്ള മുഖങ്ങൾ ഏതെന്ന് അയാൾ കുറേശ്ശെ മറന്നു തുടങ്ങിയിരുന്നു. അവസാനം കയറിയ കടയിൽനിന്ന് 'ഇതാ എന്റെ അച്ഛൻ' എന്നു വിളിച്ചു പറഞ്ഞുകൊണ്ട്, ഏതോ ഒരു വൃദ്ധന്റെ പടം വാരിവലിച്ചെടുക്കാൻ തുടങ്ങിയ സംഭവം അയാളുടെ ആത്മവിശ്വാസം ചെറുതായി ഉലച്ചിരുന്നു.

പാതിരാവായി. ദിവാകരൻ നന്നേ തളർന്നവശനായി ക്കഴിഞ്ഞിരുന്നു.

"ഈ കടകൾ അടയ്ക്കാറില്ലേ?" ഒരു പുതിയ കടയിലേക്കു കയറിക്കൊണ്ട് അയാൾ അന്വേഷിച്ചു.

"ഇല്ലല്ലോ" -കടക്കാരൻ പറഞ്ഞു: "ഞങ്ങൾക്കു രാത്രിയും പകലും എന്ന ഭേദമില്ല."

ആ മറുപടി അയാളെ കൂടുതൽ തളർത്തി. ഒരിടവേള കിട്ടിയിരുന്നെങ്കിൽ എന്നയാൾക്ക് ആഗ്രഹം തോന്നി. പടങ്ങൾ നോക്കി നോക്കി കൺപോളകൾക്കു കനം വച്ചിരിക്കുന്നു. പുതിയ ഒരു പടത്തിലേക്ക് മിഴിയൂന്നുമ്പോഴേക്ക് കണ്ണിൽനിന്ന് ചാടുന്ന അവസ്ഥ.

"നിങ്ങൾ ആകെ അവശനായിരിക്കുന്നു."

കടക്കാരൻ ദിവാകരന്റെ തോളിൽ തട്ടി പറഞ്ഞു: "വിശ്രമിക്കൂ. പുലർന്നിട്ടു തിരച്ചിൽ തുടരാം."

"എനിക്കു ക്ഷീണമൊന്നുമില്ല." ദിവാകരൻ ഉന്മേഷം നടിച്ചു: "ഞാൻ എന്റെ ബന്ധുക്കളുടെ ചിത്രങ്ങൾ തിരയട്ടെ."

പുതിയൊരുത്സാഹത്തോടെ അയാൾ കടയ്ക്കുള്ളിലേക്ക് കയറിപ്പോയി. അസംഖ്യം ചിത്രങ്ങളുടെ നിരയ്ക്കു മുന്നിൽ എന്തു ചെയ്യണമെന്നറിയാതെ അവിടെയും ദിവാകരൻ പകച്ചു നിന്നു.

തല കറങ്ങുന്നതുപോലെ അയാൾക്കു തോന്നി. മുഖങ്ങളുടെ സാദൃശ്യം അയാളെ വിഷമിപ്പിച്ചു. എനിക്കൊരിക്കലും ആ ചിത്രങ്ങൾ കിട്ടാൻ പോകുന്നില്ല. കണ്ടാൽ പോലും അവയെ ഞാൻ തിരിച്ചറിയാൻ പോകുന്നില്ല. അയാൾ സ്വയം പിറുപിറുത്തു. ഈ സമുദ്രത്തിൽനിന്ന് .....

അപ്പോഴേക്കും കടയ്ക്കുള്ളിലേക്കു രണ്ടു കൊച്ചുകുട്ടികൾ കടന്നുവന്നു; ആറും ഏഴും വയസ്സായ രണ്ട് ആൺകുട്ടികൾ.

അവരുടെ ചൊടിയുള്ള കാലടിശബ്ദം ആ സമയത്ത് ദിവാകരനെ ഭയപ്പെടുത്തി. അയാളൊരു മൂലയിലേക്കു മാറി, ഭിത്തിയിൽ ചാരിനിന്നു. ആ കുട്ടികൾ പോയിക്കഴിഞ്ഞ് തിരച്ചിൽ തുടരുകയാവും ബുദ്ധി എന്ന് അയാൾക്കു തോന്നി.

പുറത്ത് തെരുവിൽ വെളുപ്പാൻകാലമാകുന്നത് ദിവാകരൻ കണ്ടു.

പടങ്ങൾ നോക്കിനോക്കി കുട്ടികൾ അയാൾ നിൽക്കുന്നയിടത്തെത്തി. ദിവാകരനെ കണ്ട് അവർ നിന്നു. അവരുടെ കണ്ണുകൾ അയാളുടെ തുറന്ന കൺപോളകളിൽ തറച്ചു. അവരുടെ തിരച്ചിൽ തന്റെ മുന്നിൽ ഒടുങ്ങുന്നു എന്ന് ദിവാകരൻ ഭയപ്പാടോടെ അറിഞ്ഞു.

നോക്കിനിൽക്കെ കുട്ടികളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. നിശ്ശബ്ദമായി അവർ കരയാൻ തുടങ്ങി. ആ കരച്ചിൽ കണ്ടു നിൽക്കുക വിഷമമായിരുന്നെങ്കിലും എന്തു ചെയ്യണമെന്ന് നിശ്ചയമില്ലാതിരുന്നതുകൊണ്ട് അയാൾ അവിടെത്തന്നെ നിന്നു.

ഏറെ നേരത്തെ കരച്ചിലിനുശേഷം അവർ കടക്കാരനെ അകത്തേക്കു വിളിച്ചു.

"ഇതാ ഈ പടമാണ് ഞങ്ങൾ തിരഞ്ഞുകൊണ്ടിരുന്നത്"-ഏങ്ങലടികൾക്കിടയിൽ അവർ പറഞ്ഞു.

കടക്കാരൻ ദിവാകരനെ ഒരു വലിയ കടലാസുകൂട്ടിലാക്കി ഭംഗിയായി പൊതിയാൻ തുടങ്ങി.

കാരണം, മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന ഒരു തെരുവായിരുന്നല്ലോ അത്.

(പത്മരാജന്റെ കഥകൾ സമ്പൂർണം)

- 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിൽ ഫോട്ടോ എന്ന വസ്തുവിനെ ദിവാകരൻ, കുട്ടികൾ എന്നീ കഥാപാത്രങ്ങൾ സമീപിക്കുന്ന രീതിയിലല്ല കച്ചവടക്കാർ സമീപിക്കുന്നത്.

  ഇത് എത്രത്തോളം ശരിയാണെന്ന് ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.

- ഉൽപ്പന്നങ്ങളുടെ ധാരാളിത്തത്തിൽ മുങ്ങിപ്പോകുന്ന ഉപഭോക്താവിന്റെ ധർമ്മസങ്കടം ആവിഷ്കൃതമാകുന്ന കഥാസന്ദർഭങ്ങൾ കണ്ടെത്തുക.

- പത്മരാജന്റെ കഥകളിൽ ദൃശ്യഭാഷ കഥപറച്ചിലിനുള്ള ഉപാധിയാകാറുണ്ട്.

  ഈ കഥയിലെ ഇത്തരം സന്ദർഭങ്ങൾ കണ്ടെത്തി ഇതിവൃത്തത്തിന് അവ എങ്ങനെ മിഴിവേകുന്നുവെന്ന് ഒരു നിരീക്ഷണക്കുറിപ്പ് രചിക്കുക.

- വെളിച്ചം ചതിവിനുള്ള ഉപാധിയാകുന്ന സമകാലികചുറ്റുപാടുകളെക്കുറിച്ചുള്ള നിങ്ങളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് പവർപോയിന്റ് അവതരണത്തിനുള്ള സ്ലൈഡ് ഡിസൈൻ ചെയ്യുക.

- യാഥാർഥ്യത്തിന്റെയും അയാഥാർഥ്യത്തിന്റെയും അതിരുകൾ മാഞ്ഞുപോകുന്നതിന്റെ ദൃശ്യം മാർക്വെസിന്റെ 'പ്രകാശം ജലം പോലെയാണ്', പത്മരാജന്റെ 'അവകാശങ്ങളുടെ പ്രശ്നം' എന്നീ രചനകളിലുണ്ട്.

  എങ്കിലും അവ വ്യത്യസ്തങ്ങളാണ്. കഥാസന്ദർഭങ്ങൾ കണ്ടെത്തി താരതമ്യക്കുറിപ്പ് തയാറാക്കുക.

- ഐഡന്റിറ്റി കാർഡിനുവേണ്ടി മാത്രം സ്വന്തം ഫോട്ടോ എടുത്തിരുന്ന സമൂഹം ക്രമേണ 'സെൽഫി'യിലേക്ക് മാറി.

  ഇതേക്കുറിച്ച് സംവാദം സംഘടിപ്പിച്ച് കുറിപ്പ് തയാറാക്കുക.


- 
  - ഭാഷാപണ്ഡിതനായ റവ. ജോർജ് മാത്തൻ 'ബാലാഭ്യസനം' എന്ന പ്രഭാഷണത്തിൽ മാതൃഭാഷയാണ് പഠനമാധ്യമമായും ഭരണഭാഷയായും കോടതിഭാഷയായും ഉപയോഗിക്കേണ്ടത് എന്നഭിപ്രായപ്പെട്ടിട്ടുണ്ട്.
  - എം.ബി.ബി.എസ്. വിദ്യാർഥികൾ താരാശങ്കർ ബാനർജിയുടെ 'ആരോഗ്യനികേതനം' പോലുള്ള നോവലുകളും ആർക്കിടെക്ടുകൾ ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' പോലുള്ള കൃതികളും വായിക്കുന്നത് നന്നായിരിക്കുമല്ലോ.

  ഈ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ വിവിധതലങ്ങളിൽ മാതൃഭാഷയ്ക്കു നൽകേണ്ട പ്രാധാന്യം വിലയിരുത്തി സെമിനാർ സംഘടിപ്പിക്കുക.
  ചുവടെ ചേർത്ത സൂചകങ്ങൾ പ്രയോജനപ്പെടുത്തണം.

  - മാതൃഭാഷയും സാമൂഹികജീവിതവും
  - മാതൃഭാഷയും സംസ്കാരവും
  - മാതൃഭാഷയും ബോധനമാധ്യമവും
  - മാതൃഭാഷയും ഭരണഭാഷയും
  - മാതൃഭാഷയും മാധ്യമങ്ങളും

## സ്വയംവിലയിരുത്തൽ

| | പൂർണമായി | ഭാഗികമായി | തീരെയില്ല |
|---|---|---|---|
| ✳ മാതൃഭാഷാപഠനം വ്യക്തിയുടെ സർഗാത്മകവും വൈകാരികവുമായ വികാസത്തിന് സഹായിക്കുന്നു എന്ന് തിരിച്ചറിഞ്ഞു. | | | |
| ✳ കഥയിലെ രചനാസങ്കേതങ്ങൾ അപഗ്രഥിച്ച് പഠനക്കുറിപ്പുകൾ തയാറാക്കാൻ പ്രാവീണ്യം നേടി. | | | |
| ✳ കവിതകളിലെ ഭാഷാപരവും സാംസ്കാരികവുമായ തലങ്ങൾ കണ്ടെത്തി സ്വന്തം നിരീക്ഷണങ്ങൾകൂടി ഉൾപ്പെടുത്തി നിരൂപണ-ആസ്വാദനക്കുറിപ്പുകൾ തയാറാക്കാൻ കഴിഞ്ഞു. | | | |
| ✳ ഭാഷാപദങ്ങളിലെ വ്യാകരണാംശങ്ങൾ കണ്ടെത്തി വർഗീകരിക്കാൻ കഴിഞ്ഞു. | | | |



## സഹായകഗ്രന്ഥങ്ങൾ

- തുഞ്ചൻപ്രബന്ധങ്ങൾ - എഡിറ്റർ: എസ്. ഗുപ്തൻനായർ
- തുഞ്ചൻപഠനങ്ങൾ- എഡിറ്റർ: പ്രഫ. പന്മന രാമചന്ദ്രൻനായർ
- കടമ്മനിട്ടയിലെ കവി - കെ. എസ്. രവികുമാർ
- കഥ: ആഖ്യാനവും അനുഭവസത്തയും - കെ.പി. അപ്പൻ
- ചെറുകഥയുടെ ഛന്ദസ്സ് - ഡോ.വി. രാജകൃഷ്ണൻ
- ഇസങ്ങളുടെ ലോകത്തിൽ - കല്ലട രാമചന്ദ്രൻ



## എഴുത്തുകാരെ അറിയുക

### ഇ.സി.ജി. സുദർശൻ




എണ്ണക്കൽ ചാണ്ടി ജോർജ് സുദർശൻ. കോട്ടയം ജില്ലയിലെ പള്ളം എന്ന സ്ഥലത്ത് 1931 ൽ ജനിച്ചു. വിഖ്യാതനായ ഊർജതന്ത്രശാസ്ത്രജ്ഞൻ. അമേരിക്കയിലെ ടെക്സാസ് യൂണിവേഴ്സിറ്റിയിൽ പ്രഫസർ ആയിരുന്നു. പ്രകാശത്തെക്കാൾ വേഗത്തിൽ സഞ്ചരിക്കുന്ന 'ടാക്കിയോണുകൾ' (Tachyons) എന്ന കണികകളെ സംബന്ധിച്ച പരികൽപ്പനകളാണ് മുഖ്യസംഭാവന. നിരവധിതവണ ഊർജതന്ത്രത്തിനുള്ള നൊബേൽസമ്മാനത്തിന് നിർദേശിക്കപ്പെട്ടു. സി.വി. രാമൻ അവാർഡ്, പത്മഭൂഷൺ, പത്മവിഭൂഷൺ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

## തുഞ്ചത്ത് എഴുത്തച്ഛൻ


പതിനാറാം നൂറ്റാണ്ടാണ് ജീവിതകാലം. മലപ്പുറംജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂരാണ് ജന്മസ്ഥലമെന്ന് കരുതുന്നു. മലയാളഭാഷാപിതാവ് എന്ന് സാഹിത്യചരിത്രം ആദരിക്കുന്ന കാവ്യഗുരുവാണ് എഴുത്തച്ഛൻ. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട് തികച്ചും മൗലികമായൊരു കാവ്യപ്രപഞ്ചം സൃഷ്ടിച്ചു. ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യമാണ് എഴുത്തച്ഛൻ നിർവഹിച്ചത്. മഹാഭാരതം കിളിപ്പാട്ട്, അധ്യാത്മരാമായണം കിളിപ്പാട്ട് എന്നിവയാണ് എഴുത്തച്ഛന്റേതെന്ന് ഉറപ്പിച്ചുപറയാവുന്ന കൃതികൾ.

## ഗബ്രിയേൽ ഗാർസിയ മാർക്വേസ് (1927-2014)



ഇതിഹാസസമാനമായ സാഹിത്യജീവിതത്തിലൂടെ ലോകത്തെ സ്വാധീനിച്ച ലാറ്റിനമേരിക്കൻ എഴുത്തുകാരൻ. കൊളംബിയയിലെ അരാക്കറ്റക്കയിൽ ജനിച്ചു. ഗാബോ എന്ന വിളിപ്പേരിലൂടെയാണ് അദ്ദേഹം അറിയപ്പെടുന്നത്. ഒരു മലയാളിഎഴുത്തുകാരനെപ്പോലെയാണ് മാർക്വേസിനെ നാം സ്വീകരിച്ചുപോരുന്നത്. മാജിക്കൽ റിയലിസം എന്ന രചനാസങ്കേതത്തിലൂടെ ലാറ്റിനമേരിക്കയുടെ ചരിത്രത്തെയും വർത്തമാനത്തെയും തന്റെ കൃതികളിൽ അദ്ദേഹം അടയാളപ്പെടുത്തി. 1967ൽ പ്രസിദ്ധീകരിച്ച 'ഏകാന്തതയുടെ നൂറുവർഷങ്ങൾ' എന്ന നോവലാണ് അദ്ദേഹത്തെ പ്രസിദ്ധനാക്കിയത്. ഈ കൃതിക്ക് 1982 ൽ സാഹിത്യത്തിനുള്ള നൊബേൽസമ്മാനം ലഭിച്ചു. മനുഷ്യരാശിയുടെ ഓർമ്മകളുടെ മഹാസമുദ്രങ്ങൾ എന്ന് അദ്ദേഹത്തിന്റെ കൃതികളെ വിശേഷിപ്പിക്കാറുണ്ട്. ലൗ ഇൻ ദ ടൈം ഓഫ് കോളറ, ലീഫ്സ്റ്റോം, ക്രോണിക്കിൾ ഓഫ് എ ഡത്ത് ഫൊർടോൾഡ്, ദ ഓട്ടം ഓഫ് പേട്രിയാർക് എന്നിവ പ്രധാന കൃതികൾ.

## കടമ്മനിട്ട രാമകൃഷ്ണൻ (1935-2008)



ആധുനികജീവിതത്തിലെ ധർമ്മസങ്കടങ്ങളും പ്രതിസന്ധികളും ആവിഷ്കരിച്ച കവി. പത്തനംതിട്ടയ്ക്കടുത്തുള്ള കടമ്മനിട്ടയിൽ ജനിച്ചു. ദ്രാവിഡവഴക്കമാർന്ന ഭാവന, ഭാഷ എന്നിവയിലൂടെ മലയാളകവിതയിലെ ചൊല്ലൽപാരമ്പര്യത്തെ അദ്ദേഹം തിരിച്ചുപിടിച്ചു. ഇതിനായി ചൊൽക്കാഴ്ചയെയും കവിയരങ്ങിനെയും അദ്ദേഹം പ്രയോജനപ്പെടുത്തി. പടയണിയിൽനിന്ന് സ്വാംശീകരിച്ച മാതൃദേവതാസങ്കൽപ്പം, നഗര-ഗ്രാമസംഘർഷം, പരിസ്ഥിതിവിനാശത്തോടുള്ള പ്രതിഷേധം, അടിച്ചമർത്തപ്പെട്ടവരുടെ ഉയിർത്തെഴുന്നേൽപ്പ് എന്നിവ കടമ്മനിട്ടക്കവിതയുടെ ഭാവതലങ്ങളിൽപെടുന്നു. കേരളനിയമസഭാംഗമായിരുന്നു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രസിഡന്റായിരുന്നു. കേരള സാഹിത്യ അക്കാദമി പുരസ്കാരം, ആശാൻ പ്രൈസ് എന്നിവ നേടി. മഴപെയ്യുന്നു മദ്ദളംകൊട്ടുന്നു, കടമ്മനിട്ടയുടെ കവിതകൾ എന്നിവയാണ് പ്രധാന കൃതികൾ. ഗോദോയെ കാത്ത് (സാമുവൽ ബെക്കറ്റിന്റെ 'വെയിറ്റിങ് ഫോർ ഗോദോ'), സൂര്യശില (ഒക്ടോവിയോ പാസിന്റെ 'സൺ സ്റ്റോൺ') എന്നിവ പ്രധാന വിവർത്തനങ്ങൾ.


## പി. പത്മരാജൻ (1945-1991)



മലയാളകഥയിൽ ആധുനികതയുടെ വരവറിയിച്ചവരിൽ പ്രധാനി. ശമ പ്രധാനമായൊരു ജീവിതം നയിക്കുന്ന ഒരാളുടെ നിസ്സംഗമായ ശബ്ദം എന്ന് പത്മരാജന്റെ കഥകളെ വിശേഷിപ്പിക്കാറുണ്ട്. ജീവിതത്തിന്റെ വിരസതയും വരണ്ട സ്വഭാവവും ആവിഷ്കരിക്കാൻ ഭാഷയിൽ പാരുഷ്യത്തിന്റെ സിംഫണി കണ്ടെത്തിയ എഴുത്തുകാരനാണ് അദ്ദേഹം. ആലപ്പുഴജില്ലയിലെ മുതുകുളത്ത് ജനിച്ചു. ചലച്ചിത്രസംവിധായകൻ, തിരക്കഥാകൃത്ത്, നോവലിസ്റ്റ്, ചെറുകഥാകൃത്ത് എന്നീ നിലകളിൽ ശ്രദ്ധേയൻ. പത്മരാജന്റെ കഥകൾ, പ്രഹേളിക, മറ്റുള്ളവരുടെ വേനൽ, അപരൻ, പുകക്കണ്ണട, കരിയില ക്കാറ്റുപോലെ (കഥാസമാഹാരങ്ങൾ). പ്രതിമയും രാജകുമാരിയും, നക്ഷത്രങ്ങളേ കാവൽ (നോവലുകൾ) തുടങ്ങിയവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, തിരക്കഥാരചനയ്ക്ക് നാലു തവണ സംസ്ഥാന അവാർഡ്, ദേശീയതലത്തിൽ 'രജതകമലം' തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

# 2
# തനതിടം

മലയാളിയുടെ സംസ്കാരരൂപീകരണത്തിന് അടിത്തറയായി വർത്തിച്ച കലാപാരമ്പര്യങ്ങളും സാഹിത്യപാഠങ്ങളും പരിചയപ്പെടുന്ന യൂണിറ്റാണിത്. നാടോടിനാടകം, ആട്ടക്കഥ, നാടകം എന്നിവ ഈ യൂണിറ്റിലുണ്ട്. രംഗഭാഷയുടെ സവിശേഷതകൾ പരിചയപ്പെടുത്തുക എന്നതാണ് ലക്ഷ്യം. പാഠഭാഗങ്ങൾ അരങ്ങേറാനും ദൃശ്യാനുഭവം നൽകാനും കഴിയേണ്ടതാണ്. ഉണ്ണായിവാരിയരുടെ 'കേശിനീമൊഴി', കാവാലം നാരായണപ്പണിക്കരുടെ 'അഗ്നിവർണന്റെ കാലുകൾ' എന്നീ പാഠഭാഗങ്ങളിലൂടെ നമ്മുടെ തനത് രംഗാവതരണങ്ങളെക്കുറിച്ച് സാമാന്യധാരണ ലഭിക്കും. കലാമണ്ഡലം ഹൈദരലിയുടെ 'പദത്തിന്റെ പഥത്തിൽ' എന്ന ആത്മകഥാഭാഗം കലാകാരന്റെ ആത്മസംഘർഷങ്ങളിലൂടെയുള്ള സഞ്ചാരമാണ്. മാപ്പിളക്കലകളുടെ അരങ്ങിലേക്കുള്ള ചൂണ്ടുപലകയെന്ന നിലയിലാണ് പുലിക്കോട്ടിൽ ഹൈദറിനെക്കുറിച്ച് ഡോ. എം.എൻ. കാരശ്ശേരി എഴുതിയ 'മാപ്പിളപ്പാട്ടുകളിലെ കേരളീയത' എന്ന പഠനം ഉൾപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ രംഗകലകളുടെ സവിശേഷതകളും ചരിത്രവും സാമാന്യമായി പരിചയപ്പെടാനും തനതു സംസ്കാരം മനസ്സിലാക്കാനും ഈ യൂണിറ്റ് സഹായകമാവും.



**പഠനനേട്ടങ്ങൾ**

- മലയാളികളുടെ സംസ്കാരരൂപീകരണത്തിൽ നിർണായക പങ്കു വഹിച്ച കലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.
- ആട്ടക്കഥ, നാടകം എന്നീ രംഗകലകളിലെ സാഹിത്യപാഠങ്ങളിൽനിന്ന് അഭിനയസാധ്യതകൾ കണ്ടെത്തി വിഭിന്ന രീതികളിൽ അവതരിപ്പിക്കുന്നു.
- സാഹിത്യകൃതികളിലെ ദൃശ്യ-സംഗീതസാധ്യതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.
- കാവ്യഭാഷാസവിശേഷതകൾ തിരിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കുന്നു.
- നാടകത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് നിരൂപണം തയാറാക്കുന്നു.
- കലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരുമായി അഭിമുഖം നടത്തി റിപ്പോർട്ട് തയാറാക്കുന്നു.
- വർണവികാരങ്ങൾ അപഗ്രഥിച്ച് പദങ്ങൾ പട്ടികപ്പെടുത്തുന്നു.



# കാക്കാരശ്ശിപ്പാട്ട്

***കാക്കാത്തിമാർ :***

പ്രാണനാഥാ ഞങ്ങൾക്കിന്നൊ-
രാഭരണം വേണം.
കാതിലിടാൻ കമ്മൽ രണ്ടേ
ഇങ്ങുതരവേണം.
തീക്കനൽപോൽ മിന്നിടുന്ന
മൂക്കുത്തി വേണം.
ആലിലസമമായുള്ള
ഞാത്തു രണ്ടു വേണം.
കൈവിരൽക്കേ മോതിരങ്ങൾ
ഇങ്ങുതരവേണം.
കാൽവിരൽക്കും മോതിരങ്ങൾ
വേറെ തരവേണം.
ദന്തശോഭ വേണ്ടതിനാൽ
പഞ്ചപൊടി വേണം.
ചെപ്പുവേണം പ്രാണനാഥാ
ചെപ്പടി കളിപ്പാൻ.
ഇപ്പടി തരണമെന്റെ
പ്രാണനാഥാ കേൾക്ക.

*കാക്കാൻ:*

കാലിൽ കിടന്നൊരു കാലാഴിമോതിരം
എപ്പടി പോച്ചിതെടീ കാക്കാത്തി
എപ്പടി പോച്ചിതെടീ കാക്കാത്തി

*കാക്കാത്തിമാർ:*

കല്ലുള്ള നാട്ടിലേ കാൽവീശിപ്പോയപ്പോൾ
കല്ലാലേ പോച്ചിതെടാ കാക്കാനേ
കല്ലാലേ പോച്ചിതെടാ കാക്കാനേ

*കാക്കാൻ:*

കൈയിൽ കിടന്നൊരു കൈവളമോതിരം
എങ്ങനെ പോച്ചിതെടീ കാക്കാത്തി
എങ്ങനെ പോച്ചിതെടീ കാക്കാത്തി

*കാക്കാത്തി:*

കാടുള്ള കാട്ടിലേ ചുള്ളിക്കുപോയപ്പം
കാടാലേ പോച്ചിതെടാ കുറവാ
കാടാലേ പോച്ചിതെടാ കുറവാ

*കാക്കാൻ:*

മൂക്കിൽ കിടന്നൊരു കൽവച്ചമൂക്കുത്തി
എപ്പടി പോച്ചിതെടീ കാക്കാത്തി
എപ്പടി പോച്ചിതെടീ കാക്കാത്തി

*കാക്കാത്തി:*

മൊന്തയിലേ ജലം മൊത്തിക്കുടിച്ചപ്പോൾ
വീർപ്പാലേ പോച്ചിതെടാ കാക്കാനേ
വീർപ്പാലേ പോച്ചിതെടാ കാക്കാനേ

(കാക്കാരശ്ശിനാടകം)

-സമ്പാ: ജി. ഭാർഗവൻപിള്ള

ഈ നാടകഭാഗം സംഘമായി പാടിയാടി അവതരിപ്പിക്കുക.

*സൂചന*

*കേരളത്തിലെ നാടോടിരംഗകലയായ 'കാക്കാരശ്ശിനാടക'ത്തിലെ വളരെ പ്രസിദ്ധമായ ഒരു പാട്ടാണിത്. ഇതിന് പല പ്രാദേശികഭേദങ്ങളുമുണ്ട്.*



ഉണ്ണായിവാരിയർ

# കേശിനീമൊഴി

ഋതുപർണനോടൊപ്പം തേരാളിയായി വന്നത് നളൻ തന്നെയാണ് എന്ന് ഉറപ്പുവരുത്തുന്നതിനായി ദമയന്തി വിദഗ്ധയായ തോഴി കേശിനിയെ പറഞ്ഞയയ്ക്കുന്നു. കേശിനി ബാഹുകനെ നേരിൽക്കണ്ട് സംസാരിക്കുകയും തുടർന്ന് ബാഹുകന്റെ പ്രവൃത്തികൾ ഒളിഞ്ഞിരുന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു. ഈ വിവരങ്ങൾ കേശിനി സ്വകാര്യമായി ദമയന്തിയെ അറിയിക്കുന്നതാണ് പാഠസന്ദർഭം. കേശിനിയുടെ വിവരണങ്ങളിൽനിന്ന്, ബാഹുകവേഷധാരിയായി കൊട്ടാരത്തിലെത്തിയത് നളനാണെന്ന് ദമയന്തി ഉറപ്പിക്കുന്നു. 'നൈഷധനിവൻ താൻ ഒരീഷലില്ലാമേ നിർണയം' എന്ന് തുടർന്ന് ദമയന്തി ആത്മഗതം ചെയ്യുന്നുണ്ട്.

(ആറാം രംഗം)

ഭൈമീഗൃഹം

ശ്ലോകം

**വെ**ളിച്ചമേ ചെന്നു തിരഞ്ഞൊരോന്നേ
കളിച്ചവൻ ചൊന്നതു കേട്ടു പോന്നു
ഒളിച്ചു പിന്നൊട്ടു ധരിച്ചു ദൂതി
വിളിച്ചു ഭൈമീം വിജനേ പറഞ്ഞാൾ.

(അനന്തരം ചിന്താമഗ്നയായി ഭൈമി പ്രവേശിക്കുന്നു. ഉടനെ കേശിനി വന്നു ചുമലിൽ കൈവച്ചു കുലുക്കി വിളിക്കുന്നു. ഭൈമി കേശിനിയെക്കണ്ടു സന്തോഷിക്കുന്നു.)

പദം 9 -കേശിനി

പദം. പൂമാതിനൊത്ത ചാരുതനോ! വൈദർഭി! കേൾനീ,
പുരുഷരത്നമീ ബാഹുകനോ,
ധീമാനവനെന്നോടു നാമവും വാർത്തയും ചൊന്നാൻ.
(പൂമാതിനൊത്ത.....)


നളനില്ലൊരപരാധം പോൽ, ഉണ്ടെന്നാകിലും
കുലനാരിക്കരുത് കോപം പോൽ,
ഖലനല്ല വാക്കു കേട്ടാൽ, ഛലമുണ്ടെന്നതും തോന്നാ
പലതും പറഞ്ഞു പിന്നെ, ഫലിതമത്രേ പാർത്തോളം
(പൂമാതിനൊത്ത.....)

അന്നാദിപാകസംഭാരം സ്വാമിനിയോഗാൽ
വന്നതു കണ്ടേ,നന്നേരം
കുംഭേ നിറഞ്ഞു നീരം കുതുകമെത്രയും പാരം.
ദംഭം കൂടാതെ ഘോരദഹനൻ കത്തിയുദാരം.
(പൂമാതിനൊത്ത.....)

വേഗേന വച്ചങ്ങൊരുങ്ങി, കൊണ്ടങ്ങുചെന്നു
സാകേതപതിയെ വണങ്ങി,
പോന്നു തേരിലൊതുങ്ങി, പൂനിര കണ്ടു മങ്ങി,
അവമർദ്ദനം തുടങ്ങി, അവകളപ്പോൾ വിളങ്ങി.
(പൂമാതിനൊത്ത.....)

(കേശിനി പോകുന്നു. ഭൈമി
ചിന്താകുലയായിരിക്കുന്നു.)

(നളചരിതം-നാലാംദിവസം)



*സൂചന:*


*പദം - കഥാപാത്രത്തിന്റെ സംഭാഷണം. കഥകളിയിൽ പദം അഭിനയിക്കുന്നു.*

*ശ്ലോകം - രണ്ട് പദങ്ങൾക്കിടയിലെ കഥാപരമായ വികാസത്തിന്റെ സൂചന നൽകുന്നത് ശ്ലോകത്തിലൂടെയാണ്.*

പദസൂചന

വെളിച്ചമേ ചെന്ന് - നേരിൽ ചെന്ന്; കളിച്ച് - കളിമട്ടിൽ (ഗൗരവമില്ലാതെ);
വിജനേ - സ്വകാര്യമായി; പൂമാത് -ലക്ഷ്മീദേവി; ചാരുതനു - സുന്ദരി;
ബാഹുകൻ - നളന് കാർക്കോടകൻ നിർദേശിച്ച പേര് (കുറിയ കൈകളോടുകൂടിയവൻ);
ധീമാൻ -ബുദ്ധിമാൻ; ഖലൻ - ദുഷ്ടൻ; ഛലം - കളവ്;
പാർത്തോളം - ആലോചിച്ചിടത്തോളം; നീരം - വെള്ളം;
അന്നാദിപാകസംഭാരം - ചോറും കറികളും വയ്ക്കാനുള്ള സാധനങ്ങൾ;
നിയോഗാൽ - കൽപ്പനപ്രകാരം; കുംഭേ - കുടത്തിൽ;
കുതുകം - കൗതുകം; ദംഭം - അഹങ്കാരം; ദഹനൻ - തീ;
സാകേതപതി - ഋതുപർണരാജാവ്; തേരിലൊതുങ്ങി - തേരിൽ ചെന്ന് ഒതുങ്ങിയിരുന്നു;
അവമർദ്ദനം - തിരുമ്മൽ; അവകൾ - പൂക്കൾ; ഈഷൽ - സംശയം; മേ - എനിക്ക്

- "നൈഷധനിവൻ താൻ ഒരീഷലില്ലാമേ നിർണയം"-
  ഈ ആത്മഗതത്തിൽ ദമയന്തി എത്തിച്ചേരാനുണ്ടായ കാരണങ്ങൾ ആട്ടക്കഥാ ഭാഗത്തെ അപഗ്രഥിച്ച് ക്രോഡീകരിക്കുക.
- 'കേശിനീമൊഴി' ദൃശ്യാവിഷ്കാരം കാണുക.
  അവതരണകലകളിലെ വേഷം, അഭിനയം, സംഗീതം എന്നീ ഘടകങ്ങൾ പ്രസ്തുത സന്ദർഭത്തിൽ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നുവെന്ന് ചർച്ചചെയ്യുക.
- കേശിനി ഒളിഞ്ഞുകണ്ട ബാഹുകന്റെ പ്രവൃത്തികൾ ഏകാഭിനയം, മൂകാഭിനയം എന്നിവയിലൂടെ അവതരിപ്പിക്കുക. അവതരണം വിലയിരുത്തി അഭിപ്രായങ്ങൾ എഴുതുക.
- കേശിനി- കഥാപാത്രനിരൂപണം തയാറാക്കുക.
- ഉണ്ണായിവാരിയരുടെ കാവ്യഭാഷയുടെ സവിശേഷതകൾ പാഠഭാഗം ആസ്പദമാക്കി കണ്ടെത്തുക. താഴെ പറയുന്ന സൂചകങ്ങൾ പ്രയോജനപ്പെടുത്താം.
  - പ്രാസം
  - മിശ്രഭാഷ
  - സംബോധനകളിലെ പ്രത്യേകത
  - സൂക്ഷ്മവിവരണം
  - 
  - 



# അഗ്നിവർണന്റെ കാലുകൾ

കാവാലം നാരായണപ്പണിക്കർ

(രംഗം : അയോധ്യയിലെ കൊട്ടാരം. സുവർണസിംഹാസനം. അതിനു പിന്നിൽ നീലത്തുണി തറച്ച ഒരു തട്ടി (സ്റ്റാൻഡ്) വച്ചിട്ടുണ്ട്. രംഗത്തു മറ്റൊരിരിപ്പിടംകൂടിയുണ്ട്. പിന്നിൽ വാദ്യങ്ങൾ മുഴങ്ങുന്നു. വിദൂഷകൻ രണ്ടു മരക്കാലുകൾ തലയിലേറ്റിക്കൊണ്ടു പ്രവേശിക്കുന്നു. പിന്നാലെ അയോധ്യയിലെ രാജഭക്തരായ മൂന്നോ നാലോ സ്ത്രീകളും അത്രയുംതന്നെ പുരുഷന്മാരും പ്രവേശിക്കുന്നു).

**കഥാപാത്രങ്ങൾ**

ഗായകസംഘം
വിദൂഷകൻ
കേവലരാമൻ
ചിന്താരാമൻ
കൊത്തുവാൾ
രാജഗുരു
അടിച്ചുതളിക്കാരി

വിദൂഷകൻ : അയോധ്യയിലെ രാജഭക്തരായ സ്ത്രീപുരുഷന്മാരേ, ഇതിലേ ഇതിലേ. ഇവിടത്തെ വിദൂഷകനായ എന്റെ തലയിലിരിക്കുന്ന രണ്ടു കാലുകൾ, നിങ്ങൾ കണ്ടുപഴകിയ കാലുകൾ തന്നെ. ഈ കാലുകളെ ഞാൻ പ്രത്യേകിച്ചു പരിച

യപ്പെടുത്തേണ്ടതില്ലല്ലോ. എന്റെ പ്രിയതോഴരും സന്ത തസഹചാരിയും നിങ്ങൾക്കെല്ലാം കാണപ്പെട്ട ദൈവ വും, അല്ല; കണ്ടുകിട്ടാത്ത ദൈവവുമായ അഗ്നിവർണ മഹാരാജാവിന്റെ പ്രിയപ്പെട്ട കാലുകളാണിവ. ഞാൻ ഈ അസാമാന്യവും അസുലഭവുമായ കാലുകളെ രത്നം പതിച്ച ഈ സിംഹാസനത്തിൽ വച്ചുകൊള്ള ട്ടെ.

(മരക്കാലുകൾ സിംഹാസനത്തിൽ വയ്ക്കുന്നു).

ജനം : അഗ്നിവർണമഹാരാജാവിന്റെ കാലുകൾ വിജയിക്കട്ടെ!

വിദൂഷകൻ : ഛെ, ഛെ! അങ്ങനെയല്ല പറയേണ്ടത്. അഗ്നിവർണമ ഹാരാജാവുതന്നെ വിജയിക്കട്ടെ എന്നു തിരുത്തിപ്പറ യൂ. ഈ കാലുകൾതന്നെ രാജാവ്.

ജനം : അഗ്നിവർണമഹാരാജാവുതന്നെ വിജയിക്കട്ടെ!

വിദൂഷകൻ : വിദൂഷകന്റെ ജോലി തൽക്കാലം ഇവിടെ തീരുന്നു. പ്രജാവത്സലനായ അഗ്നിവർണമഹാരാജാവ് ഇവിടെ സങ്കടങ്ങളും പരാതികളും കേൾക്കുന്നതാണ്. വിദൂ ഷകനാവട്ടെ, യാതൊരുവിധ പരാതികളുമില്ല; ഹാസ്യ കഥാപാത്രമല്ലേ. അയാൾക്കു പ്രശ്നങ്ങളൊന്നുമില്ല. മൂക്കറ്റം ശാപ്പാട്, പകലിരവുറക്കം (ജനം ചിരിക്കുന്നു.)

അധിക്ഷേപത്തിലോ ആദരവിലോ പ്രജകളുടെ ചിരി ഉയരുന്നത്? എങ്ങനെയായാലും വിരോധമില്ല. ങാ, മഹാരാജാവിന്റെ ഉറ്റതോഴനുമാണ്, ഈ വിദൂഷകൻ. എപ്പോഴും അദ്ദേഹത്തോടൊപ്പം ഉണ്ടാകുമെന്നാണ് വെപ്പ്. ഹേ, രാജഭക്തരായ അയോധ്യാവാസികളേ, പതിവിൻപടിയുള്ള പ്രാർഥന തുടങ്ങിക്കൊള്ളുവിൻ.



ജനം : (കൈമണി കൊട്ടി പാടുന്നു)

പാഹി പാഹി പാഹി പാഹി
അഗ്നിവർണ പാഹിമാം
രാമചന്ദ്രവംശജാത-
നഗ്നിവർണ പാഹിമാം.
ഇന്ദ്രിയങ്ങളഞ്ചുകൊണ്ടു
സുന്ദരാംഗികൾക്കു ചിത്ത-
ബന്ധുവായ ബന്ധുരാംഗ-
നഗ്നിവർണ പാഹിമാം.
ഇന്നയോധ്യ വാണിടുന്ന
രണ്ടുപാദം പാഹിമാം.
ഞങ്ങളിൽക്കനിഞ്ഞുറങ്ങു-
മിന്ദ്രിയങ്ങൾ പാഹിമാം.

ഒന്നാമൻ : അഗ്നിവർണമഹാരാജാവിന്റെ രണ്ടു കാലുകൾ വിജയിക്കട്ടെ, അല്ല, രാജാവുതന്നെ വിജയിക്കട്ടെ.

രണ്ടാമൻ : കാലുകളും രാജാവും വിജയിച്ചുകൊള്ളട്ടെ. പക്ഷേ, അയോധ്യയിലെ പാവപ്പെട്ടവരായ നാം വിശപ്പടക്കാൻ എന്ത് ചെയ്യും?

വിദൂഷകൻ : അതിനു വിശപ്പുണ്ടോ നമുക്ക്? അല്ല, വിശപ്പുപോലുള്ള താണതരം കാര്യങ്ങളിൽ നാം വ്യാപൃതരാകാറുണ്ടോ എന്നാണ് വിദൂഷകനു സംശയം.

ഒന്നാമൻ : രാജസന്നിധിയിൽ വച്ച് അപശബ്ദം പുറപ്പെടുവിക്കുന്നവരെ സംഘത്തിൽനിന്ന് പുറത്താക്കാം.

മറ്റുള്ളവർ : വാസ്തവം, വാസ്തവം; ഞങ്ങൾക്ക് രാജാവിന്റെ കാലുകൾ കണ്ടാൽ വിശപ്പില്ല.

ഒന്നാമൻ : പാടിക്കൊള്ളൂ.

('പാഹി പാഹി' എന്ന പല്ലവി ഏവരും ചേർന്ന് പാടിക്കൊണ്ടു പോകുന്നു. കേവലരാമൻ പ്രേക്ഷകർക്ക് പിന്തിരിഞ്ഞു പ്രവേശിക്കുന്നു. രംഗത്തു വന്നശേഷം, തന്നോടൊപ്പം വന്ന മറ്റൊരാളെ ആംഗ്യംകാട്ടി വിളിക്കുന്നു. കേവലരാമൻ ആകെ ഭയപ്പെട്ടാണ്. ചിന്താരാമൻ പ്രവേശിക്കുന്നു. കൈയിൽ ഒരു തടിച്ച പുസ്തകമുണ്ട്).



കേവലരാമൻ : നിങ്ങൾ ആരാ?

ചിന്താരാമൻ : (നിർഭയം) നിങ്ങൾക്കു പിടികിട്ടാത്ത ആളാണ്. നിങ്ങൾ എന്തിനു ഭയപ്പെടുന്നു?

കേവലരാമൻ : ഇവിടെയാകെ ശവത്തിന്റെ ദുർഗന്ധം നിങ്ങൾക്ക് തോന്നിയില്ലേ?

ചിന്താരാമൻ : ഇല്ല (ഒരു ഇരിപ്പിടത്തിൽ ഇരുന്ന് പുസ്തകം നിവർത്തി മൗനമായ വായന തുടങ്ങുന്നു).

കേവലരാമൻ : നിങ്ങടെ കൈയിൽ എന്തിനാണ് ഈ തടിച്ച പുസ്തകം?

ചിന്താരാമൻ : നിങ്ങൾക്കു പറഞ്ഞാൽ മനസ്സിലാവില്ല.

കേവലരാമൻ : നിങ്ങൾ ഇവിടെയിരുന്ന് വായിക്കാനാണോ ഭാവം? ഭയം തോന്നുന്നുണ്ടോ? (ചിന്താരാമൻ മൗനം)

തോന്നുന്നില്ലേ? (തെല്ലിട) ഇതെന്തൊരു നശിച്ച വായന! ഭയം കൂടുന്നു. (തെല്ലിട) ഇവിടെ വരരുതായിരുന്നു, ഇല്ലേ?

ചിന്താരാമൻ : എനിക്കങ്ങനെ തോന്നുന്നില്ല. സമീപനത്തിന്റെ വ്യത്യാസമാണ്.

(കേവലരാമൻ എന്തോ ശബ്ദംകേട്ട് ഭയന്നു വാതിൽക്കൽ പോയി നോക്കിയിട്ട് തിരികെ വരുന്നു.)

കേവലരാമൻ : നിങ്ങളെന്താ വായിക്കുന്നത്?

ചിന്താരാമൻ : ഇതൊരു പുസ്തകം (ഭയപ്പെടുത്തുന്ന ശബ്ദം).

കേവലരാമൻ : അയ്യോ! നിങ്ങൾ ആ ശബ്ദം കേട്ടില്ലേ? (തെല്ലിട) നാം തമ്മിൽ ഇവിടെവച്ചു കണ്ടുമുട്ടിയതു നന്നായി.

ചിന്താരാമൻ : ആർക്ക്?

കേവലരാമൻ : എനിക്കും നിങ്ങൾക്കും രാജ്യത്തിനും.

ചിന്താരാമൻ : ഓഹോ! എനിക്കങ്ങനെ തോന്നിയില്ല. (തെല്ലിട) നിങ്ങൾക്കിരിക്കാൻ സ്ഥലമില്ലെന്നാണോ? അതാ, ആ സിംഹാസനത്തിൽപ്പോയിരുന്നു കൊള്ളൂ.

കേവലരാമൻ : സിംഹാസനത്തിലോ? (നോക്കിയിട്ട്) ഇതിൽ രണ്ടു കാലുകൾ!

ചിന്താരാമൻ : അതങ്ങോട്ടു മാറ്റിവച്ചിട്ടിരിക്കൂ. ഏതായാലും ശല്യപ്പെടുത്താൻ പറ്റുകയില്ല. ഞാൻ ഒന്നു വായിച്ചുകൊള്ളട്ടെ.

കേവലരാമൻ : വായിക്കാൻ ഇതൊരു പറ്റിയ സ്ഥലമാണോ? ആയിരിക്കും. എനിക്കു ഭയം വരുന്നു. (ഒന്നുരണ്ടു വട്ടം അക്ഷമനായി ചോദ്യം ചോദിക്കാൻ ഒരുങ്ങി സ്വയം നിയന്ത്രിച്ച്, ഒടുവിൽ നിയന്ത്രണംവിട്ട്) പിണങ്ങരുത്. ഒരു ചോദ്യം ചോദിച്ചോട്ടെ. നിങ്ങടെ പേരെന്താ?

ചിന്താരാമൻ : ചിന്താരാമൻ

കേവലരാമൻ : ഭേഷ്! നാം ചേരേണ്ടവരാണ്. (ചിന്താരാമന്റെ കൈപിടിച്ച് കുലുക്കുന്നു) എന്റെ പേർ കേവലരാമൻ എന്നാണ്.

ചിന്താരാമൻ : കേവലരാമാ, ദയവുചെയ്ത് മിണ്ടാതിരിക്കൂ. ആ സിംഹാസനത്തിൽപ്പോയി സുഖമായി, രാജാരാമനായി ഇരുന്നുകൊള്ളൂ.

കേവലരാമൻ : പക്ഷേ, നിങ്ങൾ അപകടം വരുമ്പോൾ എന്നെ വിട്ടുകളയരുത്.

ചിന്താരാമൻ : ഹേയ്, ഞാനോ! ഞാൻ കൂടെയുണ്ട്.

(സിംഹാസനത്തിലെ കാലുകൾ ഒതുക്കിവച്ച് കേവലരാമൻ അതിലിരുന്ന് ഉറക്കം തൂങ്ങുന്നു. ചിന്താരാമൻ വായനയിൽത്തന്നെ. കൊത്തുവാൾ കവാത്തുചെയ്ത് പ്രവേശിക്കുന്നു. ദീർഘകായൻ, വലിയ മേൽമീശ, നിയമപാലകന്റെ വേഷം. കൈയിൽ ഒരു ദണ്ഡുണ്ട്.)

കൊത്തുവാൾ : എടാ, ധിക്കാരീ! സിംഹാസനത്തിൽ കയറിയിരിക്കുന്നോ! അഗ്നിവർണമഹാരാജാവിന്റെ പ്രിയപ്പെട്ട കൊത്തുവാളാണു ഞാൻ.

(കേവലരാമൻ ഉണരുന്നു)

ചിന്താരാമൻ : ഓഹോ! അപ്പോൾ സ്ഥലത്തെ നിയമരാമൻ!

കൊത്തുവാൾ : അതെ, നിയമരാമൻ, നമ്മുടെ മഹാരാജാവിന് അദ്ദേഹത്തിന്റെ കുലത്തിൽ അത്യുന്നതനായിരുന്ന ശ്രീരാമചന്ദ്രന്റെ പേരുകൂടെകൂട്ടി എല്ലാവരും അറിയപ്പെടുന്നത് ഇഷ്ടമാണ്. നമ്മുടെ മഹാരാജാവിനു മറ്റൊരിഷ്ടം കൂടിയുണ്ട്. അദ്ദേഹത്തിന്റെ കാലുകളെ ശല്യപ്പെടുത്തി സിംഹാസനത്തിൽ ഇരിക്കുന്ന പ്രജാരാമന്മാരെ പിടലിക്കു പിടിച്ചു തള്ളുക. (കേവലരാമനെ തള്ളാൻ പിടിക്കുന്നു.)

കേവലരാമൻ : ചിന്താരാമാ, അപകടത്തിൽ താൻ എന്നെ കൈവിടുകയില്ലെന്നുറപ്പുതന്നതു മറന്നിട്ട് പുസ്തകം വായനയാണോ?

ചിന്താരാമൻ : കൊത്തുവാൾ, നിങ്ങൾ ആരായാലും വെറുതെ നിയമം കൈയിലെടുത്ത് ആപത്തിൽ ചാടരുത്.

കൊത്തുവാൾ : അതാണെടോ എന്റെ ജോലി.

ചിന്താരാമൻ : ആപത്തിൽ ചാടലോ?

കൊത്തുവാൾ : അല്ല, ദേ ഇതു കൈയിൽ വയ്ക്കുക. (ദണ്ഡുയർത്തി കാട്ടുന്നു).

ചിന്താരാമൻ : (പുസ്തകം ഉയർത്തിക്കാട്ടി) ഇതുകണ്ടോ?

(കൊത്തുവാൾ കേവലരാമനെ ബലമായി പിടിച്ചു താഴെയിട്ട് ദണ്ഡുകൊണ്ടടിക്കുന്നു. ചിന്താരാമൻ ഇതൊന്നും ശ്രദ്ധിക്കാതെ വായനയിൽത്തന്നെ.)

കേവലരാമൻ : (താഴെ വീണതിലും അടികൊണ്ടതിലും ശ്രദ്ധയില്ലാതെ) ആട്ടെ, ഇവിടെ ഒരു രാജാവുണ്ടോ?

കൊത്തുവാൾ : ഇപ്പോൾ മനസ്സിലായില്ലേ?

കേവലരാമൻ : അതാ ചോദിച്ചത്. എനിക്കൊരു സംശയം. നിങ്ങൾതന്നെയല്ലേ, അഗ്നിവർണമഹാരാജാവ്?

കൊത്തുവാൾ : എന്തുവേണമെങ്കിലും ധരിച്ചോളണം.

കേവലരാമൻ : (സിംഹാസനത്തിൽ ചൂണ്ടി) ആ മരക്കാലുകൾ ആരുടേതാണ്?

കൊത്തുവാൾ : രാജാവിന്റേതാണ്.

കേവലരാമൻ : രാജാവിന്റെ ബാക്കി എവിടെ? ശരീരം, തല, കൈകൾ, ചെവികൾ, മസ്തകം, മൂക്ക്, ശബ്ദം?

കൊത്തുവാൾ : അതെല്ലാം പിന്നിലേക്ക് അതതിന്റെ സ്ഥാനത്തു തന്നെയുണ്ട്.

കേവലരാമൻ : ഉണ്ടോ? ഓ! നല്ല ഘടന കേട്ടോ ചിന്താരാമാ, നമ്മുടെ അഗ്നിവർണമഹാരാജാവിന്റെ ഇന്ദ്രിയഘടന കണ്ടോ?

ചിന്താരാമൻ : എനിക്കീ ഘടന അറിയാം. അതല്ലേ ഞാൻ തന്നെപ്പോലെ ഭയപ്പെടാത്തത്. അതു കണ്ടുരസിക്കാനാ ഞാൻ ഇവിടെ വന്നത്.

കേവലരാമൻ : ഞാൻ വന്നത് എന്റെ സങ്കടങ്ങൾ ആ തൃപ്പാദങ്ങളിൽ ഉണർത്താനാണ്.

ചിന്താരാമൻ : കാലുകളോടു സങ്കടം ഉണർത്താനോ? ഭ്രാന്ത്! ആട്ടെ, തന്റെ സങ്കടമെന്താ?

കേവലരാമൻ : ഇവിടെ ഒരു രാജാവില്ലെന്ന്.

കൊത്തുവാൾ : ഇവിടെ ഒരു രാജാവുണ്ട്; അന്നദാതാവായ പൊന്നുതമ്പുരാൻ.

ചിന്താരാമൻ : അതു ഞാനാണ്; ആ കാണുന്നത് എന്റെ കാലുകളാണ്.

കൊത്തുവാൾ : ഭ്രാന്തു പറയാതെടോ, ഇവിടെയിരുന്ന് അലക്ഷ്യമായി പുസ്തകം വായിച്ചതിനു തനിക്കു വേണെങ്കിൽ മാപ്പുതരാം. എന്നാൽ രാജദ്രോഹം പറയുന്നതിനു മാപ്പില്ല. രക്ഷ വേണമെങ്കിൽ ഇവിടം വിട്ടു പോയ്ക്കൊള്ളണം.

ചിന്താരാമൻ : കൊത്തുവാൾ തമാശ പറയുകയാണോ?

കൊത്തുവാൾ : അതിനു ഞാൻ വിദൂഷകനല്ല.



കേവലരാമൻ : നിങ്ങളാരായാലും വേണ്ടില്ല. നിങ്ങൾ ഒരു ചുക്കും ചെയ്യാനില്ല. ഞാനാണു രാജാവ്; എന്റെ കാലുകളാണ് ആ കാണുന്നത്. എന്റെ കാലുകൾ നിങ്ങൾക്ക് മാപ്പു തന്നിരിക്കുന്നു.

കൊത്തുവാൾ : ഉത്തരവ്...........

ചിന്താരാമൻ : ഓ, താൻ കളിയാക്കണ്ടാ. ഇവിടെ ഒരു രാജാവില്ലെന്ന് ഞാൻ പറയുന്നു.

കേവലരാമൻ : (ചിന്താരാമന്റെ കൈയിലെ പുസ്തകം പിടിച്ചുയർത്തി) ഇതു കണ്ടോ കൊത്തുവാളേ?

കൊത്തുവാൾ : (ദണ്ഡുയർത്തിക്കാട്ടി) ഇതുകണ്ടോ? നിങ്ങളുടെ പുസ്തകത്തേക്കാൾ തടിച്ച പുസ്തകങ്ങൾ ഈ കൊട്ടാരത്തിൽ അടുങ്ങിയിരുപ്പുണ്ട്. ഞങ്ങളുടെ രാജാവ് എന്തു പുസ്തകം തിന്നുതീർത്ത ആളാണെന്നോ!

ചിന്താരാമൻ : അപ്പോൾ അദ്ദേഹത്തിനു വായുണ്ട്!

കൊത്തുവാൾ : വായുണ്ടെങ്കിലും വായിക്കാൻ നേരമില്ലാഞ്ഞിട്ട് അദ്ദേഹം വേറൊരാളെ ഇരുത്തി വായിപ്പിക്കുന്നുണ്ട്, അറിയാമോ?

(രാജാവിന്റെ എഴുന്നള്ളത്തിനെ സൂചിപ്പിക്കുന്ന കൊമ്പുവിളി കേൾക്കുന്നു.)

കൊത്തുവാൾ : (തിടുക്കത്തിൽ) മാറിക്കൊള്ളൂ, ഇനി ഇവിടെ നിൽക്കരുത്, മഹാ രാജാവെഴുന്നള്ളുന്നു.

കേവലരാമൻ : നമുക്കിവിടെത്തന്നെ നിൽക്കാം; രാജാവു നമ്മെ എന്തു ചെയ്യാനാ!

ചിന്താരാമൻ : (പുസ്തകം ഉയർത്തി) എന്തു ചെയ്യാനാ? ഒരു ചുക്കും ചെയ്യാനില്ല.

കൊത്തുവാൾ : ഉം, മാറിൻ, പൊയ്ക്കൊള്ളിൻ. (ഇരുവരേയും തള്ളി മാറ്റുന്നു.)

കേവലരാമൻ : ഹേയ്, തള്ളാതെ. രാജാവിനെ ഞങ്ങൾക്കു കാണണം.

കേവലരാമൻ : ഞങ്ങൾക്കു കാലു മാത്രം കണ്ടാൽ പോരാ.

(രാജഗുരു പ്രവേശിക്കുന്നു. പിന്നിലേക്കു മുടി. പാളത്താറും മേൽമുണ്ടും പൂണൂലും. കൈയിൽ അറ്റം വളഞ്ഞ വെള്ളികെട്ടിയ സവാരിവടി. കൊത്തുവാൾ രാജഗുരുവിനെ വണങ്ങി തന്നെപ്പോലെ വണക്കംകാട്ടാൻ രാമന്മാരോട് ആംഗ്യം കാട്ടുന്നു.)

ആരിത്? സാക്ഷാൽ ചാണക്യനോ?

ചിന്താരാമൻ : അല്ലാ, വസിഷ്ഠൻ.

കൊത്തുവാൾ : ഛി! ധിക്കാരം പറയുന്നോ? ഇതാണ് രാജഗുരു, തൊഴുതോളൂ.

ചിന്താരാമൻ : ഓഹോ! അപ്പോൾ രാജാവല്ലേ! ഞാൻ വിചാരിച്ചു രാജാവാണെന്ന്.

രാജഗുരു : എന്നിട്ടും നിങ്ങൾ വിനയം കാട്ടിയില്ല!

ചിന്താരാമൻ : രാജഗുരു! രാജാവിനെക്കാൾ താൻ തന്നെയാണേടോ വലിയവൻ!

കൊത്തുവാൾ : താനോ? അധികപ്രസംഗീ!

രാജഗുരു : കൊത്തുവാൾ! ഇവരെ നാം വിദൂഷകരാക്കുന്നു. വിശേഷേണ ദൂഷ കർ, അവരെന്തും പറഞ്ഞുകൊള്ളട്ടെ.

ചിന്താരാമൻ : രാജഗുരുവേ, ഇവിടെ ഭരണം എന്നൊന്നുണ്ടോ?

രാജഗുരു : പിന്നെയില്ലാതെ...?

ചിന്താരാമൻ : എവിടെ മഹാരാജാവ്?

കേവലരാമൻ : ഞങ്ങളുടെ പരാതി ആരോടാ ഒന്നു പറയേണ്ടത്?

രാജഗുരു : (സിംഹാസനം കാട്ടി) അവിടെ പറഞ്ഞുകൊള്ളൂ. ഞാൻ കുറി ച്ചെടുക്കും. രാജാവിന്റെ കാലാണ് എന്റെ ചെവി.

ചിന്താരാമൻ : എങ്കിൽ ഞങ്ങൾക്ക് പരാതിയില്ല.

കേവലരാമൻ : രാജാവിന്റെ കാലുകൾക്ക് പകരം അദ്ദേഹത്തിന്റെ തന്നെ രണ്ടു ചെവികൾ ഇവിടെ വച്ചുകൂടേ?

രാജഗുരു : രാജാവിന്റെ ഇന്ദ്രിയങ്ങൾക്കെല്ലാം പിടിപ്പതു ജോലിയുണ്ട്.

ചിന്താരാമൻ : ജോലിയെല്ലാം തീർത്ത് ഇന്ദ്രിയങ്ങൾ സ്വതന്ത്രമാവട്ടെ. അതുവരെ ഞങ്ങൾ കാത്തിരിക്കാം.("പാഹി പാഹി" എന്ന പല്ലവി ദൂരെ കേൾക്കുന്നു.)

കേവലരാമൻ : ഈ രാജഗുരു മുമ്പാരായിരുന്നുവെന്ന് രാജ്യത്താർക്കാണറിഞ്ഞു

കൂടാത്തത്? ഹേ, രാജഗുരോ, മരിച്ചുപോയ രാജാവിന്റെ വിദൂഷക നായിരുന്നില്ലേ നിങ്ങൾ?

ചിന്താരാമൻ : എടോ കേവലരാമാ, മരിച്ചുപോയതല്ല, കൊന്നുകളഞ്ഞ രാജാവ്. ഇപ്പോഴത്തെ കാലുകാരൻ രാജാവിന്റെ ഭ്രാന്തുപിടിച്ച ഇന്ദ്രിയങ്ങളുടെ ലഹരിയിൽ ഇയാളല്ലേ പഴയ രാജാവിനെ വധിച്ചത്, അതോടെ ഈ വംശത്തിൽപ്പെട്ട എല്ലാ രാജാക്കന്മാരെയും ഇയാൾ കൊന്നുകളഞ്ഞു.

രാജഗുരു : നിർത്ത്! നിങ്ങളെ ഞാൻ വെറുതെ വിടാൻ നിശ്ചയിച്ചിട്ടില്ല. കൊലമരത്തിലേറ്റും.

ചിന്താരാമൻ : ബുദ്ധിരാമൻ ഇടയ്ക്ക് തട്ടിവിടുന്ന തമാശയായിരിക്കും.

കേവലരാമൻ : കൊത്തുവാളെന്താ തുറിച്ചുനോക്കുന്നത്? (ചിന്താരാമന്റെ കൈയിലെ പുസ്തകം ഉയർത്തിക്കാട്ടി) ഇതു കണ്ടോ?

കൊത്തുവാൾ : (ദണ്ഡുയർത്തി) ഇതുകണ്ടോ?

കേവലരാമൻ : ശരി, അരക്കൈ നോക്കിക്കളയാം.

(കൊത്തുവാൾ തന്റെ കൈയിലെ ദണ്ഡുയർത്തിക്കൊണ്ട് കേവലരാമന്റെ നേർക്കടുക്കുന്നു. കേവലരാമൻ ചിന്താരാമന്റെ കൈയിലെ പുസ്തകം വാങ്ങി അതും ഉയർത്തിപ്പിടിച്ച് കൊത്തുവാളിന്റെ നേർക്കും അടുക്കുന്നു. പിന്നിൽ യുദ്ധത്തെ ദ്യോതിപ്പിക്കുന്ന വാദ്യമേളം മുറുകി, താഴുന്നു. സമരത്തിനെന്നപോലെ ഇരുവരും നിൽക്കുന്നു.)

രാജഗുരു : (സിംഹാസനത്തിലിരുന്ന്) നടക്കട്ടെ, നാം കണ്ടു രസിക്കാം.

ചിന്താരാമൻ : രാജഗുരുവിനിരിക്കാനുള്ളതല്ല ആ സിംഹാസനം.

രാജഗുരു : പിന്നെ?

ചിന്താരാമൻ : ഞങ്ങൾക്കിരിക്കാനുള്ളതാണ്. അല്ലെങ്കിൽ ഞങ്ങൾക്കിന്ദ്രിയങ്ങൾ നഷ്ടപ്പെടുമ്പോൾ ഞങ്ങൾ ഞങ്ങളുടെ കാലുകൾ അവിടെ വച്ചുകൊള്ളാം.

കൊത്തുവാൾ : അവിടുന്നു മറുപടി ഒന്നും പറയണ്ട. നിയമത്തെ ധിക്കരിക്കുന്നവരോടിടപെടാൻ ഇവിടെ ഭാഗ്യവശാൽ ഒരു കൊത്തുവാളുണ്ട്.

(രാജാവിന്റെ വരവിനെ സൂചിപ്പിക്കുന്ന കൊമ്പുവിളി കേൾക്കുന്നു. രാജഗുരു എഴുന്നേറ്റ് രാജാവിനെ സ്വീകരിക്കാൻ തയാറായി നിൽക്കുന്നു. കൊത്തുവാളും തയാറായി നിൽക്കുന്നു.)

വിദൂഷകൻ : ആകെ എന്താ ഒരു മൗനം? വിദൂഷകൻ പ്രവേശിക്കുമ്പോൾ ഏവരും തല കുമ്പിട്ടു നിൽക്കുന്നല്ലോ.

രാജഗുരു : താനാണോ! വിദൂഷകന്റെ എഴുന്നള്ളത്തിനും കൊമ്പും കുഴലുമോ? ഈ പതിവെന്നു തുടങ്ങി?

വിദൂഷകൻ : വിദൂഷകൻ രാജാവിന്റെ ഉറ്റ തോഴനാണെന്ന് കുഴലൂത്തുകാർക്കറി

യാം. എന്റെ പുറപ്പാടിന് എന്തിനു കൊമ്പും കുഴലും വേണ്ടെന്ന് വയ്ക്കണം? ആയിക്കൊള്ളട്ടെ, വിരോധമില്ല.

രാജഗുരു : ആർക്കു വിരോധമില്ല? നാം രാജഗുരു, വിരോധിക്കുന്നു.

വിദൂഷകൻ : എന്റെ തോഴൻ അഗ്നിവർണമഹാരാജാവു ജീവിച്ചിരിക്കുമ്പോഴോ? ശിക്ഷയായി!

കേവലരാമൻ : അങ്ങനെയൊരാൾ ജീവിച്ചിരിപ്പുണ്ടോ?

വിദൂഷകൻ : ആ ചോദ്യം വിദൂഷകന് നന്നേ ബോധിച്ചു. മഹാരാജാവ് ജീവിച്ചി രിപ്പുണ്ടോ എന്ന്. എന്നാൽ, പറയാം, കഷ്ടിച്ച് ജീവിച്ചിരിപ്പുണ്ട് (ചിരിക്കുന്നു).

ചിന്താരാമൻ : കാലുകൾ ജീവിച്ചിരിക്കുന്നു. ഇന്ദ്രിയങ്ങൾ മരിച്ചു ജീവിക്കുന്നു, ജീവിച്ചു മരിക്കുന്നു.

വിദൂഷകൻ : ആ ഹാസ്യവും ഒന്നാന്തരമായി. എന്നാൽ എന്റെ തോഴന്റെ ഇന്ദ്രിയ ങ്ങൾ സദാ ഉണർന്നുതന്നെയാണ്. കൊത്തുവാൾ, ഈ രസികന്മാർ ആരാണ്?

കേവലരാമൻ : ചിന്താരാമാ, ഇതു വിദൂഷകനാണോ? ഇയാൾ രാജാവ് വേഷം മാറിയതല്ലേ? അങ്ങനെ വിശ്വസിക്കാൻ തോന്നുന്നു.

ചിന്താരാമൻ : ഏയ്! അയാൾക്കു രണ്ടു കാലുകൾ വേറെത്തന്നെയുണ്ടല്ലോ. അയാൾ ആരാണെന്ന് ഞാൻ പറഞ്ഞുതരാം. ഹാസ്യനടനാണ്. പാവം! ഒരു നല്ലകാലം ഉണ്ടായിരുന്നു. കഴിഞ്ഞുപോയ രാജാവിന്റെ കാലത്തു മന്ത്രിയോ രാജഗുരുവോ ഏതാണ്ടായിരുന്നു. ഇപ്പോൾ ജോലിയിൽ നിന്ന് തരംതാഴ്ത്തി.

വിദൂഷകൻ : ഏയ്! തരം പൊക്കി എന്നു പറയുക. വിദൂഷകനാണ് ഒന്നാം സ്ഥാനം.

ചിന്താരാമൻ : വളരെ ശരി. തന്റെ ജോലി രാജാവിന്റെ കാലെടുത്ത് സിംഹാസന ത്തിൽ വയ്ക്കലല്ലേ? പ്രജകൾക്ക് സങ്കടം ബോധിപ്പിക്കാൻ എന്നും കാലെടുത്ത് വയ്ക്കുക. സമയം കഴിഞ്ഞാൽ അതെടുത്ത് തിരികെ കൊണ്ടുപോകുക.

വിദൂഷകൻ : വാസ്തവത്തിൽ കാലുകൾ തിരികെ കൊണ്ടുപോകാൻ നേരമാ യി. അതാണിങ്ങോട്ട് വന്നത്. ഇതെത്ര കണിശമായി മനസ്സിലാക്കി യിരിക്കുന്നു!

കേവലരാമൻ : പാവം! ഹേ വിദൂഷകൻ, താനല്ല രാജാവെന്നു വിശ്വസിക്കാൻ എന്റെ മനസ്സു തയാറല്ല. താനാ സിംഹാസനത്തിലേക്കിരുന്നുകൊള്ളൂ. ഞങ്ങൾ കൊതി തീരെ ഒന്നു വിളിക്കട്ടെ.
(വിളിക്കുന്നു) ഹാസ്യരാമാ...

വിദൂഷകൻ : ഫലിതം അങ്ങോട്ടേറ്റെടുത്തോ? എന്നാൽ ഇനി ഒന്നു തുറന്ന ങ്ങോട്ടു പറയാം. ഞാൻ ആ സിംഹാസനത്തിൽ എന്റെ തോഴന്റെ കാൽക്കൽ ഒന്നിരുന്നാലും തോഴൻ ഒന്നും പറയുകയില്ല.

| | | |
|---|---|---|
| ചിന്താരാമൻ | : | അതു മനസ്സിലായി; ആരിരുന്നാലും ഒന്നും പറയാത്ത തോഴനാണ്. |
| വിദൂഷകൻ | : | ഏയ്, അതൊന്നുമല്ല. അങ്ങനെ വല്ലവർക്കും കയറി ഇരിക്കാനുള്ളതല്ല എന്റെ തോഴന്റെ സിംഹാസനം. രാജഗുരുവിനു പോലും അവിടെ ഇരിക്കാൻ കാര്യമില്ല. എന്നാൽ ഞാൻ, വിദൂഷകൻ ഇരുന്നൊന്നിരിക്കും. (സിംഹാസനത്തിൽ ഇരിക്കാൻ തുടങ്ങുന്നു.) |
| രാജഗുരു | : | (സഗൗരവം) കൊത്തുവാൾ! |
| കൊത്തുവാൾ | : | വിദൂഷകൻ, അവിടെ ഇരുന്നുകൂടാ. നിയമം അതിനനുവദിക്കുന്നില്ല. |
| വിദൂഷകൻ | : | കൊത്തുവാളും മഹാ ഫലിതപ്രിയനാണല്ലോ. ഇവിടെ ഇരുന്നാൽ എന്തുവരുമെന്നറിയട്ടെ. (ഇരിക്കാൻ തുടങ്ങുന്നു). |
| രാജഗുരു | : | കൊത്തുവാൾ! |
| കൊത്തുവാൾ | : | വിദൂഷകൻ, നിങ്ങൾക്കു നിയമം ധിക്കരിക്കാൻ അനുവാദമില്ല. ഉണ്ടെങ്കിൽ അതിനനുവദിച്ചുകൊണ്ടുള്ള തിരുവെഴുത്തുണ്ടാകണം. |
| വിദൂഷകൻ | : | തിരുവെഴുത്തൊക്കെ എഴുതുന്നതു ഞാൻ തന്നെയല്ലേ കൊത്തുവാളേ, പരിഭ്രമിക്കണ്ടാ. തോഴരാണു തുല്യം ചാർത്തുന്നതെങ്കിലും എഴുത്തൊക്കെ ഞാൻ തന്നെ. |
| രാജഗുരു | : | ഇവിടെ തിരുവെഴുത്തെല്ലാം ഈ രാജഗുരുവിന്റെ അധികാരത്തിലാണ്. |
| ചിന്താരാമൻ | : | ഇവിടെ തിരുവെഴുത്തു പോയിട്ട് എഴുത്തുതന്നെയുണ്ടോ? |
| കേവലരാമൻ | : | ഏതായാലും ഹാസ്യരാമൻ തന്നെ മഹാരാജാവ് എന്ന് എന്റെ മനസ്സു പറയുന്നു. അദ്ദേഹം സിംഹാസനത്തിൽ ഇരിക്കട്ടെ. ഒന്നും സംഭവിക്കാൻ പോണില്ല. അദ്ദേഹത്തോടെങ്കിലും സങ്കടം പറയാമല്ലോ. |
| വിദൂഷകൻ | : | തിരുവെഴുത്തിന്റെ കാര്യം പറഞ്ഞതുപോലെ സങ്കടം കേൾക്കുന്നതും ഞാൻ തന്നെ. ഞാൻ ഏതായാലും ഈ സിംഹാസനത്തിൽ ഒന്നിരുന്നിട്ടു സങ്കടം കേൾക്കാം. (സിംഹാസനത്തിൽ ഇരിക്കുന്നു.) |
| കൊത്തുവാൾ | : | നിയമത്തെ ധിക്കരിക്കാമെന്നായോ? അതും, കൊത്തുവാൾ ഇവിടെ നിൽക്കുമ്പോൾ – സാധ്യമല്ല, സിംഹാസനത്തിൽ നിന്ന് മാറ്. (വിദൂഷകനെ തള്ളിയിടുന്നു.) |
| വിദൂഷകൻ | : | (വീണ കിടപ്പിൽ) സാരമില്ല, മറ്റാരെങ്കിലും എന്റെ തോഴന്റെ സിംഹാസനത്തിലിരുന്നാൽ ഇതാണനുഭവം. നിയമത്തിന്റെ ശക്തി എന്താണെന്നറിയും. അതു കൊത്തുവാൾ ഭംഗിയായി നടിച്ചു കാണിച്ചു. തോഴരോടു കൊത്തുവാളിന്റെ മിടുക്കും ആത്മാർഥതയും ഞാൻ പറഞ്ഞു മനസ്സിലാക്കി ജോലിക്കയറ്റം വാങ്ങിത്തന്നുകൊള്ളാം. |
| ചിന്താരാമൻ | : | അടുത്ത വിദൂഷകനായിട്ടായിരിക്കും. |
| കേവലരാമൻ | : | എല്ലാവരും ഇങ്ങനെ വിദൂഷകരായാലോ! എന്റെ പരാതി ആരോടെങ്കിലും ഒന്നു ബോധിപ്പിക്കണമല്ലോ. |
| ചിന്താരാമൻ | : | എന്താ കേവലരാമാ തന്റെ പരാതി? |

കേവലരാമൻ : ഇവിടെ ഒരു രാജാവില്ലെന്നതു തന്നെ.

(രാജാവിന്റെ വരവിനെ സൂചിപ്പിക്കുന്ന കൊമ്പുവിളി കേൾക്കുന്നു.)

കൊത്തുവാൾ : ഏവരും ജാഗ്രത. അഗ്നിവർണമഹാരാജാവെഴുന്നള്ളുന്നു.

കേവലരാമൻ : ഓ, ചുമ്മാ. അഗ്നിവർണമഹാരാജാവ്! എഴുന്നള്ളത്ത്! അതിന് അദ്ദേഹത്തിന്റെ കാലുകൾ ഇവിടെത്തന്നെയുണ്ടല്ലോ. പുലിവരുന്നേന്ന് പറഞ്ഞപോലെയാ.

ചിന്താരാമൻ : എങ്കിൽ ഇത്തവണ പുലിയായിരിക്കും. ആണെങ്കിലും നമുക്കെന്താ?

(മുറ്റമടിക്കുന്ന ചൂലും കിണ്ടിയിൽ വെള്ളവുമായി അടിച്ചുതളിക്കാരി പ്രവേശിക്കുന്നു).



കേവലരാമൻ : അല്ലാ, ഇത്തവണ പതിവുതെറ്റിയല്ലോ. ഒരു പെണ്ണാണ്.

ചിന്താരാമൻ : രാജാവ് വാസ്തവത്തിൽ പെണ്ണാണോ?

കേവലരാമൻ : ഏയ്, അഗ്നിവർണൻ ആണിന്റെ പേരല്ലേ. പോരാഞ്ഞിട്ട് താൻ മുമ്പേ പറഞ്ഞപോലെ, അദ്ദേഹത്തിന്റെ കാലുകൾ ഇവിടെയുണ്ടല്ലോ. ഇത് ആൺകാലാണു താനും. അദ്ദേഹം തൻകാലിലേ നിൽക്കൂ.

ചിന്താരാമൻ : ആരാണെന്ന് നേരിട്ടു ചോദിക്കൂ. ഇവിടെ കാര്യവിവരമുള്ളവരെല്ലാം മൗനത്തിലാണ്.

കേവലരാമൻ : കൈയിൽ ഒരു ചൂലും പിന്നെ ഒരു കിണ്ടി വെള്ളവും. ഹേയ്, സ്ത്രീയേ, നിങ്ങൾ ആരാണ്?

അടിച്ചുതളിക്കാരി: ഞാൻ കൊട്ടാരത്തിലെ അടിച്ചുതളിക്കാരിയാ.

കേവലരാമൻ : കുഴലൂത്തുകാരുടെ ഒരു പാട്! അടിച്ചുതളിക്കാരിക്കും അവർ അകമ്പടി സേവിക്കണം. അഗ്നിവർണമഹാരാജാവിന്റെ നീതി കൊള്ളാം.

ചിന്താരാമൻ : സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം!

കേവലരാമൻ : എന്താ അടിച്ചുതളിക്കാരീ, ഈ അനവസരത്തിൽ ആയുധങ്ങളുമായി പ്രത്യക്ഷപ്പെടാൻ?

അടിച്ചുതളിക്കാരി : ആയുധമെന്തിനാ, ശിക്ഷിക്കാനല്ലാതെ?

കേവലരാമൻ : ശിക്ഷിക്കാൻ രാജാവില്ലേ?

ചിന്താരാമൻ : രാജാവിന്റെ ഇന്ദ്രിയങ്ങൾക്കു നേരമില്ലെങ്കിൽ കൊത്തുവാളില്ലേ?

കേവലരാമൻ : ആരേക്കാളും മുകളിൽ രാജഗുരുവില്ലേ?

ചിന്താരാമൻ : അതിനും മുകളിൽ വിദൂഷകനില്ലേ?

വിദൂഷകൻ : എന്നാൽ വിദൂഷകൻ ഇനി ഒരു സത്യം പറയാം. മറച്ചുവയ്ക്കുന്നില്ല. അടിച്ചുതളിക്കാരി തന്നെയാണേ വിദൂഷകന്റെയും മുകളിൽ.
(കേവലരാമനും ചിന്താരാമനും ചിരിക്കുന്നു).
ചിരിക്കാൻ ഫലിതം പറഞ്ഞതല്ല.

അടിച്ചുതളിക്കാരി : എനിക്കിതൊന്നും അറിഞ്ഞുകൂടാ. എല്ലാവരും ഒന്നു മാറിത്തരണം. ഇവിടമെല്ലാം ഒന്നടിച്ചുവാരണം.

ചിന്താരാമൻ : മാറിയില്ലെങ്കിൽ ഞങ്ങളെ ചവറാക്കുമായിരിക്കും.

അടിച്ചുതളിക്കാരി : അല്ലാണ്ടു ഞാൻ എന്തു ചെയ്യാനാ?

കേവലരാമൻ : രാജഗുരുവിനെയും ചവറാക്കുമോ?

ചിന്താരാമൻ : രാജഗുരുവോ? അതിനു രാജാവെവിടെ?

കേവലരാമൻ : അതു ശരിയാ. രാജാവില്ലെങ്കിൽ പിന്നെ രാജഗുരുവുണ്ടോ?

രാജഗുരു : രാജാവില്ലേ?

ചിന്താരാമൻ : കൊള്ളാം! രാജഗുരുവിനും സംശയമായി. സംശയം എപ്പോഴും നല്ലതിനാണ്.

കേവലരാമൻ : അടിച്ചുതളിക്കാരീ, ഈ കാലുകളും അടിച്ചുവാരിക്കളയുമല്ലോ.

അടിച്ചുതളിക്കാരി : എനിക്കിതൊന്നും അറിയേണ്ട കാര്യമില്ല. എന്റെ ജോലി നോക്കണം.

രാജഗുരു : ആരു തന്ന ജോലി?

അടിച്ചുതളിക്കാരി : അതിനധികാരമുള്ളവർ.

രാജഗുരു : ഇവിടെ അങ്ങനെ അധികാരമുള്ളവർ ആരെങ്കിലുമുണ്ടോ?

അടിച്ചുതളിക്കാരി : അയ്യോടാ, ഇതെന്നാ പ്രാന്താ!

കൊത്തുവാൾ : സിംഹാസനത്തിൽ രാജാവുണ്ടെന്നോ ഇല്ലെന്നോ അടിച്ചുതളിക്കാരി ഉദ്ദേശിക്കുന്നത്?

അടിച്ചുതളിക്കാരി : എനിക്കങ്ങനെ ഒരുദ്ദേശോമില്ല.

കേവലരാമൻ : അവിടെ രണ്ടു കാലുകളുണ്ട്. തീർച്ച. എനിക്കു വ്യക്തമായി കാണാം.

അടിച്ചുതളിക്കാരി : ഒന്നുമറിഞ്ഞുകൂടാത്തവരെപ്പോലെ നിങ്ങളിങ്ങനെ പറഞ്ഞാലോ? എനിക്കുണ്ടല്ലോ, നിങ്ങളേക്കാൾ ഗൗരവം!

ചിന്താരാമൻ : കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്നത് വാസ്തവത്തിൽ കഷ്ടമാണ്.

കേവലരാമൻ : കാണാഞ്ഞിട്ടും കണ്ടെന്നു നടിക്കുന്നത് അതിലും കഷ്ടം!

ചിന്താരാമൻ : യഥാ രാജാ, തഥാ പ്രജാ.

കേവലരാമൻ : അഥവാ, യഥാ പ്രജാ, തഥാ രാജാ.

ചിന്താരാമൻ : വാസ്തവം. നമുക്കവകാശപ്പെട്ടതേ നമുക്കു ലഭിക്കൂ. (അടിച്ചുതളിക്കാരിയോട്) നിങ്ങൾ കൊട്ടാരത്തിലെ അടിച്ചുതളിക്കാരിയാണ്, അല്ലേ? നിങ്ങളാണ് ശരിക്കു രാജാവ്.

കേവലരാമൻ : രാജാവല്ല, രാജ്ഞി. ഞങ്ങടെ സങ്കടം അങ്ങോട്ടു പറയട്ടെ? ഇവിടമെല്ലാം ഒന്നടിച്ചു തളിച്ചു വൃത്തിയാക്കണേ, രാജ്ഞീ.

അടിച്ചുതളിക്കാരി : ഇത് നല്ല കൂത്ത്! എന്റെ ജോലിയാ അത്. ആരും എനിക്കു പറഞ്ഞുതരേണ്ട കാര്യമില്ല. പക്ഷേ, ഞാൻ നിങ്ങൾ പറഞ്ഞപോലെ രാജ്ഞിയൊന്നുമല്ല. (വിദൂഷകനോട്) തമാശുകാരാ. നിങ്ങൾ കൂടേ കൂടിക്കേ.

വിദൂഷകൻ : എല്ലാവരും മാറിക്കൊള്ളിൻ. അന്തരീക്ഷത്തിലെ മാറാലയെല്ലാം അടിച്ചു കളയട്ടെ. നിലത്തുകിടക്കുന്ന ചപ്പുചിപ്പെല്ലാം പറപ്പിച്ചു കളയട്ടെ.

(വിദൂഷകൻ ബഹളം കൂട്ടി ആളുകളെ തള്ളി മാറ്റുന്നു. സ്ത്രീ തിടുക്കത്തിൽ അന്തരീക്ഷത്തിലെ മാറാലയും തറയും ചൂലുകൊണ്ടടിച്ച് കിണ്ടിയിൽ നിന്ന് വെള്ളം എല്ലായിടത്തും തളിക്കുന്നു).

(മരക്കാലുകൾ തലയിൽ എടുത്തുവച്ചുകൊണ്ട്) ഇനി ഏവർക്കും പോകാം. അഗ്നിവർണമഹാരാജാവിന്റെ കാലുകൾ വിശ്രമത്തിനായി സ്വകാര്യമുറിയിലേക്ക് പോകുന്നു. ഇതിൽ കൂടുതൽ രാജ്യഭരണത്തിനു സമയം കളയാൻ അദ്ദേഹത്തിന്റെ കാലുകൾക്ക് സാധിക്കുന്നതല്ല.

(ഏവരും പിരിഞ്ഞുപോകുന്നു. “പാഹി പാഹി” എന്ന സംഘഗാനം ദൂരെ കേൾക്കാം.)

**(യവനിക)**

(കാവാലം നാടകങ്ങൾ)

ആശയത്തെ പ്രതീകമായി അവതരിപ്പിച്ച് ധ്വനിപാഠം നിർമ്മിക്കാനുള്ള ശ്രമം ഈ നാടകത്തിലുണ്ട്. ‘അഗ്നിവർണന്റെ കാലുകൾ’ അവതരിപ്പിക്കുന്ന ധ്വനിപാഠം എന്തെന്ന് ചർച്ചചെയ്ത് അപഗ്രഥനക്കുറിപ്പ് തയാറാക്കുക.

- 'അഗ്നിവർണന്റെ കാലുകൾ' എന്ന നാടകത്തിലെ ആക്ഷേപഹാസ്യാംശം താഴെ കൊടുത്ത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി നിരൂപണം തയാറാക്കുക.
    - അധികാരജീർണതയുടെ പ്രതീകമായി മാറുന്ന രാജാവ്.
    - അധികാരത്തിന്റെ ഇടനാഴികളിലെ ഉപജാപകവൃന്ദം.
- 'അടിച്ചുതളിക്കാരി' എന്ന കഥാപാത്രത്തിന്റെ രംഗപ്രവേശത്തോടെ നാടകത്തിനു കൈവരുന്ന സാമൂഹികമാനം ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.
- ഈ നാടകം രംഗത്തവതരിപ്പിക്കുമ്പോൾ താളാത്മകമായ ചുവടുകൾക്ക് സാധ്യതയുണ്ട്. അത്തരം ദൃശ്യസന്ദർഭങ്ങൾ നാടകത്തിൽനിന്ന് കണ്ടെത്തുക.
- ഈ പാഠഭാഗം റേഡിയോനാടകമാക്കി അവതരിപ്പിക്കാം.
  എന്തെല്ലാം മുന്നൊരുക്കങ്ങൾ വേണം?
    - 
    - 
    - 

  നാടകാവതരണത്തിനു ശേഷം ചർച്ചാവേദി(Open forum) സംഘടിപ്പിക്കാം.

  <u>*ചർച്ചാസൂചകങ്ങൾ*</u>
    - ഭാവമുൾക്കൊള്ളുന്ന സംഭാഷണം
    - വൈകാരികത
    - ശബ്ദനിയന്ത്രണം

  കാവാലത്തിന്റേത് ഒരു തനതുനാടകമാണ്. ഇത് റേഡിയോനാടകമാക്കിയപ്പോൾ വന്ന പരിമിതികൾ എന്തൊക്കെയാണ്?
  - പൊതുചർച്ച.

### തനതുനാടകം

കൂടിയാട്ടം, കഥകളി തുടങ്ങി നമ്മുടെ ക്ലാസിക്കൽ കലാപാരമ്പര്യത്തിൽനിന്നും കാക്കാരശ്ശിനാടകം, പൊറാട്ടുനാടകം, തെയ്യം, പടയണി മുതലായ തനത് നാടോടി ക്കലാരൂപങ്ങളിൽ നിന്നും ഊർജം സ്വീകരിച്ചുകൊണ്ട് സമകാലികജീവിതസമസ്യകൾ രംഗപാഠമാക്കുന്നതാണ് തനതുനാടകങ്ങളുടെ സവിശേഷത. പാട്ടും കൊട്ടും ആട്ടവും ഒത്തുചേരുന്ന അവതരണരീതിയാണ് ഇതിനാവശ്യം. ഉചിതമായ സന്ദർഭങ്ങളിൽ സംഭാഷണമടക്കം താളനിബദ്ധമാവണം. സംഘചലനത്തിന് പ്രത്യേകമായ ചിട്ടപ്പെടുത്തലുകൾ വേണ്ടതുണ്ട്. ശൈലീകൃതമായ ചലനവും പ്രധാനമാണ്. 'അഗ്നിവർണന്റെ കാലുകൾ' തനതുനാടകമാണ്. ഇതവതരിപ്പിക്കുമ്പോൾ തുറന്ന രംഗവേദിയാണ് പലപ്പോഴും സ്വീകരിക്കാറുള്ളത്.

ഈ നാടകം തനതുനാടകശൈലിയിൽ അവതരിപ്പിക്കുക.

- നാടകരചന, അഭിനയം, സംവിധാനം എന്നിവയിൽ പരിചയം ലഭിക്കുന്നതിന് ഒരു ദിവസത്തെ ശിൽപ്പശാല സംഘടിപ്പിക്കുക.



# പദത്തിന്റെ പഥത്തിൽ

## കലാമണ്ഡലം ഹൈദരലി

**ഓ**ട്ടുപാറയിലെ പാട്ടുകാരൻ മൊയ്തുട്ടിക്ക് വയസ്സാം കാലത്ത് പടച്ചോൻ കൊടുത്ത ചെക്കൻ.

ഒമ്പത് പ്രസവിച്ച, ഇനി പ്രസവിക്കില്ല്യാന്ന് കരുതിയിരുന്ന പാത്തുമ്മയെ അദ്ഭുതപ്പെടുത്തിയ ഗർഭം. ഈ വിസ്മയം നാട്ടുകാർ പറഞ്ഞു രസിക്കാൻ തുടങ്ങിയപ്പോൾ നാണം കൊണ്ട് മാറിത്താമസിച്ച ഉമ്മ. ആർക്കും ആവശ്യമില്ലാത്ത ജന്മമായി ഉമ്മയുടെ വയറ്റിൽ ഞാൻ വളർന്നു. ഉമ്മ പെറ്റതോ, വികൃതരൂപത്തിൽ ഒരു ചെറുക്കനെ.

പടച്ചോൻ തരണതല്ലേ എന്ന ദൈവകൃപയിൽ വിശ്വസിച്ച ബാപ്പ എന്നെ സ്നേഹിച്ചു. അഞ്ചു വയസ്സുവരെയേ ആ ലാളന അനുഭവിക്കാൻ കഴിഞ്ഞുള്ളൂ. ഹൈദറിന്റെ തല കണ്ടപ്പളയ്ക്കും മൊയ്തുട്ടി പോയി എന്ന് പലരെക്കൊണ്ടും പറയിക്കാൻ കൂടിയായി ഈ പാഴ്ജന്മം. തിരസ്കൃതനായിട്ടാണ് ഞാൻ ജനി

ച്ചതും വളർന്നതും. അനേകം നിർഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ചില ഭാഗ്യങ്ങളുടെ പേരിലാണ് ഞാനിന്ന് ജീവിക്കുന്നത്.

എന്നെ മടിയിലിരുത്തി ബാപ്പ അന്നത്തെ സിനിമപ്പാട്ടുകൾ പാടിക്കേൾപ്പിക്കുമ്പോൾ ബാപ്പയുടെ വികാരം എന്തായിരുന്നിരിക്കണം? പാട്ടുപാടിത്തന്നാണ് ബാപ്പ എന്നെ സ്നേഹിച്ചതും ലാളിച്ചതും. അതിനപ്പുറം തരാൻ അദ്ദേഹത്തിന്റെ കൈയിൽ ഒന്നുമില്ലായിരുന്നു. ഞാൻ പാട്ടുകൊണ്ട് പുലരുമെന്ന് ബാപ്പ വിശ്വസിച്ചിരുന്നുവോ? സംഗീതത്തെക്കുറിച്ചും എന്നെക്കുറിച്ചും പറയേണ്ടിവരുമ്പോഴൊക്കെ ഞാനെന്റെ ബാപ്പയുടെ ഈണം കേൾക്കുന്നു.

അന്നത്തെ നാലരക്ലാസിൽവച്ച് എന്റെ സ്കൂൾ വിദ്യാഭ്യാസം അവസാനിച്ചു. തുടർന്നുള്ള കാലം സംഗീതം പഠിക്കാനായിരുന്നു നിയോഗം. അതിന്റെ ആരംഭമാവട്ടെ, ഒരു ലളിതഗാനമത്സരഫലവുമായി ബന്ധപ്പെട്ടതുമായിരുന്നു. കലാമണ്ഡലം ഹൈദരലി എന്ന പാട്ടുകാരന്റെ ഉദയത്തെ ഈ മത്സരഫലവുമായി ചേർത്തു പറയേണ്ടതാണ്.

കലാമണ്ഡലത്തിൽ വിവിധ വിഭാഗങ്ങളിൽ കുട്ടികളെ എടുക്കുന്ന കാലമായി. പറഞ്ഞതുപോലെ ശിവരാമൻനായർ വേണ്ട ഒത്താശകൾ ചെയ്തു. ആരാണ് അപേക്ഷ അയച്ചത്, എപ്പോഴാണ് കാർഡ് വന്നത്, ഒന്നും അറിയില്ല. കലാമണ്ഡലം എന്നാൽ കഥകളി എന്നു മാത്രം അറിയാം. അതുവരെ കഥകളി കണ്ടിട്ടുമില്ല. കഥയെന്നും കളിയെന്നും കേട്ടിട്ടുള്ളതു മാത്രമാണ് എനിക്കുള്ള കഥകളിപരിചയം.

1957 മെയ് മാസത്തിലാണെന്നാണ് ഓർമ്മ. ജ്യേഷ്ഠനും ഞാനും ഓട്ടുപാറയിൽ നിന്ന് ചെറുതുരുത്തിക്ക് ബസ് കയറി. കരിപ്പാൽ, ടി.ആർ.നായർ എന്നീ രണ്ടു ബസ്സുകളേ അന്നുള്ളൂ. ഞങ്ങൾ ചെറുതുരുത്തിയിൽ പഴയ കലാമണ്ഡലത്തിന്റെ അവിടെ ബസ്സിറങ്ങി നടന്നു. എന്തിനാണ് എന്നെ കലാമണ്ഡലത്തിലേക്ക് കൊണ്ടുപോകുന്നത്? കൊല്ലാനാണോ പാടാനാണോ? ഒന്നുമറിയില്ല. കലാമണ്ഡലത്തിലെത്തിയതും എന്റെ അന്ധാളിപ്പ് വർധിച്ചു. അവിടെ നിറയെ ആളുകളാണ്; കുട്ടികളും രക്ഷിതാക്കളുമായി അനവധി പേർ. ഞാൻ പകച്ചു നിന്നു. നോക്കിയപ്പോൾ വന്നവരിൽ ഒട്ടും കാണാൻ നന്നല്ലാത്തത് ഞാൻ മാത്രമാണ്. എന്നെ എടുക്കുമോ? ഊഴം വന്നപ്പോൾ എന്റെ പേരും വിളിച്ചു. അഴികളുള്ള ഒരു കളരിയിലേക്കാണ് എന്നെ വിളിപ്പിച്ചത്. അവിടെ നാലഞ്ചു പേർ ഇരിക്കുന്നുണ്ട്. നല്ല ഉയരത്തിൽ, കണ്ടാൽ തന്നെ തൊഴാൻ തോന്നുന്ന രൂപത്തിൽ ഒരാൾ. മറ്റൊരാൾക്ക് എന്തൊരു ചൈതന്യമാണ്. മൂന്നാമത്തെയാൾക്ക് ഗൗരവച്ഛായയാണ്. ഇനിയുള്ള ആൾക്ക് അധികം ഉയരമില്ല.

"എന്താ പേര്?"

"ഹൈദരലി."

"പാട്ടു പഠിക്കാൻ മോഹംണ്ടോ?"

"ഉം."

"പാട്ടു പാടിയിട്ടുണ്ടോ?"

"ഉം."

"ഇപ്പൊ ഒരു പാട്ടു പാടിക്കൂടേ?"

"പാടാം."

"എന്നാൽ ഒരു പാട്ടു പാടൂ."

"കല്ലേ കനിവില്ലേ
കല്ലേ കനിവില്ലേ
കൊള്ളയടിക്കും പണപ്പെട്ടിതൻ
കല്ലുകളേക്കാൾ നിനക്കു നെഞ്ചിൽ...."

"ഒരു പാട്ടു കൂടി."

"വെള്ളാരംകുന്നിന്റെ
കാതിൽ വന്ന്
കിന്നാരം ചോദിച്ച കാറ്റേ........"

"പൊയ്ക്കോളൂ."

അടുത്ത ചോദ്യങ്ങൾ എന്റെ ഒപ്പം വന്ന ജ്യേഷ്ഠനോടായിരുന്നു.

"കുട്ടിയെ ഇവിടെ എടുത്താൽ സമുദായത്തിൽ പ്രശ്നങ്ങളൊന്നുമുണ്ടാവില്യാലോ?"

"ഇല്ല."

"എതിർപ്പ് ഉണ്ടാവില്യാലോ?"

"ണ്ടാവില്യ. ഉറപ്പു തരാം."

ആ ഇന്റർവ്യൂ കഴിഞ്ഞു. പിന്നീടാണ് അറിഞ്ഞത്, അന്ന് എന്നെ പരിശോധിച്ചവർ മഹാകവി വള്ളത്തോൾ, മുകുന്ദരാജ, കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് എന്നിവരായിരുന്നു. നീലകണ്ഠനാശാനായിരുന്നു എന്നോട് ചോദ്യങ്ങൾ ചോദിച്ചത്. ജ്യേഷ്ഠനുമായി സംസാരിച്ചത് മഹാകവി വള്ളത്തോൾ.

തിരിച്ചു നാട്ടിലെത്തി. കലാമണ്ഡലത്തിൽ ചേർന്നുവെന്ന് പറയാനും വയ്യ. എന്തൊക്കെ മുസീബത്തിനാ ഇവൻ പോയത് എന്ന് അദ്ഭുതത്തോടെ നോക്കുന്ന ചിലർ.

എന്നെ തിരഞ്ഞെടുത്തുകൊണ്ട് കലാമണ്ഡലത്തിൽ നിന്ന് കത്തു വന്നു. പാട്ടു പഠിക്കാൻ പോവ്വാണ് എന്നല്ലാതെ കലാമണ്ഡലത്തെക്കുറിച്ചൊന്നും അറിയില്ല. എട്ടുവർഷത്തെ പഠിപ്പു വേണ്ടിവരും എന്നു മാത്രം അറിയാം. കലാമണ്ഡലത്തിലെത്തി. അക്കൊല്ലം നാലുപേരെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ശങ്കരൻ എമ്പ്രാന്തിരി, മാടമ്പി സുബ്രഹ്മണ്യൻ നമ്പൂതിരി, തിരൂർ നാരായണൻ നമ്പീശൻ, പിന്നെ ഞാനും.

കലാമണ്ഡലത്തിലെത്തിയപ്പോൾ മറ്റൊരു പ്രശ്നം. രണ്ടായിരം ഉറുപ്പികയുടെ ആൾജാമ്യം വേണം. എനിക്ക് വേണ്ടി ജാമ്യം നിൽക്കാൻ ആരും

തയാറായില്ല. അന്നത്തെക്കാലത്തെ രണ്ടായിരം ഉറുപ്പികയാണ്. വിദ്യാർഥി കലാമണ്ഡലത്തിൽനിന്ന് ചാടിപ്പോകുകയോ മറ്റോ ചെയ്താൽ ജാമ്യക്കാരൻ തുക കെട്ടിവയ്ക്കണം. ആരും എനിക്ക് അനുകൂലമായി നിൽക്കാനുണ്ടായില്ല. അപ്പോഴാണ് സി.പി. ആന്റണി ഈ വിവരം അറിയുന്നത്. അദ്ദേഹം എനിക്ക് ജാമ്യം നിന്നു. അദ്ദേഹം അന്നതു ചെയ്തില്ലായിരുന്നെങ്കിൽ കലാമണ്ഡലത്തിൽ ചേരാൻ കഴിയുമായിരുന്നില്ല. ഈയൊരു കടപ്പാട് വിവരണാതീതമാണ്. ജ്യേഷ്ഠൻ ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ ഉടമസ്ഥൻ മല്ലയ്യ പോലും ഒഴിഞ്ഞുമാറുകയാണുണ്ടായത്. സംഗീതത്തോടും എന്നോടും ആന്റണിക്കുണ്ടായിരുന്ന സ്നേഹത്തിന് മുമ്പിൽ കുമ്പിടുന്നു.

ജാമ്യം കിട്ടാൻ വൈകിയത് എന്റെ പ്രവേശനത്തെയും ബാധിച്ചു. ജൂണിൽ ചേരേണ്ട എനിക്ക് ഓഗസ്റ്റിലേ ചേരാൻ സാധിച്ചുള്ളൂ. എമ്പ്രാന്തിരിയും മാടമ്പിയും തിരൂർ നമ്പീശനും എന്നേക്കാൾ സീനിയറായി. അവർ സപ്തസ്വരം പഠിച്ചുതുടങ്ങിയിരുന്നു.

ഞാൻ ശാസ്ത്രീയമായി സംഗീതം അഭ്യസിക്കാൻ തുടങ്ങിയ ദിവസം. കലാമണ്ഡലത്തിലെ ചിട്ടകളെല്ലാം ആരോ എനിക്ക് പറഞ്ഞു തന്നു. ഞാൻ സംഗീതക്കളരിയിലേക്ക് ചെന്നു. വെങ്കിടകൃഷ്ണഭാഗവതരുടെ ഫോട്ടോ വച്ചുള്ള മുറിയിൽ വച്ചാണ് ക്ലാസ് (അതു വെങ്കിടകൃഷ്ണ ഭാഗവതരുടെ ചിത്രമാണെന്നൊക്കെ പിന്നീടാണ് മനസ്സിലായത്.) നിലത്തു പായ വിരിച്ചു ഹാർമോണിയം അതിൽ വച്ചു. നമ്പീശനാശാന് ദക്ഷിണവച്ച് നമസ്കരിച്ചു. അദ്ദേഹം എന്നെ അനുഗ്രഹിച്ചു. വല്ലാത്തൊരു ഊർജം വന്നുനിറയുന്നതു പോലെ തോന്നി. ആശാൻ വാത്സല്യത്തോടെ എന്റെ വീട്ടുകാര്യങ്ങളെല്ലാം അന്വേഷിച്ചു. ആ മുഖഗൗരവത്തിനും അപ്പുറത്ത് ശിഷ്യവാത്സല്യമുള്ള ഒരു മനസ്സുണ്ടായിരുന്നു. വൈകിയെത്തിയ കുട്ടി എന്ന പരിഗണന എനിക്ക് ആദ്യമേ ലഭിച്ചു. നമ്പീശനാശാൻ പാട്ടുകളരിയെക്കുറിച്ചും അവിടത്തെ ചിട്ടകളെക്കുറിച്ചുമൊക്കെ മനസ്സിലാക്കിത്തന്നു. എങ്ങനെയൊക്കെ ജീവിക്കണം, അല്ലെങ്കിൽ എങ്ങനെയൊക്കെ ജീവിക്കരുത് എന്ന നിർദേശവും അതിൽ അടങ്ങിയിരുന്നു.

അന്നു സപ്തസ്വരത്തെപ്പറ്റി പറഞ്ഞു തന്നു. 'സരിഗമപധനി' നാലു പ്രാവശ്യം ചൊല്ലിപ്പിച്ചു. അങ്ങനെ ഞാൻ കലാമണ്ഡലം നമ്പീശന്റെ ശിഷ്യനായി.

ആദ്യത്തെ ദിവസം തന്നെ ഞാനതു ശ്രദ്ധിച്ചിരുന്നു. ഞാൻ ഇരുന്നതിന് തൊട്ടല്ല മറ്റുള്ളവർ ഇരുന്നിരുന്നത്. അൽപ്പം നീങ്ങിയുള്ള ഇരുപ്പ് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലായി. ഞാനൊരു മാപ്ലച്ചെക്കനാണല്ലോ. പിറ്റേന്നും ശ്രദ്ധിച്ചു. ഇന്നു നല്ലൊരു ഗ്യാപ്പുണ്ട്. ഈ ഗ്യാപ്പ് ഇങ്ങനെ തുടർന്നുപോന്നു. മാപ്ലച്ചെക്കൻ എന്നത് മാത്രമല്ല എനിക്കുള്ള അയിത്തത്തിന് കാരണം. എന്നെ കാണാൻ ഭംഗിയില്ല. കറുത്തിട്ടു

മാണ്. ക്ലാസിൽ പെട്ടെന്ന് വന്നിരിക്കണ സമയത്താണെങ്കിൽ ഒപ്പമുള്ളവർ പതുക്കെപ്പതുക്കെ ഇരുന്നുകൊണ്ട് നീങ്ങിപ്പോകുന്നതു കാണാം. മെസ്സിലും ഈ അകലം ഉണ്ടായിരുന്നു. മനസ്സ് വേദനിച്ചിരുന്നെങ്കിലും ആരോട് പറയാൻ!

വെളുപ്പിന് രണ്ടേമുക്കാലിന് ബെല്ലു കേൾക്കും. മൂന്നു മണിക്ക് എഴുന്നേറ്റ് കളരിയിലെത്തണം. ഞങ്ങൾ 'സപസ' ശീലിക്കും. സപ്തസ്വരം സാധകം ചെയ്യും. വേഷക്കാർ കണ്ണുസാധകം, കൊട്ടുകാർ വാദ്യത്തിൽ സാധകം, ഇങ്ങനെ സാധകസമയമാണിത്. നമ്പീശനാശാനാണ് ആദ്യം വരുക. സപ്തസ്വരം കാലം മുറുകി വക്രസ്വരം 'ജണ്ടവരിശ' സാധകം ചെയ്യും. ആറു മണിവരെ തുടർച്ചയായ സാധകമാണ്. പിന്നെ ദിനകൃത്യങ്ങൾക്ക് ശേഷം ഭാരതപ്പുഴയിൽ കുളി.

വർഷകാലത്ത് ഭാരതപ്പുഴ കുത്തിയൊഴുകുന്നതു കണ്ടാൽ പേടിതോന്നും. ഇന്നത്തെ അവസ്ഥയോ? ഒരു വേനലിലും ഇങ്ങനെ വറ്റിക്കണ്ടിട്ടില്ല. കലാമണ്ഡലത്തിന്റെ ഒരു ഭാഗമായിരുന്നു അന്ന് ഭാരതപ്പുഴ. പഴയ കലാമണ്ഡലത്തിൽ പഠിച്ചിറങ്ങിയവരുടെ ചെറിയ സ്മരണകളിൽ പോലും ഭാരതപ്പുഴയുണ്ടാകും. അത്രയ്ക്ക് ഹൃദയബന്ധം ആ പുഴയോടുണ്ട്. ഇപ്പോൾ കൊച്ചിപ്പാലത്തിലൂടെ പോകുമ്പോൾ കാണുന്ന ഭാരതപ്പുഴയുടെ അവസ്ഥ എന്താണ്? രമണീയമായ ആ കാലത്തെക്കുറിച്ച് ഓർമ്മിക്കുക മാത്രമേ വഴിയുള്ളൂ.

എട്ടരയ്ക്കുള്ള ക്ലാസിൽ തോടയം, വന്ദനശ്ലോകങ്ങൾ എന്നിവ അഭ്യസിക്കും. ആദ്യവർഷത്തെ പഠനപദ്ധതിയിൽ ഇതു മാത്രമേ വരുന്നുള്ളൂ. രണ്ടാം കൊല്ലം പുറപ്പാട്, മേളപ്പദം, മൂന്നാംകൊല്ലം കിർമ്മീരവധം.

കിർമ്മീരവധം നമ്പീശനാശാനും ഭാഗവതം ശിവരാമനാശാനുമാണ് പഠിപ്പിച്ചിരുന്നത്.

ഇരുവരുടെയും ആലാപനവഴിക്കും അഭ്യസനവഴിക്കും ഉണ്ടായിരുന്ന വ്യത്യസ്തത അവരുടെ സ്വഭാവത്തിലും പ്രകടമായിരുന്നു. നമ്പീശനാശാൻ കസേരയിലിരുന്നാണ് പഠിപ്പിക്കുക. ശിവരാമനാശാൻ കുന്തിച്ചിരുന്ന് മുട്ടിക്കൊണ്ട് താളം പിടിച്ചും. അക്ഷരം പറയേണ്ട കാര്യത്തിൽ നമ്പീശനാശാനാണ് നിഷ്കർഷ. ശിവരാമനാശാന് അത്രതന്നെയില്ല. അതിനാൽ പേടി അൽപ്പം കുറവായിരുന്നു. ശിവരാമനാശാൻ നല്ല പിച്ചലും പൂശയുമാണ്. ചെവി പിടിക്കും, തുടയിൽ നുള്ളും. എന്നാലും അവർക്കു രണ്ടാൾക്കും എന്നെ വലിയ കാര്യമായിരുന്നു. കാരണം, പാട്ടു വേഗം പിക്കപ്പ് ചെയ്യുന്നതിൽ ഞാനായിരുന്നു മിടുക്കൻ.

ശിവരാമനാശാന് മാനുഷികപരിഗണന കൂടും. ഒരു വെക്കേഷന് ഞാൻ വീട്ടിൽ പോകാതെ ഇരിക്കുകയാണ്. ആശാൻ ചോദിച്ചു:

"നീ എന്താ പോവാത്തേ?"

"കാശില്ല."

"എത്ര കാശ് വേണ്ടിവരും. ഇതാ, പോയി വാ."

അതായിരുന്നു ശിവരാമനാശാൻ.

നമ്പീശനാശാൻ ഏതെങ്കിലും ആവശ്യങ്ങൾക്കായി ഓഫീസിൽ പോകുമ്പോൾ ക്ലാസുകൾ എന്നെ ഏൽപ്പിക്കും. അദ്ദേഹം കൽപ്പിക്കും: "ഹൈദ്രേ, പാടിക്കൊട്ക്ക്."

വർഷം ഒന്നു കഴിഞ്ഞു. കലാമണ്ഡലത്തിലെ രീതികളോടൊക്കെ ഇണങ്ങാനുള്ള മാനസികാവസ്ഥയിലായി. പരിഹാസം കലർന്ന വാക്കും നോക്കും എന്നെ സ്പർശിക്കാതെയായി.

(മഞ്ജുതരം)

- "മനുഷ്യൻ നിർമ്മിച്ച അതിർവരമ്പുകളെ കല മായ്ച്ചുകളയുന്നു." കലാമണ്ഡലം ഹൈദരലിയുടെ ജീവിതം ഈ പ്രസ്താവനയെ സാധൂകരിക്കുന്നുണ്ടോ? പാഠഭാഗം അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുക.
- ജന്മസിദ്ധിയും സാധനയുമാണ് കലാകാരനെ രൂപപ്പെടുത്തുന്നത്. ഹൈദരലിയുടെ ജീവിതം നൽകുന്ന അനുഭവപാഠമാണിത്. പ്രശസ്തരായ മറ്റു വ്യക്തികളുടെ ജീവിതത്തിൽനിന്ന് സമാനസന്ദർഭങ്ങൾ കണ്ടെത്തി നിങ്ങളുടെ നിരീക്ഷണവും ചേർത്ത് എഴുതുക.
- 'സാംസ്കാരികസമന്വയത്തിലൂടെ മതേതരത്വം ശക്തിപ്പെടുത്തുന്നതിൽ കലോത്സവങ്ങൾ വഹിക്കുന്ന പങ്ക്' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.
- 'പ്രതിസന്ധികളെ അതിജീവിക്കാൻ ഇച്ഛാശക്തി വ്യക്തിക്ക് കരുത്തു നൽകുന്നു.' ഈ വിഷയത്തെപ്പറ്റി ക്ലാസിൽ പൊതുചർച്ച സംഘടിപ്പിക്കുക.
- അരങ്ങുകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒരു കലാകാരൻ അല്ലെങ്കിൽ കലാകാരിയുമായി അഭിമുഖം നടത്തി അഭിമുഖലേഖനം തയാറാക്കുക.

ക്ലാസിക്കൽ കലാരൂപങ്ങൾക്ക് ആസ്വാദകർ വളരെക്കുറച്ചേ ഉണ്ടാകൂ. ഇരിങ്ങാലക്കുട മാധവച്ചാക്യാരെ കാണാൻ കാനഡയിൽനിന്നും ഫ്രാൻസിൽനിന്നും ഓരോ കലാകാരസംഘം വന്നിരുന്നു. അമ്പലത്തിന്റെ അകത്തുവച്ചാണ് ചാക്യാർകൂത്ത് നടത്തുന്നത്. കാണാൻ നിവൃത്തിയില്ല. അവർ കൂത്തുമാടത്തിന്റെ പുറത്തുള്ള ഒരു കിളിവാതിലിലൂടെ നോക്കി. കാഴ്ചക്കാരാരുമില്ല! ഇദ്ദേഹമാകട്ടെ, ചിട്ടവട്ടങ്ങളൊന്നും തെറ്റിക്കാതെ വളരെ ശ്രദ്ധയോടുകൂടി ആവിഷ്കാരം നടത്തിക്കൊണ്ടിരിക്കുന്നു.




കഴിഞ്ഞുവന്നിട്ടവർ ചോദിച്ചു: "ആളൊന്നും ഉണ്ടായിരുന്നില്ലല്ലോ, എന്തിനു കൂത്തു നടത്തുന്നു?" അദ്ദേഹം പറഞ്ഞു: "വിളക്കുണ്ടായിരുന്നല്ലോ, അതുകൊണ്ട് കളിച്ചതാണ്."

അദ്ദേഹത്തെപ്പറ്റി പിന്നീട് ആ നിരൂപകൻ എഴുതിയത് "He was playing to the flame" എന്നാണ്.

*(വാക്കുകളുടെ വിസ്മയം - എം.ടി. വാസുദേവൻനായർ)*

കലാവിഷ്കാരത്തെക്കുറിച്ചുള്ള എന്തു സമീപനമാണ് ഈ അനുഭവവിവരണത്തിലുള്ളത്? ചർച്ചക്കുറിപ്പ് തയാറാക്കുക.



# മാപ്പിളപ്പാട്ടിലെ കേരളീയത

ഡോ. എം.എൻ. കാരശ്ശേരി

**കേ**രളത്തിലെ മുസ്‌ലീങ്ങൾ അഞ്ചാറ് നൂറ്റാണ്ടുകാലം പരിഷ്കരിച്ച അറബിലിപിയിലാണ് മലയാളം എഴുതിപ്പോന്നിരുന്നത്. പുസ്തകങ്ങളിലും മതപാഠശാലകളിലും ഇതു ഇപ്പോഴും നിലനിൽക്കുന്നുണ്ട്. 'അറബിമലയാളം' എന്നു പേരായ ഈ ലിപിയിൽ രേഖപ്പെട്ടു കിടക്കുന്ന രചനകളെ അറബിമലയാള സാഹിത്യം എന്നുപറയും. ഇതിൽ ഗദ്യവും പദ്യവുമുണ്ട്. 'മാപ്പിളപ്പാട്ടുകൾ' എന്നറിയപ്പെടുന്ന പദ്യകൃതികൾക്കാണ് ഏറെ പ്രചാരം. ഈ പാരമ്പര്യം ലക്ഷദ്വീപിലുമുണ്ട്.

ജാതിസമൂഹങ്ങളും മതസമുദായങ്ങളും ഇടകലർന്നു ജീവിക്കുന്ന സാഹചര്യം സംജാതമായതോടെ മാപ്പിളപ്പാട്ട് കേരളീയസംഗീതത്തിന്റെയും സാഹിത്യത്തിന്റെയും ഭാഗമായിത്തീർന്നിരിക്കുന്നു. രചന, ആലാപനം, ആസ്വാദനം തുടങ്ങിയ മേഖലകളിലൊന്നും അതിന് പ്രദേശത്തിന്റെയോ സമുദായത്തിന്റെയോ വിശ്വാസത്തിന്റെയോ അതിർവരമ്പുകളില്ല - കഥകളി, കൂത്ത് മുതലായ ക്ഷേത്രകലകൾ സമൂഹത്തിന്റെ പൊതു സ്വത്തായിത്തീർന്നതുപോലെ. രാഷ്ട്രീയം, സിനിമ, നാടകം, സാഹിത്യം മുതലായവവഴി നടക്കുന്ന കലകളുടെ ജനാധിപത്യവൽക്കരണത്തിന്റെ നേട്ടമാണിത്. ഇന്നു കേരളത്തിലെ എല്ലാ കലാപാരമ്പര്യങ്ങളും എല്ലാ കേരളീയരുടേതുമാണ്.

മാപ്പിളപ്പാട്ട് രചയിതാക്കൾക്കിടയിൽ ഏറെ ജനപ്രീതി നേടിയ പുലിക്കോട്ടിൽ ഹൈദർ (1879–1975) ശ്രദ്ധേയനായത് കേരളീയതയ്ക്ക് നൽകിയ സ്ഥാനംകൊണ്ടാണ്. പ്രമേയം, ഭാഷ, കാഴ്ചപ്പാട് എന്നിവയിലെല്ലാം അദ്ദേഹം തീർത്തും നാടനായിരുന്നു – ആ വിഭാഗത്തിൽ മലയാളീയതയ്ക്ക് ഇത്ര പ്രാധാന്യം നൽകിയ ആരുമില്ല.

ഒറ്റപ്പാട്ടുകൾ കെട്ടുന്നതാണ് തന്റെ ശീലം. അത്തരം രണ്ടായിരം പാട്ടുകളുണ്ട് എന്നാണ് പറഞ്ഞു കേൾക്കുന്നത്. ചരിത്രം ഇതിവൃത്തമാക്കി ഒരു ലഘുകാവ്യം രചിക്കേണ്ടി വന്നപ്പോൾ 'കേരളചരിത്ര'മാണ് എഴുതിയത്. 'വെള്ളപ്പൊക്കമാല'യിൽ

"എന്റെ കേരളത്തിൽ വന്നെ നാശം
*വിള്ളിടുവാൻ മാത്രമേ ഉള്ളൂ എനിക്കുദ്ദേശം.."

എന്നു പാടുന്നുണ്ട്. 'എന്റെ കേരളം' എന്ന പ്രയോഗത്തിന് അടിവരയിടണം. 'നരിനായാട്ട്', 'കാളപൂട്ട് പാട്ട്' തുടങ്ങി അനേകം രചനകളിൽ സ്വന്തം ചുറ്റുപാടിനെ ചിത്രീകരിക്കാനുള്ള ഈ ദാഹം കാണാം. മോയിൻകുട്ടി വൈദ്യരെപ്പോലുള്ള മറ്റു രചയിതാക്കൾ അറേബ്യൻ ചരിത്രത്തിലേക്കും ഇസ്‌ലാമികേതിവൃത്തങ്ങളിലേക്കും കാൽപ്പനിക ലോകങ്ങളിലേക്കും തിരിഞ്ഞപ്പോൾ ഹൈദർ സ്വന്തം മണ്ണിൽ ഉറച്ചു നിന്നു – കാൽപ്പനികർക്കിടയിലെ യഥാതഥവാദിയാണദ്ദേഹം. നാട്ടുകഥകളല്ലാതെ ഭക്തിപോലും അദ്ദേഹത്തെ പ്രചോദിപ്പിക്കുന്നില്ല. മതേതരവും പ്രാദേശികവുമായ പ്രമേയങ്ങൾക്കാണ് ഇവിടെ സ്ഥാനം.

അറബിമലയാളസാഹിത്യത്തിലെ 'നാട്ടുമൊഴി'ക്കാരനാണ് പുലിക്കോട്ടിൽ. മോയിൻകുട്ടി വൈദ്യരടക്കമുള്ള പ്രമുഖരിൽ പലരുടെയും കൃതികൾ സങ്കരഭാഷയിലാണ്.

വാക്കുകളെയും പ്രയോഗങ്ങളെയും പറ്റി പറയുമ്പോൾ പുലിക്കോട്ടിൽ കൃതികളെ നാടൻ എന്നല്ല, 'ഏറനാടൻ' എന്നാണ് വിളിക്കേണ്ടത്. ഇന്നത്തെ മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ ജനിച്ചു വളർന്ന ആളാണദ്ദേഹം, വണ്ടൂർ സ്വദേശി. സ്വന്തം നാട്ടിലെ വാമൊഴിയിൽനിന്ന് തരഭേദമൊന്നും നോക്കാതെ വാക്കുകൾ വാരിയെടുക്കാൻ ഒരു മടിയുമില്ല. താളത്തിനു വേണ്ടി വാമൊഴി യാതൊരു സംസ്കരണവും കൂടാതെ ഉപയോഗിച്ചതിന് ഉദാഹരണം മിക്ക പാട്ടിലുമുണ്ട്. വിഭക്തിപ്രത്യയങ്ങൾ ഉപയോഗിക്കുമ്പോൾ പോലും അദ്ദേഹം വാമൊഴിക്കാരനാണ് – മലമ്മൽ (മലയിൽ), നരീനെ (നരിയെ) എന്ന തരത്തിലാണ് പുലിക്കോട്ടിലിന്റെ പോക്ക്.

പുരുഷന്റെ ക്രൂരതയ്ക്കും വഞ്ചനയ്ക്കും പാത്രമാവുന്ന സ്ത്രീത്വം ഹൈദറിന്റെ രചനാവൈഭവത്തെ നിരന്തരം പ്രചോദിപ്പിക്കുന്നു. പുരുഷനെ

*വിള്ളിടുക – പറയുക

പുച്ഛിക്കുകയും ധിക്കരിക്കുകയും ചെയ്യുന്ന സ്ത്രീകളെയും കൂട്ടത്തിൽ കാണാം. പക്ഷേ, ഹൈദർ വിജയിച്ചത് സ്ത്രീയുടെ നൊമ്പരം ചിത്രീകരിക്കുന്നതിലാണ്. ഏറ്റവും മികച്ച രചനയെന്ന് പറയാവുന്ന 'മറിയക്കുട്ടിയുടെ കത്ത്, (1924) ഇതിന് ഒന്നാംതരം ഉദാഹരണമത്രേ.

ബെല്ലാരി ജയിലിൽ തടവുകാരനായി കിടക്കുന്ന ഭർത്താവ് മറിയക്കുട്ടിയെ സംശയിക്കുന്നു. ഇക്കാര്യം കാണിച്ചുകൊണ്ട് അയാൾ അവളുടെ ഉമ്മയ്ക്കെഴുതി. കത്തു കണ്ട് സങ്കടപ്പെട്ട് ആ 'വീടര്' എഴുതുന്ന കത്തിന്റെ രൂപത്തിലാണ് ഈ പാട്ട്. സങ്കടം പറഞ്ഞുകൊണ്ടും തന്റെ നിരപരാധിത്വം വിവരിച്ചുകൊണ്ടും അവൾ പാടുന്നു:

"എന്നെ നിങ്ങളൊയ്യെ തൊട്ടിട്ടില്ല മറ്റൊരാണ്
*എമ്പിടുന്നു കൊണ്ടുവെട്ടി തങ്ങളെ കാലാണ്"
അതു കഴിഞ്ഞ് -
"ബല്ലാരിക്കുടനെ ഞാൻ വരാം, ഒട്ടു വഴിയുണ്ടോ,
വല്ലികൾക്കവിടേയ്ക്ക് വരാൻ പാടുണ്ടോ?"

എന്ന ആ നാട്ടിൻപുറത്തുകാരിയുടെ നിഷ്കളങ്കമായ ചോദ്യം ഏതു ഹൃദയത്തിലും ചെന്നു തട്ടും.

"ഉണ്ടതെങ്കില്, വന്നു കാൺമാനുണ്ട് മോഹം പൊന്നേ
ഒറ്റ നോക്ക് കണ്ട് മരിച്ചോട്ടെ അന്ന് തന്നേ"

എന്ന അവളുടെ സങ്കടം ഏവരുടേയും കണ്ണു നനയ്ക്കും.

സ്ത്രീകളുടെ സൗന്ദര്യത്തെ വർണിക്കുകയും ചാപല്യത്തെ കളിയാക്കുകയും ചെയ്യുന്ന ഈ പാട്ടുകാരൻ സ്ത്രീപക്ഷപാതിയായി നിന്നുകൊണ്ട് അനവധി രചനകൾ നടത്തിയിട്ടുണ്ട്. സ്വന്തം കവനശേഷി സാമൂഹികപരിഷ്കരണത്തിന് ബോധപൂർവമുപയോഗിച്ച വ്യക്തിയാണ് അദ്ദേഹം. ജീവിതപുരോഗതിക്ക് തടസ്സമെന്നു തോന്നിയ എല്ലാ ആചാരവിശേഷങ്ങളെയും ഈ രചനകൾ പുച്ഛിക്കുന്നു-ദുരാചാരമാല, കലിയുഗം, കാതുകുത്ത് മാല, സ്ത്രീമർദ്ദിമാല, മാരൻമാരുടെ തകരാറ് തുടങ്ങിയ പ്രസിദ്ധ ഗാനങ്ങൾ ഉദാഹരണങ്ങൾ മാത്രം.

മാപ്പിളപ്പാട്ടിലെ 'കത്തുപാട്ടുകൾ' എന്ന വിഭാഗത്തിലാണ് ഈ എഴുത്തുകാരന്റെ സംഭാവനകൾ അധികവും. പാട്ടായി രചിക്കപ്പെട്ട കത്തുകളാണിവ. 'അത് കത്തായിട്ട് വായിക്കാനും പറ്റണം; പാട്ടായിട്ട് പാടാനും പറ്റണം' എന്നാണ് പറയാറ്. മാപ്പിളപ്പാട്ട് രചയിതാക്കൾക്കിടയിൽ കത്തുപാട്ടുകൾ വലിയ കാവ്യശാഖയായി പണ്ടു മുതലേ പടർന്നുപിടിച്ചിരുന്നു. ഈ ശാഖ ഇന്നും സജീവമാണ് - ഗൾഫ് പ്രവാസത്തിന്റെ ഏറ്റവും നല്ല രേഖയായ 'ദുബായ് കത്തുപാട്ട്' (രചന : എസ്.എ. ജമീൽ) മുന്തിയ ഉദാഹരണം. വാമൊഴിയോടു പുലർത്തുന്ന ഉറ്റബന്ധംകൊണ്ടും അന്ധവിശ്വാസങ്ങളോടു കാണിക്കുന്ന അസഹിഷ്ണുതകൊണ്ടും ഹൈദറിന്റെ കത്തുപാട്ടുകൾ വേറിട്ടു നിൽക്കുന്നു.

---

*എമ്പിടുന്നു - പറയുന്നു * കൊണ്ടുവെട്ടി - കൊണ്ടോട്ടി

രാഷ്ട്രീയനിലപാടുകളുടെ പേരിൽ ആദ്യകാലത്തു വിമർശിക്കപ്പെട്ട ഈ കവി പിന്നീട് സ്വാതന്ത്ര്യസമരസേനാനി മുഹമ്മദ് അബ്ദുറഹിമാന്റെ അനുയായി ആയിത്തീർന്നു. ആ നേതാവിന്റെ ചരമത്തിൽ വ്യസനിച്ചുകൊണ്ട് എഴുതിയ പാട്ട് ശ്രദ്ധേയമാണ്.

നിമിഷകവനശേഷി കൊണ്ട് അനുഗൃഹീതനായ പുലിക്കോട്ടിൽ ഹൈദർ, സ്വന്തം രചനാരീതിയെ ഓർത്തിട്ടാകണം, ഒരിക്കൽ പാടുകയുണ്ടായി:

“പാടി ഞാൻ മൂളക്കമാലെ
ഒരു പാട്ട് തന്നാലെ”

ആ മനസ്സിൽ ഒരു മൂളക്കം – ഈണം – ഉണ്ടായിരുന്നു. കാണുന്നതും കേൾക്കുന്നതും എല്ലാം ആ ഈണത്തിൽ പാട്ടായി വാർന്നുവീഴുകയായിരുന്നു. എല്ലാ കലകളും വേണ്ടത്ര സ്വയം തിരിച്ചറിയാതെ – തന്നാലെ – പുറപ്പെട്ടുവരുന്നവയാണല്ലോ.

കവിയുടെ ജന്മശതാബ്ദി വിപുലമായി കൊണ്ടാടിയ സന്ദർഭത്തിൽ തെരഞ്ഞെടുത്ത രചനകളുടെ സമാഹാരം (പുലിക്കോട്ടിൽ കൃതികൾ : 1979) പ്രസിദ്ധീകരിക്കുകയുണ്ടായി.

ഇരുപതാംനൂറ്റാണ്ടിലെ മലബാറിന്റെ രാഷ്ട്രീയവും സാമ്പത്തികവും ഗാർഹികവുമായ അനേകം മുദ്രകൾ മാപ്പിളപ്പാട്ടിൽ അടയാളപ്പെടുത്തിയ ചരിത്രകാരനാണ് പുലിക്കോട്ടിൽ ഹൈദർ. പ്രകൃതിയും സ്ത്രീയും നേരിട്ട സങ്കടങ്ങളെപ്പറ്റിയുള്ള ആ ഗാഥകൾ അനീതിക്കെതിരായ പോരാട്ടത്തിൽ ഇന്നും ഊർജം പകരാൻ ഊറ്റമുള്ളവയാണ്.

- “പ്രമേയം, ഭാഷ, കാഴ്ചപ്പാട് എന്നിവയിലെല്ലാം പുലിക്കോട്ടിൽ ഹൈദർ നാടനായിരുന്നു. ആ വിഭാഗത്തിൽ മലയാളീയതയ്ക്ക് ഇത്ര പ്രാധാന്യം നൽകിയ ആരുമില്ല.” ലേഖകന്റെ ഈ അഭിപ്രായം ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.
- മാപ്പിളപ്പാട്ടിൽ ഏതെല്ലാം വിഭാഗങ്ങളുണ്ട്? കണ്ടെത്തി പട്ടികപ്പെടുത്തുക.

| **വിഭാഗം** | **ഉദാഹരണം** |
|---|---|
| മാലപ്പാട്ട് | മുഹ്‌യിദ്ദീൻമാല |
| | |

- ഏതാനും മാപ്പിളപ്പാട്ടുകൾ ശേഖരിച്ച് രംഗാവിഷ്കാരം നടത്തുക. (ഒപ്പന, വട്ടപ്പാട്ട്, കോൽക്കളി തുടങ്ങിയവ പ്രയോജനപ്പെടുത്താം).

- "ഇന്നു കേരളത്തിലെ എല്ലാ കലാപാരമ്പര്യങ്ങളും എല്ലാ കേരളീയരുടേതുമാണ്" – എം.എൻ. കാരശ്ശേരി

  തിരുവാതിരക്കളി, ഒപ്പന, മാർഗംകളി എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ലഘുകുറിപ്പ് തയാറാക്കുക.

- പദങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ വർണങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ താഴെ തന്നിട്ടുള്ള പദച്ചേരുവകളെ വിവിധ കൂട്ടങ്ങളായി പട്ടികപ്പെടുത്തുക.

  പ്രക്രിയ :
  - പദങ്ങൾ പിരിച്ചെഴുതുക.
  - പിരിച്ചെഴുതിയ പദങ്ങൾ ചേർത്തെഴുതുക.
  - വർണങ്ങൾക്കു വന്ന മാറ്റം തിരിച്ചറിയുക.
  - മാറ്റത്തിനനുസരിച്ച് പദച്ചേരുവകളെ പട്ടികപ്പെടുത്തുക.

  പുറത്തിറക്കി, എത്തിക്കഴിഞ്ഞു, വിലക്കിയില്ല, എന്നോർത്ത്, ജനിച്ചേപ്പിന്നെ, പൊട്ടിക്കീറി, പറഞ്ഞൊപ്പിച്ചു, ഇടത്താവളം, അടുക്കളച്ചുവരുകൾ, അതുകൊണ്ടിങ്ങനെ, ഓടിയെത്തിയ, മരിച്ചില്ല, ഞെടുപ്പറ്റ്, ചിരിയടക്കാൻ, ചീന്തിയെറിഞ്ഞ്, പെയ്തൊഴിഞ്ഞു, മഞ്ഞപ്പിത്തം, അമർത്തിത്തുടച്ച്, ഇ + കാലത്ത്, നീർ + തുള്ളി, ചിമ്മി + തുറന്നു, കൺ + നീർ, വിൺ + തലം, കിട്ടാതെ + ആയി, അ + അൾ, ഇ + അൾ

## സ്വയംവിലയിരുത്തൽ

| | പൂർണമായി | ഭാഗികമായി | തീരെയില്ല |
|---|---|---|---|
| ✳ രംഗകലാമാതൃകകളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഉചിതമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കാൻ കഴിഞ്ഞു. | | | |
| ✳ സാഹിത്യകൃതികൾക്ക് ദൃശ്യം, സംഗീതം എന്നിവയുമായുള്ള ബന്ധം കണ്ടെത്തി അവതരിപ്പിക്കാൻ സാധിച്ചു. | | | |
| ✳ നാടകത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് നിരൂപണം തയാറാക്കാൻ പ്രാവീണ്യം നേടി. | | | |
| ✳ സാഹിത്യപാഠങ്ങളിൽനിന്ന് അഭിനയസാധ്യതകൾ കണ്ടെത്തി വിഭിന്നരീതികളിൽ ആവിഷ്കരിച്ചു. | | | |
| ✳ പദങ്ങൾ പിരിച്ചെഴുതാനും കൂട്ടിച്ചേർക്കാനും പ്രായോഗികപരിചയം നേടി. | | | |

### സഹായകഗ്രന്ഥങ്ങൾ

- കഥകളിവിജ്ഞാനകോശം - അയ്മനം കൃഷ്ണക്കൈമൾ
- നളചരിതസന്ദേശം - അയ്മനം കൃഷ്ണക്കൈമൾ
- രംഗനൈഷധം - കലാമണ്ഡലം വാസുപിഷാരൊടി
- കഥകളിയുടെ കൈപ്പുസ്തകം - ഡോ. വെള്ളിനേഴി അച്യുതൻകുട്ടി
- സൂത്രധാരാ, ഏതിലേ, ഏതിലേ - വയലാ വാസുദേവൻപിള്ള
- മലയാളനാടകസാഹിത്യചരിത്രം - ജി. ശങ്കരപ്പിള്ള
- കാവാലം നാടകങ്ങൾ - കാവാലം നാരായണപ്പണിക്കർ
- ഓർത്താൽ വിസ്മയം - കലാമണ്ഡലം ഹൈദരലി
- പുലിക്കോട്ടിൽ കൃതികൾ - ഡോ. എം.എൻ. കാരശ്ശേരി
- മാപ്പിള സാഹിത്യപഠനങ്ങൾ - ബാലകൃഷ്ണൻ വള്ളിക്കുന്ന്
- മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യം - കെ.കെ. മുഹമ്മദ് അബ്ദുൽകരീം, സി.എൻ. അഹമ്മദ് മൗലവി

### എഴുത്തുകാരെ അറിയുക

## ജി. ഭാർഗവൻപിള്ള (1933-2009)




നാടൻകലാഗവേഷണപഠനരംഗത്ത് മികച്ച സംഭാവനകൾ നൽകിയ എഴുത്തുകാരൻ. കേരള നാടൻകലാ അക്കാദമിയുടെ ആദ്യത്തെ ചെയർമാൻ. മൺമറഞ്ഞ നാടോടി കലാപാരമ്പര്യത്തിന്റെ വീണ്ടെടുക്കലാണ് ജി. ഭാർഗവൻപിള്ളയുടെ കലാപ്രവർത്തനങ്ങളുടെ കാതൽ. പന്തളത്തിനടുത്ത് കുടശ്ശനാടാണ് ജന്മസ്ഥലം. കേരള സംഗീത നാടക അക്കാദമി അവാർഡ്, രേവതിപട്ടത്താനം അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. പൊറാട്ടുനാടകവും മറ്റും, കേരളത്തിലെ പാണന്മാർ പാടുന്നു, മതിലേരിക്കന്നി പണിയാലയിൽ, റേഡിയോ നാടകം, കാക്കാരശ്ശിനാടകം, നാട്ടരങ്ങ്: വികാസവും പരിണാമവും എന്നിവ പ്രധാന കൃതികൾ.

## ഉണ്ണായിവാരിയർ

1675 നും 1755 നും ഇടയിൽ ജീവിതകാലമെന്ന് പറയപ്പെടുന്നു. ഇരിങ്ങാലക്കുട അകത്തൂട്ട് വാരിയത്താണ് ജനിച്ചതെന്ന് അഭിപ്രായമുണ്ട്. നളചരിതം ആട്ടക്കഥ എന്ന ഒറ്റക്കൃതികൊണ്ട് മലയാളസാഹിത്യത്തിൽ തന്റേതായ സ്ഥാനം നേടിയെടുത്ത കവി

യാണ് ഉണ്ണായിവാരിയർ. വാരിയരുടെ ജീവിതകാലം, ജന്മസ്ഥലം എന്നിവയെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. മഹാഭാരതത്തിലെ നളദമയന്തി കഥയെ നാടകീയതയും കാവ്യാത്മകതയും ഒത്തുചേർന്ന കാവ്യമാക്കി വാരിയർ മാറ്റി. അഭിനയഗുണം തികഞ്ഞ ആട്ടക്കഥയെന്ന നിലയിലും സാഹിത്യഗുണം തികഞ്ഞ കാവ്യമെന്ന നിലയിലും നളചരിതം പ്രസക്തമാവുന്നു. കേരളത്തിന്റെ ശാകുന്തളമെന്ന് നളചരിതം ആട്ടക്കഥയെ വിശേഷിപ്പിക്കാറുണ്ട്.

## കാവാലം നാരായണപ്പണിക്കർ




1928 ൽ ആലപ്പുഴജില്ലയിലെ കാവാലത്ത് ജനിച്ചു. നാടകകാരൻ, കവി, ഗാനരചയിതാവ് എന്നീ നിലകളിൽ പ്രസിദ്ധൻ. കേരള സംഗീത നാടക അക്കാദമി ചെയർമാൻ, കേന്ദ്ര സംഗീത നാടക അക്കാദമി വൈസ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളീയ കലാപൈതൃകത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി തനതുനാടക പ്രസ്ഥാനം രൂപപ്പെടുത്തുന്നതിൽ നേതൃത്വം വഹിച്ചു. കേരള സാഹിത്യ അക്കാദമി പുരസ്കാരം, കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ്, കാളിദാസസമ്മാൻ, പത്മഭൂഷൺ എന്നീ ബഹുമതികൾ ലഭിച്ചു. ദൈവത്താർ, സാക്ഷി, അവനവൻകടമ്പ, കരിംകുട്ടി, പൊറനാടി തുടങ്ങി നിരവധി നാടകങ്ങളും കാവാലത്തിന്റെ കവിതകൾ, സോപാനതത്ത്വം എന്നിവയുമാണ് പ്രധാന കൃതികൾ.

## കലാമണ്ഡലം ഹൈദരലി (1946-2006)



കഥകളിസംഗീതത്തിലെ അതുല്യ കലാകാരൻ. തൃശൂർജില്ലയിലെ വടക്കാഞ്ചേരിക്കടുത്ത് ഓട്ടുപാറയിൽ ജനിച്ചു. പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം 1957 ൽ കലാമണ്ഡലത്തിൽ ചേർന്നു. കലാമണ്ഡലം നീലകണ്ഠൻ നമ്പീശനായിരുന്നു ഗുരു. 1965 ൽ ഫാക്ട് കഥകളിസ്കൂളിൽ ചൊല്ലിയാട്ടഭാഗവതരായി. പിന്നീട് കലാമണ്ഡലത്തിൽ വിസിറ്റിങ് പ്രഫസറായി. കേരള സംഗീത നാടക അക്കാദമി അംഗമായിരുന്നു. കലാപരിപാടികൾ അവതരിപ്പിക്കാനായി വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഓർത്താൽ വിസ്മയം, മഞ്ജുതരം (ആത്മകഥ) എന്നിവയാണ് പ്രധാന രചനകൾ.

## ഡോ. എം.എൻ. കാരശ്ശേരി




മുഹിയുദ്ദീൻ നടുക്കണ്ടിയിൽ കാരശ്ശേരി. 1951 ൽ കോഴിക്കോട് ജില്ലയിലെ കാരശ്ശേരിയിൽ ജനിച്ചു. സാഹിത്യനിരൂപകൻ, പ്രഭാഷകൻ. കാലിക്കറ്റ് സർവകലാശാലയിൽ മലയാളം വിഭാഗം തലവനായിരുന്നു. പുലിക്കോട്ടിൽ കൃതികൾ, നവതാളം, മക്കയിലേക്കുള്ള പാത, മാരാരുടെ കുരുക്ഷേത്രം, ഉമ്മമാർക്കുവേണ്ടി ഒരു സങ്കടഹർജി, ചേകന്നൂരിന്റെ രക്തം, ബഷീറിന്റെ പൂങ്കാവനം, കുഞ്ഞുണ്ണി - ലോകവും കോലവും, ഇസ്ലാമികരാഷ്ട്രീയം വിമർശിക്കപ്പെടുന്നു തുടങ്ങിയവ പ്രധാന കൃതികൾ.

# 3


# ദർപ്പണം

ജീവിതസമസ്യകളെയും ചുറ്റുപാടുകളെയും തികവോടെ അവതരിപ്പിക്കുന്നതിൽ മലയാളഭാഷ കരുത്ത് തെളിയിച്ചിട്ടുണ്ട്. ഫലിതത്തെ നിശിതമായ സാമൂഹികവിമർശനത്തിനുള്ള ആയുധമാക്കിയ വലിയ പാരമ്പര്യമാണ് നമുക്കുള്ളത്. സാഹിത്യമടക്കമുള്ള കലകളിൽ ഹാസ്യത്തിന്റെ വ്യത്യസ്തതലങ്ങൾ ആവിഷ്കൃതമാവുന്നുണ്ട്. പ്രകൃതിയെയും മനുഷ്യാവസ്ഥകളെയും നിരീക്ഷിക്കുകയും അടയാളപ്പെടുത്തുകയും ചെയ്യുന്ന യാത്രാനുഭവമെഴുത്തിലും നമ്മുടെ ഭാഷ സമ്പന്നമാണ്. ഇത്തരം മേഖലകൾ പരിചയപ്പെടുകയാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം. കുഞ്ചൻനമ്പ്യാരുടെ ശീലാവതീചരിതത്തിലെ 'കൊള്ളിവാക്കല്ലാതൊന്നും' എന്ന ഭാഗം, ഗ്രേസിയുടെ 'ഗൗളിജന്മം' എന്ന കഥ, ചെറിയാൻ കെ. ചെറിയാന്റെ 'തേങ്ങ' എന്ന കവിത, എസ്.കെ. പൊറ്റെക്കാട്ടിന്റെ 'ബദരിയും പരിസരങ്ങളും', എം. പി. വീരേന്ദ്രകുമാറിന്റെ 'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്നീ രചനകളാണ് ഈ യൂണിറ്റിലുള്ളത്.



**പഠനനേട്ടങ്ങൾ**

- സാഹിത്യകൃതികളിലെ ഹാസ്യാംശങ്ങൾ കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നു.
- കവിതയിലെ അവതരണസാധ്യതകൾ കണ്ടെത്തി ഉചിതമായ രീതിയിൽ അവതരിപ്പിക്കുന്നു.
- മലയാളകവിതകളിലെ ആക്ഷേപഹാസ്യതലങ്ങൾ വിശകലനം ചെയ്ത് ആസ്വാദനക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ, താരതമ്യക്കുറിപ്പുകൾ മുതലായവ തയാറാക്കുന്നു.
- മലയാളത്തിലെ, സ്ത്രീപക്ഷകഥകളിലെ സാമൂഹികവിമർശനതലം അപഗ്രഥിച്ച് കുറിപ്പുകൾ തയാറാക്കുന്നു.
- സഞ്ചാരസാഹിത്യകൃതികളുടെ സവിശേഷതകളും ഊന്നലുകളും തിരിച്ചറിഞ്ഞ് കുറിപ്പുകൾ തയാറാക്കുന്നു.
- സഞ്ചാരം എന്ന അനുഭവം അടയാളപ്പെടുത്തുന്ന യാത്രാവിവരണങ്ങൾ എഴുതുന്നു.
- വാക്യഘടനയുടെ സവിശേഷതകളും സൗന്ദര്യാംശങ്ങളും തിരിച്ചറിഞ്ഞ് പുതുവാക്യനിർമ്മിതിയിൽ ഏർപ്പെടുന്നു.



# മോഷണം

## അയ്യപ്പപ്പണിക്കർ

**വെ**റുമൊരു മോഷ്ടാവായോരെന്നെ
കള്ളനെന്നു വിളിച്ചില്ലേ, താൻ
കള്ളനെന്നു വിളിച്ചില്ലേ?

തുണി മോഷ്ടിച്ചതു കാണുന്നവരുടെ
നാണം കാക്കാനായിരുന്നല്ലോ- അവരുടെ
നാണം കാക്കാനായിരുന്നല്ലോ.

കോഴിയെ മോഷ്ടിച്ചെങ്കിലതേ, അത്
പൊരിച്ചു തിന്നാനായിരുന്നല്ലോ- എനിക്കു
പൊരിച്ചു തിന്നാനായിരുന്നല്ലോ.

പശുവിനെ മോഷ്ടിച്ചെങ്കിലതും-എനിക്കു
പാലു കുടിക്കാനായിരുന്നല്ലോ- പശുവിൻ
പാലു കുടിക്കാനായിരുന്നല്ലോ.

കോഴിയിറച്ചീം പശുവിൻപാലും
വൈദ്യൻപോലും വിലക്കിയില്ലല്ലോ-എന്റെ
വൈദ്യൻപോലും വിലക്കിയില്ലല്ലോ

നല്ലതു വല്ലോം മോഷ്ടിച്ചാലുടനേ-അവനേ-വെറുതേ
കള്ളനാക്കും നിങ്ങടെ ചട്ടം
മാറ്റുക മാറ്റുക ചട്ടങ്ങളെയവ
മാറ്റും നിങ്ങളെയല്ലെങ്കിൽ.

(അയ്യപ്പപ്പണിക്കരുടെ കൃതികൾ: 1969-1981)

- ഈ കവിത നാടകീയതയും നർമ്മവും ചോരാതെ ചൊൽക്കാഴ്ചയായി എങ്ങനെ അവതരിപ്പിക്കാം? ആശയരൂപീകരണം നടത്തുക. ചില അവതരണങ്ങൾ കാണുക.
- ചിരിക്കു പിന്നിൽ ചിന്തയുണ്ടല്ലോ. ഈ കവിത ഉണർത്തുന്ന ചിന്തകൾ എന്തെല്ലാം? ചർച്ചചെയ്യുക.

# കൊളളിവാക്കല്ലാതൊന്നും

## കുഞ്ചൻനമ്പ്യാർ



ഭൃഗുവംശത്തിലെ സുതപസ്സെന്ന മുനിക്ക് ജനിച്ച ഉഗ്രതപസ്സ് എന്ന പുത്രൻ വിരൂപനും ക്ഷിപ്രകോപിയും ദുശ്ശീലനുമാണ്. അദ്ദേഹത്തിന്റെ പതിവ്രതയായ ഭാര്യ ശീലാവതി ഭർത്താവിനെ രോഗാവസ്ഥയിൽ എത്രകണ്ട് ശുശ്രൂഷിച്ചിട്ടും മുനിയുടെ ദുഷിച്ച സ്വഭാവത്തിനും രോഗത്തിനും മാറ്റം ഉണ്ടാകുന്നില്ല. ഭർത്താവിനെക്കുറിച്ച് ശീലാവതിയുടെ പരിഭവങ്ങളാണ് പാഠസന്ദർഭം.

നല്ല കഷായങ്ങളും നല്ല മുക്കുടികളും
എല്ലാം കൊടുക്കുന്നു ഞാനെല്ലാ നേരവുമിപ്പോൾ
തെല്ലും വിശേഷം കാണ്മാനില്ല ചോറൊരുവറ്റും
ചെല്ലുന്നതില്ല രോഗം വെല്ലുന്നൗഷധജാലം
തെല്ലും നമുക്കു കഴിവില്ലെന്നു വന്നു കാന്ത-
നല്ലും പകലും കഴിവില്ലാതെ വലയുന്നു;
നില്ലാതെ വിഷമങ്ങൾ വല്ലാതെ വന്നു നമു-
ക്കെല്ലാമോർത്താലാരോടു ചൊല്ലുന്നു ഞാനിക്ലേശം?
ഇല്ലങ്ങളിൽ നടന്നു നെല്ലുമരിയും തെണ്ടി
ചൊല്ലുന്ന പോലെ കുത്തിക്കല്ലു കളഞ്ഞുവച്ചു
നല്ല ചോറും കറിയുമെല്ലാമുണ്ടാക്കിക്കൊണ്ടും
ചെല്ലുന്ന നേരമങ്ങു തെല്ലും രുചിയുമില്ല;
കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളൊരു
കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം;

എടുത്തെന്നാലതും കുറ്റം എടുക്കാഞ്ഞാലതും കുറ്റം
കൊടുത്തെന്നാലതും കുറ്റം കൊടുക്കാഞ്ഞാലതും കുറ്റം
അടുത്തെന്നാലതും കുറ്റം അടുക്കാഞ്ഞാലതും കുറ്റം
കുളിച്ചെങ്കിലതും കുറ്റം കുളിക്കാഞ്ഞാലതും കുറ്റം
പറഞ്ഞെങ്കിലതും കുറ്റം പറയാഞ്ഞാലതും കുറ്റം
എരിച്ചെങ്കിലതും കുറ്റം എരിക്കാഞ്ഞാലതും കുറ്റം
കുറവല്ലാതെ നമുക്കൊരു വസ്തു
പറവാനില്ല ജനിച്ചേപ്പിന്നെ
മറിമായങ്ങളുമവിനയവും ഞാൻ
അറിയുന്നവളല്ലച്യുതകൃഷ്ണ!
പിറവീലുള്ളൊരു ജാതകദോഷം
കുറയല്ലതുകൊണ്ടിങ്ങനെ നമ്മെ-
ക്കുറവു പറഞ്ഞു നശിപ്പിക്കുന്നു
കുറവറ്റീടിന മുനികുലനാഥൻ

(ശീലാവതീചരിതം ഓട്ടൻതുള്ളൽ)

കാലേ കുളിച്ചാലോ വേശിയാട്ടം,
കാലത്തെണീക്കാഞ്ഞാൽക്കള്ളനാട്യം,
പോവാതിരുന്നാലുമമ്പലത്തിൽ-
പ്പോയാലുമെപ്പോഴും മറ്റൊരർഥം.

*(വിവാഹസമ്മാനം - ഇടശ്ശേരി)*

എടുത്തെന്നാലതും കുറ്റം എടുക്കാഞ്ഞാലതും കുറ്റം
കൊടുത്തെന്നാലതും കുറ്റം കൊടുക്കാഞ്ഞാലതും കുറ്റം
അടുത്തെന്നാലതും കുറ്റം അടുക്കാഞ്ഞലതും കുറ്റം
കുളിച്ചെങ്കിലതും കുറ്റം കുളിക്കാഞ്ഞാലതും കുറ്റം.

*(ശീലാവതീചരിതം - നമ്പ്യാർ)*

സ്ത്രീയുടെ ജീവിതാവസ്ഥയ്ക്ക് ഇപ്പോൾ മാറ്റം വന്നിട്ടുണ്ടോ? കാവ്യഭാഗം അപഗ്രഥിച്ച് സ്വന്തം നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയാറാക്കുക.

"കുറവല്ലാതെ നമുക്കൊരുവസ്തു
പറവാനില്ല ജനിച്ചേപ്പിന്നെ."

നമ്പ്യാർക്കൃതികളിൽനിന്ന് ഇതുപോലുള്ള ആക്ഷേപഹാസ്യപ്രധാനമായ വരികൾ കണ്ടെത്തി വിലയിരുത്തൽക്കുറിപ്പ് തയാറാക്കുക.

കുഞ്ചൻനമ്പ്യാരുടെ കാവ്യഭാഷയ്ക്ക് ചൈതന്യം പകരുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

താഴെ കൊടുത്ത സൂചകങ്ങൾ പരിഗണിക്കാം.

- താളം
- പദപ്രയോഗം
- പ്രാസം
- 
- 

കുഞ്ചൻനമ്പ്യാരുടെ ആക്ഷേപഹാസ്യത്തിന്റെ സ്വഭാവസവിശേഷതകൾ മനസ്സിലാക്കിയല്ലോ. സാഹിത്യരചനകളിൽ ഹാസ്യം പലരൂപത്തിൽ പ്രത്യക്ഷപ്പെടാം.

"പത്തുമണിക്ക് ഉറങ്ങാൻ കിടന്നു. ജീവിതത്തിൽ കൃതകൃത്യത അനുഭവപ്പെട്ടു. ചെയ്യേണ്ട തെല്ലാം ചെയ്തിരിക്കുന്നു. തിന്നേണ്ടതെല്ലാം തിന്നിരിക്കുന്നു. ഇനി മരിക്കാം... ഇതൊരു ചാൻസാണ്. മരിക്കാൻ കിടന്നു. യഥാസമയം മരിച്ചു. പുലർച്ചെ ശവമെടുത്തു. വീട്ടു കാർ കേൾക്കാത്തത്ര ദൂരത്തായപ്പോൾ പയ്യൻ ശവമഞ്ചവാഹകരോടു ചോദിച്ചു: "അവി ടെയും രാവിലെ ഇഡ്ഡലി തന്നെയല്ലേ?"

*(നിലനിൽപ്പീയം - വി.കെ.എൻ. )*

ഈ കഥാഭാഗത്തെ ഹാസ്യാത്മകമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം? അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുക.



# ഗൗളിജന്മം

**ഗ്രേസി**

നഗരത്തിലെ പ്രസിദ്ധമായ ഒരാശുപത്രിയിൽ രണ്ട് ഗൗളികൾ പാർത്തിരുന്നു. ഒരാൺഗൗളിയും ഒരു പെൺഗൗളിയും. യാതനാനിർഭരമായ ആശുപത്രിജീവിതം ഒരു തുടർനാടകംപോലെ കണ്ട് വിഷണ്ണരായിത്തീർന്ന അവർ ആരോഗ്യത്തിന് ഹാനികരം എന്ന മുന്നറിയിപ്പ് ചീന്തിയെറിഞ്ഞ് ദാമ്പത്യം ശീലിക്കാൻ തുടങ്ങിയിട്ട് കുറച്ചു ദിവസങ്ങളേ ആയിരുന്നുള്ളൂ. ആസക്തി പെയ്തൊഴിഞ്ഞപ്പോൾ തെളിഞ്ഞ കണ്ണുകളോടെ അവർ മുറിയാകെ നിരീക്ഷിച്ചു. അവശനായി കിടക്കുന്ന യുവാവും അവന്റെ കാൽക്കീഴിലിരിക്കുന്ന യുവ

തിയും അപ്പോഴും ഒരു നിശ്ചലദൃശ്യംതന്നെയായിരുന്നു. യുവതിയുടെ കണ്ണുകളിൽ ആരുടെ ഹൃദയത്തെയും ഈർന്നു മുറിക്കുന്ന ഒരു ശൂന്യത കണ്ട് ആൺഗൗളി അസ്വസ്ഥനായി. രണ്ട് പാദുകങ്ങളുടെ കുളമ്പടിശബ്ദം കേട്ട് അവന്റെ ശ്രദ്ധ മുറിയുടെ വാതിൽക്കലേക്കു തെന്നി. ഇരുട്ട് കുത്തനെ പതിച്ചതുപോലെ മുറിയിലേക്കു കടന്ന സന്ദർശകയെ കണ്ട് ആൺഗൗളി പെൺഗൗളിയോടു പറഞ്ഞു:

"നോക്കൂ, ഈ പെൺപിറന്നവർക്ക് ചാകാൻ കിടക്കുന്ന ഈ ചെറുപ്പക്കാരനോടോ അവന്റെ സുന്ദരിയായ ഭാര്യയോടോ തെല്ലും അനുതാപമോ കാരുണ്യമോ ഇല്ല. രോഗമില്ലാത്തവൻ രോഗിയെ സന്ദർശിക്കുന്നത് തന്റെ ആരോഗ്യതരംഗം കൊണ്ട് ആ പാവത്തെ വശക്കേടിലാക്കാനാണ്. സ്വൈരമായി ചാകാൻകൂടി സമ്മതിക്കില്ല ഈ വർഗം. സന്ദർശക മൊഴിയുന്നത് ചെവിയോർത്താൽ നിനക്കത് മനസ്സിലാവും."

സന്ദർശക, ചിത്രത്തിലെഴുതിയതുപോലെ ഇരിക്കുന്ന യുവതിയുടെ ചുമലിൽ കൈത്തലമർപ്പിച്ച് നെടുവീർപ്പിട്ടു:

"എന്റെ ഒരു കസിൻ ഇതുപോലെത്തന്നെ ആക്സിഡന്റിൽപ്പെട്ട് പിന്നെ മഞ്ഞപ്പിത്തം കയറിയാണ് തുലഞ്ഞത്."

യുവതിയിൽ പ്രതികരണമൊന്നുമില്ലെന്നു കണ്ട് ഊറിവരുന്ന നൈരാശ്യം അമർത്തിത്തുടച്ച് സന്ദർശക തുടർന്നു:

"നീ തളരരുത് ആരതീ. നിനക്ക് ചെറുപ്പമല്ലേ! ജീവിതം ഇതുകൊണ്ടൊന്നും തീർന്നുപോവുകയില്ല. നീ പ്രഗ്നന്റോ മറ്റോ ആണോ? എങ്കിൽ അതങ്ങ് അബോർട്ട് ചെയ്യിച്ചേക്ക്. ഇക്കാലത്ത് തന്തയില്ലാത്ത ഒരു കുട്ടിയെ വളർത്തിയെടുക്കുകാന്നൊക്കെ പറഞ്ഞാൽ വലിയ മെനക്കേടാ."

പെൺഗൗളി ചിലച്ച് കലശലായി പ്രതിഷേധിച്ചു.

"കഷ്ടംതന്നെ! സത്യം ഇത്ര നിർദ്ദയമായി പറയാവോ? ഒരു മയമൊക്കെ വേണ്ടായോ?"

ആൺഗൗളി അമർഷത്തോടെ ചോദിച്ചു:

"നീയിപ്പോൾ ചിലച്ചതെന്തിന്? മനുഷ്യർ എത്ര പുരോഗമിച്ചാലും അവർക്ക് ഗൗളിയുടെ ചിലയ്ക്കലിൽ വലിയ വിശ്വാസമാണെന്ന് നിനക്കറിഞ്ഞുകൂടേ? പ്രത്യേകിച്ച് ബുധനാഴ്ച തെക്കുപടിഞ്ഞാറിരുന്ന് ഗൗളി ചിലച്ചാൽ ബന്ധുമരണം നിശ്ചയം എന്നാണ് അവരുടെ ശാസ്ത്രം. ദിവസങ്ങളായി ആ ചെറുപ്പക്കാരി ശങ്കിച്ചുകൊണ്ടിരുന്ന കാര്യത്തിൽ ദാ, ഈ നിമിഷം തീർപ്പായി."

പെൺഗൗളി കുറ്റബോധത്തോടെ തല താഴ്ത്തി.

"ഛേ! ഞാനത്രയ്ക്കു കരുതീല്ല!"

ആൺഗൗളി ഇരുത്തം വന്ന ഭാവത്തിൽ തുടർന്നു:

"ഇപ്പോഴത്തെ മനുഷ്യർ തലച്ചോറിനാണ് മുൻതൂക്കം നൽകുക; ഹൃദയത്തിനല്ല. ആണെങ്കിൽത്തന്നെയും നീ ഒന്നാലോചിച്ചുനോക്ക്. തന്തയെത്തീനി എന്ന ബഹുമതിയോടെ ആ പാവം കുഞ്ഞ് ഈ ലോകത്തിലേക്ക് വന്നാലത്തെ അവസ്ഥ! അതിനുപിന്നെ ജീവിതം ദുസ്സഹമാവുകയില്ലേ?"

മുറിയിൽ നിശ്ശബ്ദതയുടെ നിഴൽ കനക്കുന്നതറിഞ്ഞ് സന്ദർശക കടുത്ത ഇച്ഛാഭംഗത്തോടെ എഴുന്നേറ്റു:

"ഞാനിനി ഇവിടെ ഇരുന്നാൽ ശരിയാവുകയില്ല. ഡോക്ടർ റൗണ്ട്സിനു വരേണ്ട സമയമായി. ങാ, വീണ്ടും കാണാം."

പട്ടുസാരിയുടെ മിനുക്കം വാതിൽ കടന്ന് മറഞ്ഞപ്പോൾ ചെറുപ്പക്കാരന്റെ കരിവാളിച്ച ചുണ്ടുകൾ ഞരങ്ങി:

"ആരതീ, നീയത് ചെയ്യുമോ?"

ചെറുപ്പക്കാരി ഞെട്ടി.

"എന്ത്?"

"എന്റെ കുഞ്ഞിനെ നീ കൊന്നുകളയുമോ?"

ചെറുപ്പക്കാരിയുടെ കണ്ണുകളിൽനിന്ന് രണ്ട് നീർത്തുള്ളികൾ പ്രയാണമാരംഭിച്ചു. മുഖത്തിന്റെ അതിരിൽ ഒരു നിമിഷം ചിന്തിച്ചുനിന്ന് ചുട്ടു വിങ്ങുന്ന നെഞ്ചിലേക്ക് ചാടി.

അപ്പോൾ ഡോക്ടറും സംഘവും തിടുക്കത്തിൽ വാതിൽ കടന്നുവന്നു. ആൺഗൗളി പെൺഗൗളിയോട് പറഞ്ഞു:

"സത്യത്തിൽ ഈ ചെറുപ്പക്കാരനെ കൊലയ്ക്കു കൊടുത്തത് ഈ ഭയങ്കരനാണ്. അപകടത്തിലേറ്റ പരിക്കുമൂലമല്ലല്ലോ ഇയാൾ മരിക്കാൻ പോകുന്നത്. ജനറൽ ഫിസിഷ്യന് റഫർ ചെയ്തിരുന്നെങ്കിൽ അങ്ങേര് മഞ്ഞപ്പിത്തത്തിന് ചികിത്സിക്കുമായിരുന്നു. ഈ മൂപ്പരുടെ ഈഗോ അതിന് സമ്മതിച്ചില്ല. ഇനിയിപ്പോ മരിക്കുകയല്ലാതെ മറ്റെന്തു ഗതി?"

പെൺഗൗളി ഭർത്താവിന്റെ മുഖത്ത് അദ്ഭുതാദരങ്ങളോടെ നോക്കി. ആ നോട്ടം കണ്ടില്ലെന്നു നടിച്ച് ആൺഗൗളി തന്നോടുതന്നെ പറഞ്ഞു:

"കഷ്ടം! കിശോരലാലിന്റെ വർഗത്തിന് അഹന്ത ഇപ്പോഴുമുണ്ട്. അങ്ങോർക്ക് ഒടുവിലുണ്ടായ തിരിച്ചറിവ് ഈ ജന്മം ഇവറ്റയ്ക്കൊട്ട് കിട്ടുകയുമില്ല."

പെൺഗൗളിക്ക് ജിജ്ഞാസ അടക്കാനായില്ല.

"ആരാണ് കിശോരലാൽ?"

ആൺഗൗളിയുടെ കണ്ണുകളിൽ പോയ ജന്മത്തിന്റെ ഓർമ്മ, മുറിഞ്ഞു വീണ വാൽപോലെ പിടഞ്ഞു:

"അത് പൊൻകുന്നം വർക്കിയുടെ ഒരു കഥാപാത്രമാണ്; പ്രഗല്ഭനായ ഒരു ഡോക്ടർ."

പെൺഗൗളിയുടെ വട്ടക്കണ്ണുകളിൽ അജ്ഞത തുറിച്ചുവന്നു.

"പൊൻകുന്നം വർക്കിയോ?"

"അതെ, അങ്ങോർ മലയാളത്തിലെ ഒരു കഥാകൃത്തായിരുന്നു."

തന്റെ ആൺപിറന്നവന്റെ പൊതുവിജ്ഞാനത്തെക്കുറിച്ച് പെൺഗൗളിക്ക് വളരെ മതിപ്പുതോന്നി. അത് അവൾ പുറത്തെടുക്കുകയും ചെയ്തു:

“നിങ്ങൾ വെറുമൊരു ഗൗളിയല്ലേ! പിന്നെ ഇതൊക്കെ എങ്ങനെയാണറിഞ്ഞത്?”

ഒരു നെടുവീർപ്പോടെ ആൺഗൗളി പറഞ്ഞു:

“ഞാൻ മുജ്ജന്മത്തിൽ ഒരു കഥാകൃത്തായിരുന്നു. എന്റെ കഥകൾ മലയാളത്തിലെ ഏറ്റവും മികച്ച കഥകളാണെന്ന് ഞാൻ അഭിമാനിച്ചു. അതുകൊണ്ടാണ് ഈ ജന്മത്തിൽ ഞാൻ മേൽക്കൂര താങ്ങുന്ന ഒരു ഗൗളിയായത്.”

പെൺഗൗളി ആത്മനിന്ദയോടെ തല തല്ലി:

“കഷ്ടം! എനിക്ക് മുജ്ജന്മത്തെക്കുറിച്ച് ഒരോർമ്മയും തെളിയുന്നില്ലല്ലോ. ഞാൻ ആരായിരുന്നു എന്നറിയാൻ എനിക്ക് വളരെയേറെ ആഗ്രഹമുണ്ട്.”

പുരുഷന്റെ അഹന്ത ഗൗളിജന്മത്തിലും തീർത്തും തേഞ്ഞു പോയിരുന്നില്ല.

“അതിന് ബോധോദയം ഉണ്ടാവണം. എല്ലാവരുടെയും ഉള്ളിലുണ്ട് ഒരു ബോധിവൃക്ഷം. അത് തിരിച്ചറിഞ്ഞ് ബോധിവൃക്ഷച്ചുവട്ടിൽ ധ്യാനത്തിലമരണം, ബുദ്ധൻ ചെയ്തതുപോലെ.”

പെൺഗൗളി ഔൽസുക്യത്തോടെ ചോദിച്ചു:

“എന്നിട്ട് അങ്ങോർക്ക് എന്ത് ബോധമാണുദിച്ചത്?”

ആൺഗൗളി ഒന്നു പതറി. അതുകൊണ്ടുതന്നെ അവൻ തിടുക്കത്തിൽ അനാവശ്യമായ ഒരു പ്രസംഗത്തിന്റെ ചാലിൽ വീണു.

“നിങ്ങൾ പെണ്ണുങ്ങൾക്ക് ഒരിക്കലും സാധ്യമല്ലാത്ത ഒരു കാര്യമാണ് ബുദ്ധൻ ചെയ്തത്. പ്രാപഞ്ചികദുഃഖത്തിന്റെ കാരണം കണ്ടെത്താൻ കൊട്ടാരവും കിരീടവുമൊക്കെ വെടിഞ്ഞു. കെട്ടിയ പെണ്ണിനെയും അവളിലുണ്ടായ ഓമനപ്പുത്രനെയും തിരസ്കരിച്ചു. ബോധിവൃക്ഷച്ചുവട്ടിലിരുന്ന് ധ്യാനത്തിന്റെ കവാടം തുറന്നു. അപ്പോൾ സർവവും തെളിഞ്ഞുവന്നു.”



അവന്റെ ഇണ പെണ്ണുങ്ങൾക്ക് കൈമുതലായ പിടിവാശി ഉപേക്ഷിക്കാൻ തയാറായില്ല.

“എന്റെ ചോദ്യത്തിനുത്തരം കിട്ടിയില്ല!”

ആൺഗൗളി പിന്നേയും പതറി. വട്ടക്കണ്ണുകൾ ഒന്നുരണ്ടു വട്ടം ചിമ്മിത്തുറന്ന് അവൻ പറഞ്ഞൊപ്പിച്ചു:

“മമതയാണ് സർവദുഃഖങ്ങൾക്കും കാരണം എന്ന ബോധം.”

പെൺഗൗളി പൊട്ടിച്ചിലച്ചു:

“ഇത് കണ്ടെത്താനാണോ ആ പാവം രാജകുമാരൻ ഇക്കണ്ട ത്യാഗ

ങ്ങളൊക്കെ സഹിച്ചത്? കഷ്ടം! അടുക്കളച്ചുവരുകൾക്കുള്ളിൽ കരിയും പുകയും പിടിച്ചു കിടക്കുന്ന പെണ്ണുങ്ങൾക്കുപോലും അറിയാമല്ലോ ഇത്!"

ആൺഗൗളിയുടെ അഭിമാനം നുറുങ്ങിപ്പോയി.

മുറിയിൽനിന്ന് പൊടുന്നനെ ഉയർന്ന കരച്ചിലിൽ അവരുടെ ശ്രദ്ധ താഴേക്കൂർന്നു. കാര്യം മനസ്സിലായപ്പോൾ പെൺഗൗളിയുടെ കണ്ണുകൾ നനഞ്ഞു.

"ദാ, ആ പാവം ചെറുപ്പക്കാരൻ മരിക്കുകയാണ്. അയാളുടെ ചുണ്ടുകളിൽ ഇപ്പോഴും എന്റെ കുഞ്ഞ്! എന്റെ കുഞ്ഞ്! എന്നൊരു സങ്കടം പിടഞ്ഞുകൊണ്ടിരിക്കുകയാണ്.ആ പാവത്തിന്റെ ആത്മാവിന് പിതൃലോകത്ത് പ്രവേശനം കിട്ടാതെ അലഞ്ഞു നടക്കേണ്ട ഗതികേട് വരുമെന്ന് തോന്നുന്നു."

ആൺഗൗളി കനത്ത സ്വരത്തിൽ പ്രതിവചിച്ചു:

"ആ ചെറുപ്പക്കാരി അവളുടെ ഉദരത്തിലെ കുഞ്ഞിനെ വെളിച്ചം കാണിക്കുകയില്ല. തീർച്ച. മറ്റൊരു ജീവിതം അവൾക്കായി കാത്തിരിക്കുന്നു."

പെൺഗൗളി ചിന്താവിഷ്ടയായി. പിന്നെ തിടുക്കത്തിൽ പറഞ്ഞു:

"ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഈ മുറിയിൽ ബന്ധുക്കളുടെ തിരക്കാവും. അതിനുമുമ്പേതന്നെ ഞാൻ ആ ചെറുപ്പക്കാരിയുടെ ബാഗിലടുക്കിവച്ചിരിക്കുന്ന വസ്ത്രങ്ങൾക്കിടയിൽ കടന്നുകൂടാൻ പോകുകയാണ്. അവളുടെ ഇനിയുള്ള ജീവിതത്തെക്കുറിച്ചറിയാൻ എനിക്ക് വളരെ മോഹമുണ്ട്."

ആൺഗൗളി ഞെട്ടിപ്പോയി:

"പെണ്ണേ, അബദ്ധമൊന്നും കാണിക്കരുത്! അവളുടെ ജീവിതം അവൾ ജീവിച്ച് തീർത്തോളും. നീ നിന്റെ കാര്യം നോക്ക്. എന്റെ കുഞ്ഞുങ്ങളുടെ അമ്മയാവാനുള്ളവളാണ് നീ എന്ന കാര്യം വിസ്മരിക്കേണ്ട."

വാൽ വിറപ്പിച്ച് പെൺഗൗളി തിരിഞ്ഞു.

"നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏത് പെൺഗൗളിക്കും കഴിയും. പക്ഷേ, ഇത് ഞാൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്. തന്നെയുമല്ല, പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട്."

ഇത്രയും പറഞ്ഞ്, പെൺഗൗളി താഴേക്കു കുതിച്ചുചാടി ആൺഗൗളിയുടെ ജീവിതത്തിൽനിന്ന് അപ്രത്യക്ഷയായി.

(രണ്ടു സ്വപ്നദർശികൾ)

- 'ഗൗളിജന്മം' എന്ന കഥയിലൂടെ ഗ്രേസി അവതരിപ്പിക്കുന്ന സാമൂഹികവിമർശനതലം എന്ത്? കഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
- ഗൗളികളുടെ വീക്ഷണകോണിലൂടെ കഥപറയുന്ന തന്ത്രം കഥാകാരി സ്വീകരിച്ചതുകൊണ്ട് കഥയ്ക്ക് കൈവന്ന സവിശേഷതകൾ അപഗ്രഥിച്ചെഴുതുക.

“ദാർശനികവൈകാരികതയുടെ ഭാരമില്ലാതെ ഗ്രേസി എഴുതുന്നു. രസകരമായ ചപലസ്വഭാവത്തിലൂടെ എല്ലാറ്റിനേയും ഒരു തമാശയിൽ എത്തിക്കുന്നു.”

*-കെ.പി. അപ്പൻ*

*(ഉത്തരാധുനികത: വർത്തമാനവും വംശാവലിയും)*

‘ഗൗളിജന്മം’ എന്ന കഥയുടെ സവിശേഷതകളിലൊന്ന് ആഖ്യാനത്തിൽ മിന്നിമറയുന്ന ഹാസ്യമാണ്. കഥയിലെ ഹാസ്യതലങ്ങൾ കണ്ടെത്തി എഴുതുക.

താഴെ കൊടുത്ത വാക്യത്തിന്റെ ആശയത്തിന് മാറ്റം വരാതെ പദങ്ങളുടെ സ്ഥാനം മാറ്റി പുതുവാക്യങ്ങൾ നിർമ്മിക്കുക.

യുവതിയുടെ കണ്ണുകളിൽ ആരുടെ ഹൃദയത്തെയും ഈർന്നുമുറിക്കുന്ന ശൂന്യത കണ്ട് ആൺഗൗളി അസ്വസ്ഥനായി.

മാതൃക:

“ആൺഗൗളിയുടെ കണ്ണുകളിൽ പോയജന്മത്തിന്റെ ഓർമ്മ മുറിഞ്ഞുവീണ വാൽപോലെ പിടഞ്ഞു.”

- ആൺഗൗളിയുടെ കണ്ണുകളിൽ മുറിഞ്ഞുവീണ വാൽപോലെ പോയജന്മത്തിന്റെ ഓർമ്മ പിടഞ്ഞു.
- പോയജന്മത്തിന്റെ ഓർമ്മ ആൺഗൗളിയുടെ കണ്ണുകളിൽ മുറിഞ്ഞുവീണ വാൽപോലെ പിടഞ്ഞു.

“പിന്ന്യാവാം പിന്ന്യാവാം എന്നു പറഞ്ഞു കാലം പോയി... ഒരു വല്യൊഴിവിന് കുട്ട്യോളെയും അമ്മേം കൊണ്ട് ഡൽഹി കാണിക്കാൻ പോയി. ഞാനും കൂടി പോയാൽ പശുക്കളെ ആരു നോക്കും, അച്ഛന്റെ അസ്ഥിത്തറയിൽ ആരു തിരി കൊളുത്തും എന്നൊക്കെ ചോദിച്ചു ഇവിടത്തെ അമ്മ. ഏതായാലും എന്റെ പോക്കു നടന്നില്ല.”

(ഓർമ്മയുടെ ഞരമ്പ്)

“നിങ്ങളുടെ കുഞ്ഞുങ്ങളുടെ അമ്മയാവാൻ ഏത് പെൺഗൗളിക്കും കഴിയും. പക്ഷേ, ഇത് ഞാൻ തന്നെ കണ്ടെത്തേണ്ട കാര്യമാണ്. തന്നെയുമല്ല, പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട്.”


(ഗൗളിജന്മം)

‘ഗൗളിജന്മ’ത്തിലെ സ്ത്രീ ‘ഓർമ്മയുടെ ഞരമ്പി’ലെ സ്ത്രീയിൽനിന്ന് വ്യത്യസ്തയാണോ? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.

# തേങ്ങ

## ചെറിയാൻ കെ. ചെറിയാൻ

**കൊ**ല്ലാങ്കണ്ടത്തിൽ ദേവസ്യ
തെങ്ങിൻചോട്ടിലിരുന്ന് മുറുക്കുകയായിരുന്നു.
പൊടുന്നനെ ഒരു പെരുന്തൻ തേങ്ങ
ഞെടുപ്പറ്റു താഴേയ്ക്കു പോന്നു.
അയൽക്കാരൻ പാലുശ്ശേരിൽ നാരായണപിള്ള
കാഴ്ച കണ്ടു മേലുതരിച്ചു നിന്നുപോയി.
തേങ്ങ ഉച്ചിക്കുതന്നെ വീണു.
ദേവസ്യ പിന്നിലേയ്ക്കു മലർക്കെ
മരിച്ചെന്നു തന്നെ നാരായണപിള്ള കൽപ്പിച്ചു.
അദ്ഭുതമെന്നേ പറയേണ്ടൂ – ദേവസ്യക്കല്ല,
പറ്റിയതു തേങ്ങയ്ക്കായിരുന്നു!
അതു നാരോടേ പൊട്ടിക്കീറി
അടുത്തുള്ള കുളത്തിൽ തെറിച്ചുവീണു.
ഓടിയെത്തിയ നാരായണപിള്ളയെ കാണെ
ചിരിക്കാനാണു തോന്നിയത്.
ഇത്ര പെരുത്തോരു തേങ്ങ
ഇത്ര പൊക്കത്തിൽനിന്നു വീണിട്ടും
താൻ മരിച്ചില്ലല്ലോ എന്നോർത്ത്
ദേവസ്യക്ക് ചിരി അടങ്ങാതെപോയി.
നാരായണപിള്ളയെ നോക്കി അയാൾ ചിരിച്ചു.
കുളത്തിൽ നോക്കി ചിരിച്ചു.
തെങ്ങിൻമണ്ടയുടെ നേർക്ക് കുടുകുടെ ചിരിച്ചു.
മലർന്നു കിടന്നു ചിരിച്ചു.
പള്ളയ്ക്കു കൈചേർത്തു ചിരിച്ചു.
എന്തിന്–
ചിരിച്ചുചിരിച്ച് ചിരിയടക്കാനാവാതെ
കൊല്ലാങ്കണ്ടത്തിൽ ദേവസ്യ
ഒടുവിൽ ശ്വാസംമുട്ടി മരിച്ചു.....



*ഗുണപാഠം : തലയിൽ തേങ്ങ വീണാൽ ചിരിക്കരുത്.*

(ചെറിയാൻ കെ. ചെറിയാന്റെ തിരഞ്ഞെടുത്ത കവിതകൾ)

- "അയുക്തി ഹാസ്യത്തിന് കാരണമാവാറുണ്ട്". ഈ പ്രസ്താവത്തെ 'തേങ്ങ' എന്ന കവിതയുമായി ബന്ധിപ്പിച്ച് നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

- 'തലയിൽ തേങ്ങ വീണാൽ ചിരിക്കരുത്' എന്ന ഗുണപാഠം ഫലിതത്തിന് ആധാരമാകുന്നതെങ്ങനെ? കുറിപ്പെഴുതുക.

- പ്രേമനൈരാശ്യം മൂലം
തൂങ്ങിച്ചാകുവാൻ
മരക്കൊമ്പത്തു കയറിയോനെയിറക്കി മണ്ണിൽ നിർത്തി
എന്നിട്ടു ഞാൻ നല്ലൊരു
പത്തലങ്ങൊടിച്ചെടു-
ത്തവനെത്തല്ലിക്കൊന്നു
വലിച്ചു കുഴിച്ചിട്ടു

*(അർഹത - കുഞ്ഞുണ്ണി)*

ചിരിച്ചുചിരിച്ച് ചിരിയടക്കാനാവാതെ
കൊല്ലാങ്കണ്ടത്തിൽ ദേവസ്യ
ഒടുവിൽ ശ്വാസംമുട്ടി മരിച്ചു

*(തേങ്ങ - ചെറിയാൻ കെ. ചെറിയാൻ)*

കവിതാഭാഗങ്ങൾ താരതമ്യം ചെയ്ത് സമൂഹത്തിന്റെ ഏതൊക്കെ സ്വഭാവങ്ങളാണ് പരിഹാസത്തിന് വിധേയമാകുന്നതെന്ന് കണ്ടെത്തി നർമ്മലേഖനം തയാറാക്കുക.

- "But soon a wonder came to light
That showed the rogues lied
The man recovered of the bite
The dog it was that died"

*(An Elegy on the death of a mad dog*
*- Oliver Goldsmith)*

'തേങ്ങ' എന്ന കവിതയിലെ ആശയവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

*പദസൂചന: wonder - അദ്ഭുതം; rogues - മെരുങ്ങാത്തവൻ;*
*recovered - വീണ്ടെടുത്തു; lied - കിടന്നു, വീണു.*

- ഹാസ്യാവതരണത്തിന്റെ വ്യത്യസ്തരീതികൾ ഉൾപ്പെടുന്ന വിധത്തിൽ ഒരു 'റിയാലിറ്റിഷോ'യുടെ സ്ക്രിപ്റ്റ് രചിക്കുക. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം:
  - രംഗക്രമീകരണം
  - മത്സരയിനങ്ങളുടെ വിശദാംശങ്ങൾ
  - വിവിധ ഹാസ്യമാതൃകകൾ (നമ്പൂതിരിഫലിതം, ഹോജാഫലിതം, ......)
  - 
  - 

# ബദരിയും പരിസരങ്ങളും

## എസ്.കെ. പൊറ്റെക്കാട്ട്

**കു**ബേരശിലയിൽനിന്ന്, ഒരാശ്വാസനെടുവീർപ്പു പോലെ വാഹനം വേഗം കീഴ്പ്പോട്ട് സഞ്ചരിച്ചു. 11½ മണിക്കു ഞങ്ങൾ ബദരിയിലെത്തിച്ചേർന്നു. അളകനന്ദ യുടെ കരയിലെ വിശാലമായ മൈതാനത്തിലെ സാമാന്യം ഉയർന്ന ഒരു പുൽമേടിനു താഴെ ട്രക്ക് നിർത്തി, അതിന്റെ മുതുകിൽ ഒറ്റപ്പെട്ടു നിൽക്കുന്ന ചെറിയ ഒരു ഗുദാം ചൂണ്ടിക്കാട്ടി, ജക്കാട്ടെ പറഞ്ഞു: "അലൂമിനിയംക്യാമ്പ്."

ഉച്ചവെയിലത്ത് വെട്ടിത്തിളങ്ങിക്കൊണ്ടിരുന്ന ആ കൂടം ഒരു ഗുദാമല്ലെന്നും അലൂമിനിയം കൊണ്ടുണ്ടാക്കിയ ഒരു പാർപ്പിടമാണെന്നും അപ്പോഴാണ് മനസ്സിലായത്.

ഞങ്ങളെ അലൂമിനിയംക്യാമ്പിൽ കൊണ്ടുചെന്നു വിട്ടുതരാനേ ജക്കാട്ടെയ്ക്ക് മേലധികാരികളിൽ നിന്നു നിർദേശമുണ്ടായിരുന്നുള്ളൂ. ഞങ്ങളുടെ സാമാന



ങ്ങളെല്ലാം ട്രക്കിൽനിന്നു താഴെ പുൽമൈതാനത്തിൽ ഇറക്കിവെച്ച് ഞങ്ങളോടു തൽക്കാലം യാത്രയും പറഞ്ഞ്, ജക്കാട്ടെ കുറച്ചകലെയുള്ള മിലിട്ടറി ക്യാമ്പിലേക്കു ട്രക്ക് ഓടിച്ചുകൊണ്ടു പോയി.

ഞങ്ങൾ പുൽമേടുകയറി, ആ ലോഹഗൃഹത്തിന്റെ മുറ്റത്തെത്തി, ചുമരുകളും വാതിലുകളും ജാലകങ്ങളും മേൽപ്പുരയുമെല്ലാം അലൂമിനിയത്തകിടുകൾകൊണ്ടു ശാസ്ത്രീയരീതിയിൽ നിർമിച്ച കൗതുകകരമായൊരു ഭവനം. തണുപ്പും മഞ്ഞും തടുക്കാൻ, തടിച്ച ക്യാൻവാസ് തമ്പുകളേക്കാൾ പറ്റിയത് അലൂമിനിയക്യാമ്പുകളാണത്രേ. കനം കുറഞ്ഞ ഈ ലോഹത്തകിടുകൾ എളുപ്പം കെട്ടിക്കൊണ്ടുപോകാവുന്നതുമാണല്ലോ.

ഞങ്ങൾ ഭവനത്തിന്റെ വ്രാന്തയിലേക്കു കയറി. വാതിലുകൾ അടച്ചിട്ടിരിക്കുന്നു. പുറത്തുനിന്നു പൂട്ടിയതാണ്. അവിടെയെങ്ങും ആരെയും കാണുന്നുമില്ല. ബദരിയിലെത്തിയാൽ ഞങ്ങളെ സ്വീകരിച്ച് എല്ലാ സൗകര്യങ്ങളും ചെയ്തുതരുന്നതിന് ഒരു മിലിറ്ററി ഉദ്യോഗസ്ഥൻ അലൂമിനിയംക്യാമ്പിൽ ഉണ്ടായിരിക്കുമെന്നാണ്, മാർവാഡ് ക്യാമ്പിലെ ബോർഡർറോഡ് മേലധികാരികൾ ഞങ്ങളെ ധരിപ്പിച്ചിരുന്നത്. എന്നാൽ ഇവിടെ ഒരു ജീവിയേയും കാണാനില്ല. എന്തുചെയ്യണമെന്നു നിശ്ചയമില്ലാതെ ഞങ്ങൾ മൂവരും പരുങ്ങിനിൽപ്പായി.

ഞങ്ങൾ ക്യാമ്പിന്റെ വ്രാന്തയിലിട്ടിരുന്ന ഒരു ബെഞ്ചിൽ ചെന്നു കുത്തിയിരുന്നു.

എന്തെന്തു സുന്ദരരംഗങ്ങളാണ് മുമ്പിൽ വിടർന്നു നിൽക്കുന്നത്! താഴെ വിശാലമായ മൈതാനം. മൈതാനത്തിനരികിലൂടെ ഹിമക്കട്ടകൾ ഉരുകിയൊലിച്ചുളവായ അളകനന്ദ ഒഴുകുന്നു. അളകനന്ദയുടെ മറുകരയിൽ, തകരത്തകിടുകൾകൊണ്ടു മേൽപ്പുര ചാർത്തിയ ഗൃഹസമൂഹങ്ങളുടെ നടുവിൽ സ്വർണത്താഴികക്കുടത്തോടുകൂടിയ ബദരീനാരായണക്ഷേത്രം പൊങ്ങി നിൽക്കുന്നു. ആ ബദരീപുരിയുടെ ഒരു വശത്തു നാരായണഗിരിയാണ്. ആ മലഞ്ചരിവിൽ ഒരൊറ്റ മരംപോലുമില്ല; ഞെരുങ്ങി വളരുന്ന



തൃണങ്ങൾ മാത്രമേയുള്ളൂ. പുല്ലുമേഞ്ഞുകൊണ്ട് കുറേ ആടുകൾ ചലിക്കുന്നു. കറുത്തതും വെളുത്തതുമായ പാറക്കുത്തുകൾക്കിടയിൽ, അവയുടെ ചലനം കൊണ്ടുമാത്രമേ ആടുകളെ തിരിച്ചറിയാൻ കഴിയുകയുള്ളൂ. (അവ അടുത്തുള്ള മാനാഗ്രാമത്തിലെ ഭോട്ടിയാവർഗക്കാരുടെ ആടുകളായിരിക്കും). എല്ലാറ്റിനുമപ്പുറം, ബദരിയാപുരിയിൽ നിന്നു കഷ്ടിച്ച് 5 മൈൽ ദൂരെ, 21,650 അടി ഉയരത്തിൽ നീലകണ്ഠശൈലം തലപൊക്കി നിൽക്കുന്നു. വെള്ളിയിൽ വാർത്തെടുത്തപോലെയുള്ള അതിന്റെ ഹിമശിഖരം വെയിലേറ്റു വെട്ടിത്തിളങ്ങുന്നുണ്ടായിരുന്നു.

ഞാൻ എഴുന്നേറ്റു വ്രാന്തയുടെ അറ്റത്തു ചെന്നുനിന്ന് ക്യാമ്പിന്റെ പിറകിലെ മണ്ഡപത്തിലേക്ക് ഒന്നു കണ്ണയച്ചു. പൗരാണികസ്മരണകളുടെ ഒരു പൂങ്കാവനമാണത്. ഋഷിവര്യൻമാരുടെയും ദാർശനികാചാര്യൻമാരുടെയും സാഹിത്യ-സാംസ്കാരികകർമ്മക്ഷേത്രമായിരുന്നു ബദരികാശ്രമം. വേദവ്യാസനായ കൃഷ്ണദ്വൈപായനൻ ശിഷ്യഗണങ്ങളോടൊത്ത് വേദങ്ങൾ സഞ്ചയിച്ചതും  പകുത്തതും അവിടെയുള്ള ഒരു ഗുഹയിൽ വച്ചാണ്. മഹാഭാരതവും അവിടെവച്ച് വിരചിതമായി. 1200 സംവത്സരങ്ങൾക്കപ്പുറം മാണ്ഡൂക്യോപനിഷത്തിന്റെ വിവരണരൂപമായ കാരികാശ്ലോകങ്ങൾ രചിക്കാൻ ഗൗഡപാദാചാര്യർ ചെന്നിരിക്കാറുണ്ടായിരുന്ന ശിലാസനവും അവിടെക്കാണാം. ഗൗഡപാദന്റെ മാണ്ഡുക്യകാരികയ്ക്ക് ശ്രീശങ്കരാചാര്യർ ഭാഷ്യമെഴുതിയതും അവിടെവെച്ചാണ്.... പ്രാചീന ഭാരതീയസംസ്കാരങ്ങളുടെയും സാഹിത്യങ്ങളുടെയും ആ പണിപ്പുരയിലേക്കു നോക്കി ഭാവനാസ്വപ്നങ്ങൾ കണ്ടുകൊണ്ട് ഞാനങ്ങനെ നിൽക്കുമ്പോൾ, ആ മായാലോകത്തെ എന്റെ മിഴികളിൽനിന്നു മായ്ക്കുവാൻ, ഒരു മനുഷ്യരൂപം അലൂമിനിയംക്യാമ്പിന്റെ പുൽമേട്ടിലേക്കു മെല്ലെമെല്ലെ കേറിവരുന്നുണ്ടായിരുന്നു.

ആ രൂപം അടുത്തെത്തിയപ്പോൾ അതൊരു പട്ടാളക്കാരനാണെന്നു മനസ്സിലായി. അലൂമിനിയംക്യാമ്പിൽ ഞങ്ങളെ സ്വീകരിക്കാൻ കാത്തുനിൽക്കേണ്ടിയിരുന്ന വിദ്വാനായിരിക്കണം.



അയാൾ ക്യാമ്പിന്റെ വ്രാന്തയ്ക്കു സമീപം വന്നുനിന്നു ഞങ്ങളെ ആദരപൂർവം സലാംചെയ്ത് ഒരു ക്ഷീണസ്വരത്തിൽ മൊഴിഞ്ഞു: "ഞാൻ വരാൻ വൈകിപ്പോയതിനു മാപ്പ്!"

അയാളുടെ തളർന്ന ഭാവവും വിളറിയ മുഖവും വിനയത്തോടുകൂടിയ സംഭാഷണവും ഞങ്ങളിൽ അനുകമ്പയുളവാക്കി.

"എന്താ, ദേഹസുഖമില്ലേ?" ദൊര സഹാനുഭൂതിയോടെ അന്വേഷിച്ചു. യുവാവായ ആ പട്ടാള ഉദ്യോഗസ്ഥൻ മുഖത്ത് വിളർത്ത ഒരു പുഞ്ചിരി വരുത്തിയതല്ലാതെ ഉത്തരമൊന്നും പറഞ്ഞില്ല.

അയാൾ മുറിയുടെ വാതിൽ തുറന്ന് ഞങ്ങളെ അകത്തു കടന്നിരിക്കാൻ ക്ഷണിച്ചു. നേരം ഉച്ചയാണെങ്കിലും മൂർച്ചയുള്ള ഹിമക്കാറ്റ് കൂടെക്കൂടെ ഞങ്ങളെ നൊമ്പരപ്പെടുത്തുന്നുണ്ടായിരുന്നു.

സാമാന്യം വിസ്താരമുള്ള ആ മുറിക്കകത്തു കട്ടിൽ, മേശ, കസേര മുതലായ അത്യാവശ്യോപകരണങ്ങളേ ഉണ്ടായിരുന്നുള്ളൂ. തൊട്ടടുത്ത് ഒരു കുളിമുറിയുണ്ടെങ്കിലും വെള്ളം താഴെനിന്നു കൊണ്ടുവരണം.

കുറച്ചു കഴിഞ്ഞപ്പോൾ മിലിട്ടറി ക്യാമ്പിൽ നിന്നു ഞങ്ങൾക്ക് ഉച്ചഭക്ഷണം എത്തിച്ചേർന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കേ ആ പട്ടാള ഉദ്യോഗസ്ഥനും ഞങ്ങളും തമ്മിൽ കൂടുതൽ പരിചയപ്പെട്ടു. താൻ വരാൻ വൈകിയതിന്റെ പിന്നിലുള്ള കഥ അയാൾ വിസ്തരിച്ചു കേൾപ്പിച്ചു.

"ഞാൻ ഇന്നലെ മാനാഗ്രാമത്തിനപ്പുറം മാനാപാസ് ഗ്രാമത്തിൽ പുതിയൊരു നിരീക്ഷണപോസ്റ്റിന്റെ സ്ഥലം പരിശോധിക്കാൻ പോയതായിരുന്നു''. പട്ടാള ഉദ്യോഗസ്ഥൻ സൂര്യപ്രകാശ് പറഞ്ഞു തുടങ്ങി. "എവിടെയാണ് ഈ സ്ഥലം?" ദൊര കൗതുകത്തോടെ ചോദിച്ചു.

സൂര്യപ്രകാശ് വിവരിച്ചുതന്നു: "ഇവിടെനിന്നു മൂന്നു മൈൽ പോയാൽ മാനാഗ്രാമമായി. ഇന്ത്യനതിർത്തിയിലെ ഏറ്റവും ഒടുവിലത്തെ ഗ്രാമമാണത്. മാനാഗ്രാമത്തിൽനിന്ന് 20 മൈൽ ദൂരമുണ്ട്, മാനാചുരത്തിലേക്ക്. ചുരത്തിനപ്പുറം തിബത്ത് ഭൂമിയാണ് - ചൈനീസ് ടെറിട്ടറി. മാനാഗ്രാമത്തിനും ചുരത്തിനും ഇടയ്ക്കു കിടക്കുന്ന സ്ഥലം മുഴുവനും ഒരു പുല്ലുപോലും പൊടിക്കാത്ത തണുത്തു മരവിച്ച ശൂന്യതയാണ്. 18,000 അടിവരെ ഉയരത്തിൽക്കിടക്കുന്ന ഈ സ്ഥലങ്ങളിലും നമ്മുടെ രക്ഷാസേനയുടെ കാവൽപ്പോസ്റ്റുകളുണ്ട്.

പോസ്റ്റിന്റെ സ്ഥലപരിശോധന കഴിഞ്ഞപ്പോൾ നേരം വളരെ വൈകിയിരുന്നതിനാൽ ഞാൻ അവിടെത്തന്നെ രാത്രി കഴിക്കാൻ തീരുമാനിച്ച്, സ്ലീപ്പിങ്ബാഗ് തുറന്ന് അതിനുള്ളിൽ ഭദ്രമായി ഒതുങ്ങി ഉറങ്ങാൻ കിടന്നു..... എപ്പോഴാണ് ഉണർന്നതെന്നു നിശ്ചയമില്ല. കണ്ണുമിഴിച്ചപ്പോൾ ഒന്നും മനസ്സിലാവുന്നില്ല. സ്ലീപ്പിങ്ബാഗ് ഇളക്കാനോ എഴുന്നേൽക്കാനോ കഴിയുന്നില്ല- താങ്ങാൻ കഴിയാത്തൊരു ഭാരം എന്നെ ഞെരുക്കുന്നുമുണ്ട്. അപ്പോഴാണ്

ആ പരമാർഥം തലച്ചോറിൽ തെളിഞ്ഞത്: രാത്രിയിലുണ്ടായ കനത്ത ഹിമപാതത്തിൽ ഞാൻ മൂടിപ്പോയിരിക്കയാണ്. ഞാൻ ജീവനുള്ളൊരു ഹിമകുടീരമായി മാറിയിരിക്കയാണ്.... സർവശക്തിയും പ്രയോഗിച്ചു തട്ടിപ്പിടഞ്ഞ് ഞാൻ എന്നെ ഞെരുക്കുന്ന ഭാരം മാറ്റാൻ ശ്രമിച്ചു. സാധിക്കുന്നില്ല. അങ്ങനെ ദീർഘനേരത്തെ സാഹസികപരിശ്രമത്തിന്റെ ഫലമായി എന്നെ മൂടിയ ഭാരം ക്രമേണ ചുരുങ്ങിത്തുടങ്ങുന്നതായി അനുഭവപ്പെട്ടു. ആ ഹിമക്കൂമ്പാരത്തിനടിയിൽനിന്ന് ഒരുവിധം എന്നെ വിമുക്തനാക്കി, തലയിലും മുഖത്തും ദേഹത്തിലും ഒട്ടിപ്പിടിച്ച മഞ്ഞു കുടഞ്ഞുതെറിപ്പിച്ചുകൊണ്ട് ഞാൻ പുറത്തുവന്നുവെന്നു പറഞ്ഞാൽ മതിയല്ലോ. പിന്നെ ക്ഷീണംകൊണ്ടു വേഗം നടക്കാൻ കഴിഞ്ഞില്ല - അതാണ് ഞാനിവിടെ വൈകിയെത്താനുണ്ടായ കാരണം.”

പട്ടാളക്കാരൻ സൂര്യപ്രകാശിന്റെ അനുഭവകഥ ശ്രദ്ധിച്ചുകൊണ്ടിരുന്ന എന്റെ കരളിലും ഒരു ഹിമപാതമുണ്ടായപോലെ തോന്നി. യു.പിക്കാരനായ ആ യുവഭടന്റെ മുഖത്തേക്കു ഞാൻ സൂക്ഷിച്ചുനോക്കി. അയാൾക്ക് അതോർത്തിട്ട് ഒരു പരിഭ്രമവും കണ്ടില്ല. “ഇന്നലെ രാത്രി കുറച്ചു മഞ്ഞുകൊണ്ടു-ജലദോഷം പിടിച്ചു” എന്നു നമ്മൾ പറയുംപോലെ അത്ര നിസ്സാരമട്ടിലാണ് അയാൾ തന്റെ ശവകുടീരമായിത്തീരുമായിരുന്ന ആ ഹിമക്കൂമ്പാരത്തിൽനിന്നു പുറത്തുചാടിയ ഭയങ്കരകഥ പറഞ്ഞത്.

നമ്മുടെ രാജ്യത്തിന്റെ അതിർത്തികൾ കാത്തുരക്ഷിക്കുന്ന ഭടന്മാരുടെ സേവനവ്യഗ്രതയും സഹനശക്തിയും സ്ഥൈര്യവും ത്യാഗബുദ്ധിയും ഓർത്തു ഞാൻ അഭിമാനപുളകിതനായി. ഈ യാത്രയിൽ ഒരു പണ്ഡിതൻ എന്നോടു പറഞ്ഞ വാക്കുകൾ ഞാൻ ആവർത്തിക്കട്ടെ: “മഞ്ഞുകാലം വരുമ്പോൾ, ബദരീനാരായണമൂർത്തിപോലും അവിടെനിന്നു താഴെ നിലങ്ങളിലേക്ക് ഒഴിഞ്ഞുപോകുന്നു. അന്നും ആ പ്രദേശത്തു കാവൽ നിൽക്കുന്ന നമ്മുടെ ജവാൻമാരെയല്ലേ, ദേവൻമാരേക്കാൾ കൂടുതൽ ആദരിക്കേണ്ടത്?”

(ഹിമാലയസാമ്രാജ്യത്തിൽ)



# യമുനോത്രിയുടെ ഊഷ്മളതയിൽ

എം.പി. വീരേന്ദ്രകുമാർ

ആരോഗ്യപരമായ പ്രശ്നങ്ങൾ കാരണം ഡോലിയിലാണ് യാത്രചെയ്തത്. കുതിരപ്പുറമേറിയുള്ള യാത്രയെപ്പോലെത്തന്നെ ഡോലിയാത്രയും അത്രയേറെ സുഖകരമായ അനുഭവമായിരുന്നില്ല. വളവും തിരിവും കയറ്റവും ഇറക്കവും ക്ലേശകരം തന്നെയായിരുന്നു. യമുനോത്രിയിലേക്കുള്ള അഞ്ചുകിലോമീറ്റർ സഞ്ചരിക്കാൻ മൂന്നു മണിക്കൂറിലേറെ എടുത്തു.

മലമ്പാതയിലൂടെയുള്ള ദുർഘടപൂർണമായ യാത്ര അവസാനിക്കുന്നത് യമുനോത്രി ക്ഷേത്രനടയിലാണ്. 6,315 മീറ്റർ ഉയരമുള്ള ബന്ദർപൂഞ്ച് പർവതത്തിനു സമീപത്താണ് യമുനോത്രി. ഡെറാഡൂണിൽനിന്നും ഹൃഷികേശിൽനിന്നും യഥാക്രമം 236 ഉം 278 ഉം കി.മീ. അകലെയാണ് ഈ തീർഥാടനകേന്ദ്രം. വേനൽക്കാലത്തുപോലും

സാമാന്യം നല്ല തണുപ്പനുഭവപ്പെടുന്ന യമുനോത്രിയിൽ ശൈത്യകാലത്ത് പൂജ്യം ഡിഗ്രിയിലും താഴെയാകും താപനില. ഞങ്ങൾ യമുനോത്രിയിലെത്തുമ്പോൾ, ശൈത്യത്തിന്റെ ആരംഭമായിരുന്നു. ക്ഷേത്രപരിസരത്തെത്തുന്നതോടെ, ഭക്തർ എല്ലാ യാത്രാക്ലേശങ്ങളും അവശതകളും വിസ്മരിക്കുന്നു. ഏറെ വലുപ്പമുള്ളതല്ല യമുനോത്രീക്ഷേത്രമെങ്കിലും ഇവിടെ ആത്മീയവിശുദ്ധി നിറഞ്ഞുനിൽക്കുന്നു.

ജയ്പൂരിലെ മഹാറാണി ഗുലാരിയയാണ് 19-ാം നൂറ്റാണ്ടിൽ ഈ ക്ഷേത്രം പണിതത്. യമുനാദേവിയാണ് മുഖ്യപ്രതിഷ്ഠ. 1923-ൽ ഉണ്ടായ ഭൂചലനത്തിൽ തകർന്നുപോയ ക്ഷേത്രം പിന്നീട് പുനർനിർമ്മിച്ചു. 1982-ൽ വീണ്ടും ക്ഷേത്രത്തിനു കേടുപാടുകൾ സംഭവിച്ചു. പിൽക്കാലത്ത് പുനരുദ്ധാരണം നടന്നു. യമുനയുടെ ഇടതുകരയിലുള്ള ക്ഷേത്രത്തിലെ യമുനാദേവിയുടെ വിഗ്രഹം കറുത്ത മാർബിളിലാണ് നിർമ്മിച്ചിട്ടുള്ളത്.

സമുദ്രനിരപ്പിൽനിന്ന് 4421 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന കാളിന്ദ് പർവതത്തിലെ സപ്തഋഷികുണ്ഡിലുള്ള വിസ്തൃതമായ ഹിമാനിയിൽനിന്നാണ് യമുന ഉദ്ഭവിക്കുന്നത്. അവിടേക്കെത്തിപ്പെടാൻ ക്ലേശങ്ങൾ സഹിക്കേണ്ടതുണ്ട്.

അലഹബാദിൽ വച്ച് ഗംഗയിൽ ചേരുന്നതിനിടയ്ക്ക്, ഹിമാലയൻ താഴ്വരകളിലൂടെയും സമതലങ്ങളിലൂടെയും 800 കി.മീ. ദൂരം യമുനയൊഴുകുന്നു. അലഹബാദിൽ വച്ചുതന്നെയാണ് ഭൂഗർഭത്തിലൂടെ ഒഴുകിയെത്തുന്ന സരസ്വതി, ഗംഗയിൽ വിലയം പ്രാപിക്കുന്നത്. ഈ മൂന്നു പുണ്യനദികളും കൂടിച്ചേരുന്ന ഇടമാണ് ഭക്തർ പരിപാവനമായി കരുതിവരുന്ന ത്രിവേണീസംഗമം.



യമുനോത്രീക്ഷേത്രത്തിനു തൊട്ടുതന്നെയാണ് സൂര്യകുണ്ഡ്. ഇവിടത്തെ ഉഷ്ണജലപ്രവാഹങ്ങളിൽ (190 ഡിഗ്രി ഫാരൻ ഹീറ്റ്) ഒരു തുണിയിൽ കെട്ടി അരിയിട്ടാൽ ഏറെ നേരം കഴിയുന്നതിനു മുൻപ് അതു വെന്തു ചോറാകും. ഈ അന്നമാണ് ദേവിക്കു നിവേദിക്കുന്ന പ്രസാദം. ഉഷ്ണജലപ്രവാഹങ്ങളിൽ ഏറ്റവും വിശിഷ്ടം സൂര്യകുണ്ഡാണ്.

സമൃദ്ധമായി ഗന്ധകശേഖരമുള്ള 'ഗന്ധമാനപർവത'സാനുക്കളിലാണ് സൂര്യകുണ്ഡും മറ്റ് ഉഷ്ണജലപ്രവാഹങ്ങളും. ഗന്ധകസാന്നിധ്യമാണ് കൊടുംതണുപ്പിലും ഇവിടത്തെ ഹിമസമാനമായ വെള്ളത്തിന് ചൂടു നൽകുന്നത്. എത്ര അദ്ഭുതകരമാണ് പ്രകൃതിയുടെ പ്രതിഭാസങ്ങൾ എന്ന് ഓർത്തുപോകും. ഹിമാലയത്തിൽ പലേടത്തും ഇത്തരം ഉഷ്ണജലപ്രവാഹങ്ങളുണ്ട്.

യമുനോത്രിയിൽ അസിതമുനി തപസ്സനുഷ്ഠിച്ചിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നു. ജീവിതകാലം മുഴുവൻ അദ്ദേഹം ഗംഗയിലും യമുനയിലും സ്നാനം ചെയ്തിരുന്നുവത്രേ. പ്രായാധിക്യം കാരണം ഗംഗാസ്നാനത്തിനായി ഗംഗോത്രിയിൽ പോകാൻ അദ്ദേഹത്തിനു കഴിയാതെ വന്നപ്പോൾ, ഗംഗ ഒരു കൊച്ചരുവിയായി, യമുനോത്രിയിൽ പ്രത്യക്ഷപ്പെട്ടുവത്രേ. പാറക്കെട്ടുകൾക്കിടയിൽനിന്ന് ഒഴുകി വരുന്ന അരുവി, അസിതമുനിക്കുവേണ്ടി പ്രത്യക്ഷയായ ഗംഗയാണെന്നാണ് വിശ്വാസം. ഇവിടെയും ഭക്തർ ആരാധന നടത്തുന്നു.

നവംബറിൽ ഹിമം പെയ്യാൻ തുടങ്ങിയാൽ, ഏതാനും ആഴ്ചകൾക്കുള്ളിൽ യമുനോത്രിയും സമീപപ്രദേശങ്ങളും കനത്ത ഹിമപാളികൾക്കടിയിലാകും. സർവത്ര ഹിമത്തിന്റെ തൂവെണ്മ മാത്രമേ കാണാൻ കഴിയൂ. ഏപ്രിൽ അവസാനത്തോടെ, അല്ലെങ്കിൽ മെയ്മാസാരംഭത്തിൽ ഹിമം ഏറക്കുറേ ഉരുകിത്തീർന്നിരിക്കും. ശൈത്യകാലത്തിന് അർധവിരാമം. അതോടെ യമുനോത്രിയിലേക്ക് വീണ്ടും ഭക്തജനപ്രവാഹം ആരംഭിക്കുകയായി. പാവനമായി കരുതപ്പെടുന്ന അക്ഷയ-തൃതീയ ദിനത്തിലാണ് ക്ഷേത്രവാതിൽ ഭക്തജനങ്ങൾക്കായി വീണ്ടും തുറക്കുക. ഇതോടനുബന്ധിച്ചുള്ള ചടങ്ങ് ഹ്രസ്വവും ഭക്തിസാന്ദ്രവുമാണ്.

(ഹൈമവതഭൂവിൽ)

- "ഒരു സ്ഥലത്തിന്റെ ഗതകാലമഹിമയേക്കാൾ എസ്.കെ. പൊറ്റെക്കാട്ട് ശ്രദ്ധിക്കുന്നത് അതിന്റെ വർത്തമാനഭാവത്തെയാണ്."

  *- ആർ. വിശ്വനാഥൻ ('പൊറ്റെക്കാട്ട്')*

  'ബദരിയും പരിസരങ്ങളും' എന്ന പാഠഭാഗം മുൻനിർത്തി ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിച്ച് ലഘുകുറിപ്പ് തയാറാക്കുക.

- "എം.പി. വീരേന്ദ്രകുമാറിന്റെ യാത്രാവിവരണഭാഗത്ത് ഒരു ചരിത്രാന്വേഷിയെ തെളിഞ്ഞുകാണാം"- പാഠഭാഗം അപഗ്രഥിച്ച് നിങ്ങളുടെ കണ്ടെത്തലുകൾ സംഗ്രഹിച്ചെഴുതുക.

- ഒരു സഞ്ചാരി കവിയും കഥാകൃത്തും കൂടിയാവുമ്പോൾ രചനയ്ക്ക് കൈവരുന്ന ഭാവനാപരമായ മികവ് എന്താണ്?

  'ബദരിയും പരിസരങ്ങളും' എന്ന യാത്രാവിവരണം വിലയിരുത്തി കുറിപ്പു തയാറാക്കുക.

- സഞ്ചാരസാഹിത്യകൃതിക്കുവേണ്ട സവിശേഷതകൾ എന്തെല്ലാമാണ്? എസ്.കെ. പൊറ്റെക്കാട്ടിന്റെയും എം.പി. വീരേന്ദ്രകുമാറിന്റെയും രചനകളിൽ അവ എങ്ങനെ തെളിയുന്നു? പാഠഭാഗങ്ങൾ താരതമ്യം ചെയ്ത് ലഘൂപന്യാസമെഴുതുക.

- നിങ്ങൾ നടത്തിയ ഹൃദയസ്പർശിയായ ഒരു യാത്രയുടെ ദൃശ്യാവിഷ്കാരത്തിനായി സ്ക്രിപ്റ്റ് തയാറാക്കുക.

- ഉചിതമായ വിശേഷണങ്ങൾ ചേർത്ത് വാക്യം കാവ്യാത്മകമായി വികസിപ്പിക്കുക.

  "ഈ അന്നമാണ് ദേവിക്കു നിവേദിക്കുന്ന പ്രസാദം."

മാതൃക:

| | |
|---|---|
| ഈ ഓർമ്മ വിങ്ങിനിൽക്കുന്നു. | പെയ്യുവാൻ പോകുന്ന കാർമേഘത്തെപ്പോലെ ഈ ഓർമ്മ എന്റെ അന്തരംഗം പൊട്ടുമാറ് വിങ്ങിനിൽക്കുന്നു.<br>*(അനർഘനിമിഷം - വൈക്കം മുഹമ്മദ് ബഷീർ)* |

## സ്വയംവിലയിരുത്തൽ

| | പൂർണ്ണമായി | ഭാഗികമായി | തീരെയില്ല |
|---|---|---|---|
| * മലയാളകവിതയിലെ ആക്ഷേപഹാസ്യതലങ്ങൾ തിരിച്ചറിഞ്ഞ് വിശകലനക്കുറിപ്പ് തയാറാക്കി. | | | |
| * ചൊൽക്കാഴ്ച അവതരിപ്പിക്കാനും ആസ്വദിക്കാനും കഴിഞ്ഞു. | | | |
| * മലയാളത്തിലെ സ്ത്രീപക്ഷകഥകളിലെ സാമൂഹികവിമർശനതലം കണ്ടെത്തി കുറിപ്പുകൾ തയാറാക്കി. | | | |
| * സഞ്ചാരസാഹിത്യത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് സർഗാത്മകരചനകൾ നടത്തി. | | | |
| * വാക്യനിർമ്മിതിയുടെ സവിശേഷതകളും സൗന്ദര്യാംശങ്ങളും തിരിച്ചറിഞ്ഞു. | | | |

## സഹായകഗ്രന്ഥങ്ങൾ

- ഹാസ്യസാഹിത്യചരിത്രം – മേക്കൊല്ല പരമേശ്വരൻപിള്ള
- കുഞ്ചൻനമ്പ്യാർ: വാക്കും സമൂഹവും – ഡോ. കെ.എൻ. ഗണേശ്
- ഹാസസാഹിത്യം – കുട്ടികൃഷ്ണമാരാര്
- ഹാസ്യപ്രകാശം – സഞ്ജയൻ സ്മാരകഗ്രന്ഥം
- ഹാസ്യസാഹിത്യ നിരൂപണം – ഡോ. ഇ. സർദാർകുട്ടി
- പെൺവിനിമയങ്ങൾ – ഡോ. എസ്. ശാരദക്കുട്ടി
- ലവണദേവതമാരും കാഞ്ഞിരവിഗ്രഹങ്ങളും – സച്ചിദാനന്ദൻ
- ചെറിയാൻ കെ. ചെറിയാന്റെ കവിതകൾ (അവതാരിക) – അയ്യപ്പപ്പണിക്കർ
- ഹിമവാന്റെ മുകൾത്തട്ടിൽ – രാജൻ കാക്കനാടൻ
- ഹിമാലയം – നൗഷാദ്
- അകലങ്ങളിലെ മനുഷ്യർ – രവീന്ദ്രൻ



## എഴുത്തുകാരെ അറിയുക

### അയ്യപ്പപ്പണിക്കർ (1930-2006)



മലയാളകവിതയിലെ ആധുനികതാപ്രസ്ഥാനത്തിന് തുടക്കം കുറിച്ച കവികളിൽ പ്രമുഖൻ. ഭിന്നകാവ്യരൂപങ്ങളും പുതുമയുള്ള ഭാഷാരീതിയും കൊണ്ട് അത്യന്തം വ്യത്യസ്തത പുലർത്തുന്നതാണ് അയ്യപ്പപ്പണിക്കരുടെ കാവ്യലോകം. കുട്ടനാട് കാവാലംകരയിൽ ജനിച്ചു. 1957 ൽ പ്രസിദ്ധീകരിച്ച 'കുരുക്ഷേത്രം' മലയാളകവിതയിലെ ആധുനികതയ്ക്ക് തുടക്കം കുറിച്ച കവിതയായി കണക്കാക്കുന്നു. ലോകകവിതയുമായുള്ള നിരന്തരസമ്പർക്കം മലയാളകവിതയുടെ രൂപഭാവശില്പങ്ങൾ നവീകരിക്കുന്നതിൽ സഹായിച്ചിട്ടുണ്ട്. അയ്യപ്പപ്പണിക്കരുടെ കൃതികൾ (നാല് ഭാഗങ്ങൾ), അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ. പത്മശ്രീ, സരസ്വതീസമ്മാൻ, കബീർപുരസ്കാരം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, സഞ്ജയൻപുരസ്കാരം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

### കുഞ്ചൻനമ്പ്യാർ

18-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് പാലക്കാട് ജില്ലയിലെ കിള്ളിക്കുറിശ്ശിമംഗലത്ത് ജനിച്ചു. ഫലിതപരിഹാസങ്ങളുടെ ചാട്ടവാറുകൊണ്ട് തന്റെ കാലത്തെ സമൂഹത്തെയും അധികാരത്തെയും തല്ലിയ ജനകീയകവി. തുള്ളൽ എന്ന ദൃശ്യകലയുടെ പ്രതിഷ്ഠാപകനായി കലാസ്വാദനത്തെ അദ്ദേഹം സാമാന്യജനങ്ങളിലെത്തിച്ചു. ചാരുകേരളഭാഷയിൽ പുരാണകഥകളെ കേരളീയപശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്നവയാണ് നമ്പ്യാരുടെ കൃതികൾ. സമൂഹത്തിലെ കാപട്യങ്ങളോടുള്ള ക്രോധത്തിൽനിന്നാണ് നമ്പ്യാരുടെ ഹാസ്യം ജനിച്ചത്. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ മൂന്നുവിഭാഗങ്ങളിൽ അദ്ദേഹം തുള്ളൽക്കൃതികൾ രചിച്ചിട്ടുണ്ട്. നളചരിതം, സന്താനഗോപാലം, സ്യമന്തകം, ഘോഷയാത്ര, കിരാതം (ഓട്ടൻ). കല്യാണസൗഗന്ധികം, ഗണപതിപ്രാതൽ (ശീതങ്കൻ). ത്രിപുരദഹനം, സഭാപ്രവേശം, പാഞ്ചാലീ സ്വയംവരം (പറയൻ) എന്നിവയാണ് പ്രധാന തുള്ളൽക്കൃതികൾ.

### ഗ്രേസി



1951 ൽ മൂവാറ്റുപുഴയ്ക്കടുത്ത് മാറാടിയിൽ ജനനം. സ്ത്രീജീവിതത്തിന്റെ വൈവിധ്യങ്ങൾ കഥകളിൽ ആവിഷ്കരിച്ച എഴുത്തുകാരി. ആദ്യ കഥാസമാഹാരം 'പടിയിറങ്ങിപ്പോയ പാർവതി' 1991 ൽ പ്രസിദ്ധീകരിച്ചു. നരകവാതിൽ, ഭ്രാന്തൻ പൂക്കൾ, രണ്ടു സ്വപ്നദർശികൾ, കാവേരിയുടെ നേര്, പനിക്കണ്ണ്, ഏഴു പെൺകഥകൾ, ഗ്രേസിയുടെ കഥകൾ എന്നിവ പ്രധാന കൃതികൾ. സ്ത്രീയുടെ സ്വത്വബോധവും അവൾ നേരിടുന്ന സാമൂഹികപ്രശ്നങ്ങളും പ്രതിപാദിക്കുന്നവയാണ് രചനകൾ. ലളിതാംബിക അന്തർജനം അവാർഡ്, തോപ്പിൽ രവി പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ഗ്രേസിയുടെ രചനകൾ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു.

## ചെറിയാൻ കെ. ചെറിയാൻ



1932 ൽ കോട്ടയംജില്ലയിലെ വൈക്കത്ത് ജനിച്ചു. 1973 മുതൽ ന്യൂയോർക്കിൽ സ്ഥിരതാമസമാണ്. ആധുനികജീവിതത്തിന്റെ അന്തഃസംഘർഷങ്ങളും വൈരുധ്യങ്ങളും കവിതയ്ക്ക് ഇതിവൃത്തമാക്കിയ എഴുത്തുകാരൻ. പുരാവൃത്തങ്ങളെ സമകാലികജീവിതവ്യാഖ്യാനത്തിന് സ്വീകരിക്കുക എന്നത് ഇദ്ദേഹത്തിന്റെ കവിതകളുടെ സ്വഭാവമാണ്. ഐറണിയുടെ സാധ്യതകൾ ഉൾക്കൊണ്ട് നഗരജീവിതാനുഭവങ്ങളെ തീവ്രതയോടെ ആവിഷ്കരിക്കുന്ന കവിതകൾ രചിച്ചിട്ടുണ്ട്. പവിഴപ്പുറ്റ്, ഐരാവതം, കുശനും ലവനും കുചേലനും, ഭ്രാന്തനും ഭസ്മാസുരനും (കവിതകൾ), പ്രേമിക്കുക എന്ന അവകാശം (കഥാസമാഹാരം) തുടങ്ങിയവയാണ് പ്രധാന കൃതികൾ.


## എസ്.കെ. പൊറ്റെക്കാട്ട് (1913-1982)



സഞ്ചാരസാഹിത്യകാരൻ, നോവലിസ്റ്റ്, കഥാകൃത്ത് എന്നീ നിലകളിൽ പ്രസിദ്ധൻ. ജന്മസ്ഥലം കോഴിക്കോട്. സഞ്ചാരസ്മരണകളിലൂടെ അനുവാചകലോകത്തിന്റെ ഹൃദയം കവർന്ന സാഹിത്യകാരനാണ് ഇദ്ദേഹം. ലോകസഞ്ചാരം ഇന്നത്തെപ്പോലെ സർവസാധാരണവും ആയാസരഹിതവും അല്ലാതിരുന്ന കാലത്താണ് പൊറ്റെക്കാട്ട് ഇന്ത്യയിലും വിദേശങ്ങളിലും സഞ്ചരിച്ച് തന്റെ അനുഭവചക്രവാളം വികസിപ്പിച്ചത്. കേരള സാഹിത്യ അക്കാദമി അവാർഡ് (1962), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1970), ജ്ഞാനപീഠപുരസ്കാരം (1980) തുടങ്ങി പല ബഹുമതികളും ലഭിച്ചിട്ടുണ്ട്. പ്രധാന കൃതികൾ: ഒരു ദേശത്തിന്റെ കഥ, ഒരു തെരുവിന്റെ കഥ, വിഷകന്യക, കുരുമുളക് (നോവൽ), പാതിരാസൂര്യന്റെ നാട്ടിൽ, ബാലിദ്വീപ്, സിംഹഭൂമി, കാപ്പിരികളുടെ നാട്ടിൽ (യാത്രാവിവരണം).

## എം. പി. വീരേന്ദ്രകുമാർ


1936 ൽ കൽപ്പറ്റയിൽ ജനിച്ചു. എഴുത്തുകാരൻ, സാംസ്കാരികപ്രവർത്തകൻ, പാർലമെന്റേറിയൻ എന്നീ നിലകളിൽ പ്രസിദ്ധൻ. പി.ടി.ഐ. ചെയർമാനായിരുന്നു. പരിസ്ഥിതി, വിദ്യാഭ്യാസം, സംസ്കാരം തുടങ്ങി വിവിധ മേഖലകളിലെ സജീവമായ ഇടപെടലുകൾകൊണ്ട് ശ്രദ്ധേയൻ. മാതൃഭൂമിയുടെ മാനേജിങ് ഡയറക്ടറാണ്. കേന്ദ്രത്തിലും സംസ്ഥാനത്തും മന്ത്രിപദം അലങ്കരിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, വയലാർ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടി. ഹൈമവതഭൂവിൽ, രാമന്റെ ദുഃഖം, രോഷത്തിന്റെ വിത്തുകൾ, ചങ്ങമ്പുഴ-വിധിയുടെ വേട്ടമൃഗം, ആമസോണും കുറേ വ്യാകുലതകളും, ബുദ്ധന്റെ ചിരി തുടങ്ങിയവ പ്രധാന കൃതികൾ.



# 4

# മാധ്യമം

മാധ്യമങ്ങൾക്ക് ആധിപത്യമുള്ള ലോകത്താണ് ഇന്ന് നമ്മുടെ ജീവിതം. അവ മനുഷ്യസമൂഹത്തിനുമേൽ ചെലുത്തുന്ന സ്വാധീനം വലുതാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളെയും പുതുക്കി നിർവചിക്കാൻ മാധ്യമങ്ങൾ വഴിയൊരുക്കി. ചിന്തയെയും ആവിഷ്കാരത്തെയും അവ നിയന്ത്രിക്കുകയും വഴിതിരിച്ചുവിടുകയും ചെയ്യുന്നു. ഉപയോഗിക്കുന്നവരെക്കൂടി പങ്കാളികളാക്കുന്ന സാമൂഹികമാധ്യമങ്ങളുടെ കടന്നുവരവോടെ മാധ്യമപഠനം മുൻപെന്നത്തെക്കാളും ഗൗരവമർഹിക്കുന്ന വിഷയമായിത്തീരുന്നു. സാംസ്കാരികവും സാങ്കേതികവുമായ മേഖലകളെ ഒരുപോലെ പരിഗണിച്ചാൽ മാത്രമേ ഇക്കാലത്ത് മാധ്യമപഠനം സമഗ്രമാവൂ. വാർത്താരചനയുടെ വിവിധഘട്ടങ്ങളും രൂപങ്ങളും പരിശീലിക്കുക എന്ന ലക്ഷ്യത്തോടെ കായിക ഫീച്ചറും പരമ്പരാഗതമാധ്യമങ്ങളുടെ സ്വാധീനം വിശകലനം ചെയ്യുന്ന ലേഖനവും സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ സാധ്യതയും ശക്തിയും പരിചയപ്പെടുത്തുന്ന ലേഖനവും സർഗാത്മകമായ ആവിഷ്കരണത്തിനു വരുന്ന മാറ്റങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്ന നോവൽഭാഗവും ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നവമാധ്യമരംഗത്ത് മലയാളഭാഷയുടെ സാധ്യത മനസ്സിലാക്കാനും ഈ യൂണിറ്റ് സഹായിക്കും.



**പഠനനേട്ടങ്ങൾ**

- ഭാഷയുടെ തൊഴിൽപരമായ സാധ്യതകൾ തിരിച്ചറിഞ്ഞ് വിവിധ മാധ്യമങ്ങൾക്ക് യോജിക്കുന്ന വിധത്തിൽ വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെ രചന നിർവഹിക്കുന്നു.
- പത്രനിർമ്മാണത്തിന്റെ പ്രധാന ഉള്ളടക്കമേഖലകളായ റിപ്പോർട്ടിങ്, ഫീച്ചർ, മുഖപ്രസംഗം തുടങ്ങിയവയിൽ പ്രായോഗിക പരിചയം നേടുന്നു.
- മാധ്യമങ്ങളിലെ വാർത്തകളും ലേഖനങ്ങളും വിമർശനപരമായി വിലയിരുത്തി ചർച്ചകളിൽ ഏർപ്പെടുന്നു.
- പരമ്പരാഗതമാധ്യമങ്ങൾ പൊതുജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നു.
- നവമാധ്യമങ്ങളുടെ സാധ്യതകൾ കണ്ടെത്തി ജീവിതസന്ദർഭങ്ങളിൽ ഗുണപരമായി പ്രയോജനപ്പെടുത്തുന്നു.
- നിത്യജീവിതവിനിമയങ്ങളിൽ വിവരസാങ്കേതികവിദ്യയും സൈബർസംസ്കാരവും ചെലുത്തുന്ന സ്വാധീനം ചർച്ച ചെയ്ത് ലഘുലേഖ, കുറിപ്പുകൾ, പ്രബന്ധം തുടങ്ങിയവ തയാറാക്കുന്നു.
- വിവരസാങ്കേതികവിദ്യയുടെ സ്വാധീനഫലമായി രൂപപ്പെടുന്ന സർഗാത്മകരചനകൾ നിരൂപണം ചെയ്യുന്നു.
- നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട സാങ്കേതികപദാവലികളുടെ ആശയം മനസ്സിലാക്കി ഉചിതമായ സാഹചര്യങ്ങളിൽ പ്രയോഗിക്കുന്നു.



ഇപ്പോഴത്തെ അവസ്ഥയിലും പത്രങ്ങൾക്ക് കുറേയധികം കാര്യങ്ങൾ ചെയ്യാൻ കഴിയും. അവയുടെ സ്വഭാവത്തിൽ കോർപറ റ്റൈസേഷന്റെ നീണ്ട പ്രക്രിയ പല പരിമിതികളും ഉണ്ടാക്കിയിട്ടു ണ്ടെങ്കിലും ചിലതെല്ലാം സാധിതമാണ്. നല്ല കഴിവുള്ള നിരവധി പത്രപ്രവർത്തകർ ഇവിടെയുണ്ട്. അവരിൽ പലർക്കും സമൂഹ ത്തിന്റെ ദുർബലതകൾ ചൂണ്ടിക്കാട്ടാനാവുകയും ചെയ്യും. ചില അർഥത്തിലെങ്കിലും ഇന്ത്യൻ മാധ്യമങ്ങൾക്ക് അവർ ആഗ്രഹി ക്കുന്ന കാര്യങ്ങൾ മുമ്പത്തേതിനെ അപേക്ഷിച്ച് കുറേക്കൂടി നന്നാ യി ചെയ്തുതീർക്കാനാകും. ഇവിടെ ഒരു ചോദ്യമേ ബാക്കി നിൽക്കുന്നുള്ളൂ- മാധ്യമങ്ങൾ ചെയ്യേണ്ടുന്ന കർത്തവ്യങ്ങൾ അവ ചെയ്യുമോ?"

(പി. സായ്നാഥ് - നല്ലൊരു വരൾച്ചയെ എല്ലാവരും ഇഷ്ടപ്പെടുന്നു)

- സായ്നാഥിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ മാധ്യമങ്ങളുടെ കർത്തവ്യ ങ്ങളെക്കുറിച്ച് ചർച്ചചെയ്യുക.



# വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ

കെ. വിശ്വനാഥ്

## നവംബർ 16, 2013

സൂര്യൻ മറൈൻഡ്രൈവിനപ്പുറം കടലിലേക്ക് താഴ്ന്നു തുടങ്ങിയിരിക്കുന്നു. ആകാശത്തിന് ചുവപ്പു കലർന്ന സ്വർണനിറം. വാംഖഡെ സ്റ്റേഡിയത്തിന്റെ പടവുകളിൽ ആളൊഴിഞ്ഞിരിക്കുന്നു. പച്ചപ്പുല്ലു വിരിച്ച മൈതാനത്തേക്ക് പതുക്കെ ഇറങ്ങിനടന്നു. നടുവിലെ 22 വാരയിലേക്ക്, അതിൽ നിന്ന് ഒരുപിടി മണ്ണ് വാരിയെടുത്തു. കൈവെള്ളയിൽ ഒരു നീറ്റൽ. ആ മണ്ണ് അവിടെത്തന്നെ ഉപേക്ഷിച്ചു.

വെറുതെ തോന്നിയതായിരിക്കണം. മണ്ണ് കൊണ്ടാൽ കൈ പൊള്ളുമോ? ആ മണ്ണ് അങ്ങനെയായിരിക്കും. അൽപ്പം മുമ്പാണ് എന്റെ കൗമാരയൗവനങ്ങളെ ത്രസിപ്പിച്ച വലിയൊരു മനുഷ്യന്റെ കണ്ണുനീർ ആ മണ്ണിൽ വീണത്. ആ മണ്ണു തൊട്ടാണ് അദ്ദേഹം

നെറ്റിയിൽ വച്ചത്. എന്റെ കണ്ണുകളും നിറഞ്ഞുപോയി. പ്രിയ വായനക്കാരാ...... ക്ഷമിക്കുക, വികാരം എന്നെയും കീഴടക്കിയിരിക്കുന്നു. അൽപ്പം മുമ്പ് ഈ ഗ്രൗണ്ടിലെ കാഴ്ചകൾ കണ്ട് ഞങ്ങളെല്ലാവരും കരയുകയായിരുന്നു. സച്ചിന്റെ അമ്മയും സഹോദരന്മാരും അമ്മായിയുമെല്ലാം എന്റെ തൊട്ടടുത്തുണ്ടായിരുന്നു. അവർ കരയുന്നതിൽ കാര്യമുണ്ട്. സച്ചിനുമായി ഒരു ബന്ധവുമില്ലാത്ത ഞങ്ങൾ, കാഴ്ചക്കാർ കണ്ണു നിറച്ചത് എന്തിനാണ്? ബ്രയാൻ ലാറയുടെയും കിരൺ മോറെയുടെയും കണ്ണുകൾ നനഞ്ഞത് എന്തിനാണ്? ലാറ പറഞ്ഞത് ഇതാണ്: "സച്ചിൻ ടെണ്ടുൽക്കറുടെ അവസാന മത്സരം കാണാൻ വേണ്ടി മാത്രമാണ് നാട്ടിൽനിന്ന് ഇത്രയും ദൂരം താണ്ടി ഞാനിവിടെ വന്നത്. സച്ചിന്റെ റിട്ടയർമെന്റ് മാച്ചിന് ഞാൻ വരാതിരിക്കുന്നതെങ്ങനെ?" ലാറയോ സച്ചിനോ, ആരാണ് കേമൻ എന്ന് നമ്മൾ എത്രയോ വട്ടം ചർച്ചചെയ്തിട്ടുണ്ട്. പക്ഷേ, അത്തരം ചിന്തകളൊന്നും അവർക്കിടയിൽ ഇല്ല. പരസ്പരം ബഹുമാനിക്കുന്ന രണ്ടു വലിയ ക്രിക്കറ്റർമാർ. അതുകൊണ്ടാവുമല്ലോ അച്ഛന്റെ വിടവാങ്ങൽ പ്രസംഗം കേട്ട് കണ്ണുനിറച്ചിരുന്ന അർജുൻ ടെണ്ടുൽക്കറെ ലാറ വാത്സല്യത്തോടെ പുണർന്നത്.

രാവിലെ 11. 47 - വെസ്റ്റിൻഡീസിന്റെ അവസാന ബാറ്റ്സ്മാൻ ഷാനൻ ഗബ്രിയേലിന്റെ മിഡിൽ സ്റ്റമ്പ് പേസ് ബൗളർ മുഹമ്മദ് ഷാമിയുടെ പന്തിൽ കടപുഴകി. ഫൈൻ ലെഗ്ഗിൽനിന്ന് വിക്കറ്റിനടുത്തേക്ക് കുതിച്ച സച്ചിൻ ടെണ്ടുൽക്കർ ഒരു സ്റ്റമ്പ് പിഴുതെടുത്തു. 24 വർഷവും ഒരു ദിവസവും മുമ്പ് ആരംഭിച്ച, സ്വപ്നതുല്യമായ പ്രയാണം ഇവിടെ അവസാനിക്കുന്നു. ചുറ്റും ഓടിക്കൂടിയ കൂട്ടുകാർ രണ്ടു ഭാഗത്തായി നിരന്നു നിന്ന് 'ക്രിക്കറ്റിന്റെ ദൈവത്തിന്' പാതയൊരുക്കി. അവരുടെ പ്രിയപ്പെട്ട സച്ചിൻപാജി ഓരോ ചുവടു വയ്ക്കുമ്പോഴും അവരും മുന്നോട്ടു നീങ്ങി. ഹർഷ ഭോഗ്ലെയുടെ വാക്കുകളിൽ, ചലിക്കുന്ന ഒരു ഗാർഡ് ഓഫ് ഓണർ. സ്മരണകൾ തുടിക്കുന്ന മൈതാനത്തു നിന്ന് ഊരിയെടുത്ത പച്ചമണ്ണിന്റെ നനവു മാറാത്ത സ്റ്റമ്പ് ഉയർത്തിപ്പിടിച്ച് ലോകമെമ്പാടുമുള്ള ആരാധകരോട് സച്ചിൻ യാത്രപറഞ്ഞു. ഇത്ര വികാരനിർഭരമായ യാത്രയയപ്പ് ഇന്ത്യയിലെ ഒരു കായികതാരത്തിനും ഇന്നേവരെ ലഭിച്ചിട്ടുണ്ടാവില്ല. മൈതാനത്ത് യാത്രയയപ്പുചടങ്ങ്. ഒന്നിനുപിറകെ ഒന്നായി ഉപഹാരങ്ങൾ സമർപ്പിക്കപ്പെട്ടു. അതിർത്തികൾക്കപ്പുറത്തുനിന്നും ഒരു പുരസ്കാരം എത്തിയിരുന്നു; ശ്രീലങ്കൻ സർക്കാർ കൊടുത്തുവിട്ട ട്രോഫി. രാജ്യതന്ത്രങ്ങൾക്കും വംശീയതർക്കങ്ങൾക്കും അപ്പുറത്തേക്കു നീളുന്ന സ്നേഹാദരങ്ങളുടെ പുരസ്കാരമായിരുന്നു അത്. ഇന്ത്യൻ പ്രധാനമന്ത്രി ശ്രീലങ്കയിൽ കോമൺവെൽത്ത് സമ്മേളനത്തിൽ പങ്കെടുക്കേണ്ടെന്ന തീരുമാനം ഉണ്ടായത് ദിവസങ്ങൾക്കു മുമ്പായിരുന്നുവെന്ന് ഓർക്കണം. സച്ചിൻ വളർച്ചയുടെ പടവുകൾ കയറുന്നതിന് തൊട്ടരികിൽനിന്ന് സാക്ഷികളായിരുന്ന ചിലരുടെ അഭാവം ആ വേദിയിൽ നിഴലിച്ചിരുന്നു. സച്ചിൻ എന്ന സ്കൂൾ വിദ്യാർഥിയെ ഇന്ത്യൻ താരമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ച, അവനെ അന്ന് വഴിനടത്തിയ സുനിൽ ഗാവസ്കറും ദിലീപ് വെങ്സർക്കാറും ടീമിൽ

സച്ചിന്റെ കൂട്ടുകാരായിരുന്ന രാഹുൽ ദ്രാവിഡും സൗരവ് ഗാംഗുലിയും വി. വി. എസ്. ലക്ഷ്മണും ആ സ്റ്റേഡിയത്തിൽ ഉണ്ടായിരുന്നു.

അവരെ ഗ്രൗണ്ടിലേക്ക് വിളിച്ചിരുന്നെങ്കിൽ! സച്ചിന്റെ മറുപടി, കേട്ടുനിന്നവരുടെ ഹൃദയത്തിൽ തറയ്ക്കും.

നന്ദി പറയേണ്ടവരോടെല്ലാം അത് പറഞ്ഞേ തീരൂ എന്ന് സച്ചിന് നിർബന്ധമുണ്ടായിരുന്നു. പേരുകൾ വിട്ടുപോവാതിരിക്കാൻ എഴുതി തയാറാക്കിയ ലിസ്റ്റുമായാണ് അദ്ദേഹം വന്നത്.

കുടുംബാംഗങ്ങൾ, ആദ്യ പരിശീലകൻ അഞ്ചരേക്കർ, കൂട്ടുകാർ, മാനേജർമാർ, ഡോക്ടർമാർ, ഫിസിയോതെറാപ്പിസ്റ്റുകൾ, മാധ്യമങ്ങൾ, ആരാധകർ, അങ്ങനെ ആരെയും വിട്ടുപോവാതെ.... ദീർഘമായിരുന്നു മറുപടി. എന്നിട്ടും അത് തീർന്നുപോകല്ലേ എന്ന് ആഗ്രഹിച്ചു.

ഹൃദയത്തിൽ കൊത്തിവലിക്കുമ്പോഴും അത് സുഖമുള്ള അനുഭവമായിരുന്നു. അത് അവസാനിച്ചപ്പോൾ കൂട്ടുകാർ വീണ്ടും ചുറ്റും കൂടി. പിന്നെ കണ്ടത് രണ്ടുവർഷം മുമ്പ് ഇന്ത്യ ലോകകപ്പ് ജയിച്ച സുന്ദരരാത്രിയിൽ ഇതേ സ്റ്റേഡിയത്തിൽ കണ്ടതിന്റെ തനിയാവർത്തനമായിരുന്നു. കൂട്ടുകാരുടെ ചുമലിൽ ഗ്രൗണ്ടിനു ചുറ്റും ഒരു യാത്ര. ഭാര്യ അഞ്ജലിയും മക്കൾ സാറയും അർജുനും അവരെ അനുഗമിച്ചു. ആദ്യം ചുമലിലേറ്റിയത് ടീമിന്റെ ക്യാപ്റ്റൻ ധോണിയും വൈസ് ക്യാപ്റ്റൻ വിരാട് കോലിയുമായിരുന്നു.

എല്ലാം അവസാനിച്ചപ്പോൾ പതുക്കെ മൈതാനത്തിന്റെ നടുവിലേക്കു നടന്നു. തന്റെ കരിയറിലെ നിർണായക വഴിത്തിരിവുകൾക്ക് വേദിയായ വാംഖഡെയിലെ വിക്കറ്റിൽനിന്ന് ഒരുപിടി മണ്ണ് വാരിയെടുത്ത് നെറ്റിയിൽ വച്ചു. അപ്പോൾ ലിറ്റിൽ മാസ്റ്ററുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. കണ്ണുനീർ തുടച്ചുകൊണ്ട് പവലിയനിലേക്കു നടക്കുമ്പോൾ വാംഖഡെയിൽ കണ്ണീരൊഴുക്കാത്തവരായി ആരുമുണ്ടായിരുന്നില്ല.

കണ്ണീർ ഉണങ്ങുന്നതിനു മുമ്പാണ്, ആ സന്തോഷവാർത്തയെത്തിയത്. രാജ്യത്തെ പരമോന്നത ബഹുമതിയായ ഭാരതരത്നം സച്ചിനു സമ്മാനിക്കാൻ തീരുമാനമായിരിക്കുന്നു. പെട്ടെന്ന് മുംബൈയുടെ മുഖം പ്രസന്നമായി. മൊബൈലുകളിൽ നിന്ന് സന്ദേശങ്ങൾ പറന്നു. ചരിത്രത്തിൽ ആദ്യമായാണ് ഒരു കായികതാരം ഭാരതരത്നമാവുന്നത്. കാൽനൂറ്റാണ്ടോളം നീണ്ട തപസ്യക്ക്, ശരിയായ സമയത്ത് ലഭിച്ച അംഗീകാരം.....

## നവംബർ 15, 2013

1989 നവംബർ 15 – ന് കറാച്ചിയിൽ പാകിസ്ഥാനെതിരായ ടെസ്റ്റ് മാച്ചിൽ കളിച്ചുകൊണ്ടായിരുന്നു സച്ചിൻ അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറിയത്. വിലോഭനീയമായ ആ കരിയറിന് 24 വർഷം പ്രായമെത്തിയ ദിവസവും സച്ചിൻ ക്രീസിൽ നിൽക്കുന്നു. ക്രിക്കറ്റ് പോലെ ദിവസം മുഴുവൻ കളിക്കളത്തിൽ നിൽക്കേണ്ട, അത്രയ്ക്ക് ശാരീരികക്ഷമതയും മനസ്സാന്നിധ്യവും ആവശ്യപ്പെടുന്ന

ഒരു സ്പോർട്സിൽ കരിയർ ഇത്രയും ദീർഘിപ്പിക്കാൻ കഴിഞ്ഞതുതന്നെ അവിശ്വസനീയമല്ലേ? നമ്മുടെ സച്ചിനല്ലാതെ മറ്റാർക്കു കഴിയും അത്? മറാഠി പത്രത്തിന്റെ സ്പോർട്സ് റിപ്പോർട്ടറും ചെറുപ്പം തൊട്ടേ കടുത്ത സച്ചിൻ ഫാനുമായ പ്രശാന്ത് മീഡിയാബോക്സിലെ ഒരു ഇടവേളയിൽ ഇങ്ങനെ ചോദിച്ചപ്പോൾ ചിന്തിച്ചത് അതിനിടയിൽ സച്ചിനുണ്ടാക്കിയ റൺകൂമ്പാരത്തെക്കുറിച്ചാണ്. ഇന്ത്യക്കുവേണ്ടി (ടെസ്റ്റിലും ഏകദിനത്തിലും ടി -20 ലും കൂടി) കളിച്ച 782 ഇന്നിങ്സുകളിൽനിന്ന് 34,357 റൺസ്. അതിൽ നൂറ് സെഞ്ചറിയും 164 അർധസെഞ്ചറിയും. വിവിധ വൻകരകളിൽനിന്നുള്ള അഞ്ഞൂറിലേറെ ബൗളർമാർ എറിഞ്ഞ അമ്പതിനായിരത്തിലധികം പന്തുകൾ സച്ചിൻ നേരിട്ടു. നാലായിരത്തിലധികം ബൗണ്ടറികളും 264 സിക്സറുകളും അതിലുണ്ട്. എത്ര സിംഗിളുകളും ഡബിളുകളും ട്രിപ്പിളുകളും ഉണ്ട് ഇതിൽ! അങ്ങനെ കൃത്യമായി കണക്കുകൂട്ടിയെടുക്കാൻ ബുദ്ധിമുട്ടാണ്. പക്ഷേ, ഒന്നാലോചിച്ചുനോക്കൂക, ഈ റണ്ണുകൾക്കായി എത്ര തവണ വിക്കറ്റിനിടയിൽ ഓടിക്കാണും! ഇതിനും പുറമെയാണ് ഫീൽഡിങ്ങിനിടെ പന്തിനു പിറകേയുള്ള ഓട്ടം. ലോകം കണ്ട മികച്ച മാരത്തൺ ഓട്ടക്കാരനാകും നമ്മുടെ ലിറ്റിൽ മാസ്റ്റർ. ഇത്ര കാലം ഇങ്ങനെ ഓടിയും ബാറ്റ് ചെയ്തും മടുത്തിട്ടല്ല സച്ചിൻ കളിയവസാനിപ്പിക്കുന്നത്. ശരീരം ചില സിഗ്നലുകൾ നൽകിത്തുടങ്ങിയിരിക്കുന്നു. ട്രെയിനിങ് സെഷനുകൾ ശരിക്കും അധ്വാനമായി മാറിത്തുടങ്ങി. അതുകൊണ്ടാണ് കളിയവസാനിപ്പിക്കാൻ തീരുമാനിച്ചത്. “പക്ഷേ, ക്രിക്കറ്റ് കളിച്ച് എനിക്ക് മതിയായിട്ടില്ല” - സച്ചിന്റെ വാക്കുകൾ. ഇത്രയും കാലം തന്റെ പ്രിയനെ ക്രിക്കറ്റിനായി വിട്ടുനൽകിയ അഞ്ജലി ടെണ്ടുൽക്കർ പറഞ്ഞത് ഇതുമായി കൂട്ടിവായിക്കേണ്ടതാണ്: “സച്ചിനില്ലാത്ത ക്രിക്കറ്റിനെക്കുറിച്ച് എനിക്ക് ആലോചിക്കാനാവും. പക്ഷേ, ക്രിക്കറ്റില്ലാത്ത സച്ചിനെക്കുറിച്ച് എനിക്ക് ചിന്തിക്കാനാവില്ല.”

വാംഖഡെ സ്റ്റേഡിയത്തിൽ വെസ്റ്റിൻഡീസിനെതിരെ കളിച്ച തന്റെ അവസാനത്തെ അന്താരാഷ്ട്ര ഇന്നിങ്സ് പോലും ക്രിക്കറ്റ് എന്ന ഗെയിമിനോടുള്ള സച്ചിന്റെ സ്നേഹാതിരേകങ്ങൾ വ്യക്തമാക്കുന്നതായിരുന്നു. തലേ ദിവസം നേടിയ 38 റൺസുമായി ക്രീസിലെത്തിയ സച്ചിൻ കുറേക്കൂടി ആധികാരികമായിട്ട് ഷോട്ടുകൾ കളിച്ചുകൊണ്ടാണ് തുടങ്ങിയത്. ഷില്ലിഗ് ഫോർഡിനെ ബാക്ക്ഫൂട്ടിൽ ഇറങ്ങി പോയന്റിലൂടെ ബൗണ്ടറി. തൊട്ടടുത്ത പന്തിൽ ഏറ്റവും മികച്ച ഫോമിലുള്ളപ്പോൾ മാത്രം കളിച്ചു കണ്ടിട്ടുള്ള പാഡ്ൽ സ്വീപ്പ്. ബൗൺസറുകൾ എറിഞ്ഞും തീക്ഷ്ണമായ നോട്ടങ്ങളിലൂടെയും സമ്മർദ്ദത്തിലാക്കാൻ ശ്രമിച്ച ടിനോ ബെസ്റ്റിനെ പുഞ്ചിരിയോടെ നേരിട്ട സച്ചിൻ തനിക്കുമാത്രം കളിക്കാനറിയുന്ന സവിശേഷമായ സ്ട്രെയ്റ്റ് ഡ്രൈവിലൂടെയാണ് മറുപടി നൽകിയത്. ആ സമയത്ത് പിച്ചിനു നടുവിൽ കാൽമുട്ടുകളിൽ കൈയൂന്നി തലകുനിച്ച് നിരാശയോടെ നിന്ന മൊട്ടത്തലയനായ ബെസ്റ്റിന്റെ പുറത്തുതട്ടി സച്ചിൻ ആശ്വസിപ്പിച്ച കാഴ്ച മനസ്സിൽ നിന്ന് മായുന്നില്ല. സച്ചിൻ മനസ്സിൽ മന്ത്രിച്ചിരിക്കണം- “മോനേ, ക്ഷമിക്ക്. ഇന്നെനിക്ക് അത്ര എളുപ്പം പുറത്താകാൻ കഴിയില്ല.”

തന്റെ ടെസ്റ്റ് കരിയറിലെ 68 -ാം അർധസെഞ്ചുറി തികച്ച സച്ചിൻ ഒരു സെഞ്ചുറിയുടെ പ്രതീക്ഷ ജനിപ്പിച്ച ശേഷമാണ് പുറത്തായത്. ഓഫ് സ്പിന്നർ ദിയോ നരേന്റെ പന്ത് ഓഫ് സ്റ്റമ്പിന് പുറത്തായിരുന്നു. കട്ട് ചെയ്യാനായിരുന്നു സച്ചിന്റെ ശ്രമം. പക്ഷേ, പന്ത് പ്രതീക്ഷിച്ചതിലും കൂടുതൽ ബൗൺസ് ചെയ്തു. ബാറ്റിനരുകിൽ തട്ടി തെറിച്ചപ്പോൾ സമി മനോഹരമായൊരു ക്യാച്ചെടുത്തു. ആ നിമിഷത്തിൽ വാംഖഡെ നിശ്ശബ്ദമായി.

പിന്നെ ത്രിവർണമുദ്രയുള്ള ആ ബാറ്റ് ഒരിക്കൽക്കൂടി വായുവിൽ ഉയർന്നു. പവലിയനിലേക്കുള്ള മടക്കയാത്ര, ബൗണ്ടറിവര കടക്കും മുമ്പ് സച്ചിൻ തിരിഞ്ഞുനോക്കി.

വാംഖഡെ സ്റ്റേഡിയത്തിലെ പവലിയനിലേക്കുള്ള ഓരോ പടവു കയറുമ്പോഴും ഇനിയൊരു തിരിച്ചിറക്കമില്ല എന്ന വസ്തുത സച്ചിനെ വേദനിപ്പിച്ചിരിക്കും.

*(മാതൃഭൂമി സ്പോർട്സ് മാസിക, ഡിസംബർ 2013)*

- 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' ഒരു സ്പോർട്സ് ഫീച്ചറാണല്ലോ. ഫീച്ചറിന്റെ സവിശേഷതകൾ കണ്ടെത്തുക. അവ പാഠഭാഗത്ത് എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് പരിശോധിച്ച് കുറിപ്പെഴുതുക.

- വിവിധ പത്രങ്ങളിൽനിന്ന് കാവ്യഭംഗിയുള്ള വാർത്താതലക്കെട്ടുകൾ ശേഖരിക്കുക. അവയുടെ പ്രത്യേകതകൾ വിശദീകരിച്ചുകൊണ്ട് കുറിപ്പു തയാറാക്കി അവതരിപ്പിക്കുക.

- ഇലക്ട്രോണിക് മാധ്യമങ്ങളുടെ കാലത്ത് വാർത്തകൾ തൽസമയം എത്തിച്ചേരുന്നുണ്ട്. ഈ കടമ്പ മറികടക്കാൻ പത്രമാധ്യമങ്ങൾ സ്വീകരിച്ച തന്ത്രങ്ങൾ പലതാണ്.

    - വാർത്താവതരണം കാവ്യാത്മകമാക്കുന്നു.
    - നാടകീയമാക്കുന്നു.
    - ലേ ഔട്ടിൽ പുതുമ വരുത്തുന്നു.
    - മറ്റു മാധ്യമങ്ങളുമായി ബന്ധിപ്പിക്കുന്നു.
    - വായനക്കാർക്ക് പ്രതികരിക്കാൻ കൂടുതൽ അവസരം നൽകുന്നു.
    - വിശദാംശങ്ങളും വിശകലനങ്ങളും നൽകുന്നു.

  നിങ്ങളുടെ നിരീക്ഷണങ്ങളും കൂട്ടിച്ചേർത്ത് ഉപന്യാസം തയാറാക്കുക.


- താഴെ കൊടുത്ത വിഷയങ്ങളിൽ ഒന്ന് തിരഞ്ഞെടുത്ത് മുഖപ്രസംഗം തയാറാക്കുക.

    - ഇ- സാക്ഷരത
    - ആരോഗ്യരക്ഷ
    - റോഡ്സുരക്ഷ
    - കുടുംബബന്ധങ്ങൾ
    - സുഹൃദ്സംഘങ്ങളും സാമൂഹികപുരോഗതിയും

- വിവിധ വിഷയങ്ങളെ ആസ്പദമാക്കി പത്രങ്ങളിൽ വരുന്ന ലേഖനങ്ങൾ വിഷയാടിസ്ഥാനത്തിൽ ശേഖരിച്ച് റിപ്പോർട്ട് തയാറാക്കുക. താഴെക്കൊടുത്ത വിഷയങ്ങൾ പരിഗണിക്കാവുന്നതാണ്.
    - വിദ്യാഭ്യാസം
    - സാമ്പത്തികം
    - സാംസ്കാരികം
    - പരിസ്ഥിതി

- ഒരു പ്രാദേശിക ടെലിവിഷൻ ചാനലിന്റെ വാർത്താ അവതാരകന് ചാനൽപ്രതിനിധി സംഭവസ്ഥലത്തു നിന്ന് നൽകുന്ന തൽസമയവിവരണം ചുവടെ ചേർക്കുന്നു. ഇത് എഡിറ്റ് ചെയ്ത് പത്രവാർത്തയാക്കി മാറ്റുക.

"ഞാനിപ്പോൾ കൂനംമൂച്ചി സെന്ററിലാണ്. അപകടം നടന്നത് ഇക്കാണുന്ന ട്രാൻസ്ഫോർമറിന്റെ കാലുകളിലിടിച്ചാണ്. അപകടസമയത്ത് ബൈക്കിന് അമിത വേഗതയുണ്ടായിരുന്നുവെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. ബൈക്കിൽ സഞ്ചരിച്ചിരുന്നത് ഒരു പ്ലസ്ടു വിദ്യാർഥിയും അതേ പ്രായത്തിലുള്ള ഓപ്പൺ സ്കൂൾവിദ്യാർഥിയുമായിരുന്നു. ഗുരുവായൂർഭാഗത്തു നിന്നുള്ള ഉസ്കൂളിലെ കുട്ടികളെയും കൊണ്ടുവന്നിരുന്ന ഉസ്കൂൾ വേൻ – ഇതാ ഈ കാണുന്ന വശത്ത് നിറുത്തി – ആയ അനിയത്തിക്കുട്ടിയെ ഇതാ ഈ റോഡ് മുറിച്ചുകടത്തി പതിനൊന്നുവയസ്സുകാരനെ ഓരത്തു നിറുത്തി. അതെ സാർ – പെട്ടെന്ന് പതിനൊന്നുവയസ്സുകാരൻ റോഡു മുറിച്ചുകടന്നിട്ടുണ്ടാകാമെന്ന് വിജാരിക്കുന്നു. ബൈക്ക് യാത്രികർക്കു വേഗത നിയന്ത്രിക്കാനായിട്ടുണ്ടാവില്ല. മറിഞ്ഞ ബൈക്കും യാത്രികരും പതിനൊന്നുകാരനെ ഇടിച്ചുതെറിപ്പിച്ചിട്ട് ഇതാ ഈ കാണുന്ന ട്രാൻസ്ഫോർമർ കാലുകളിൽ ഇടിക്കുകയായിരുന്നു. തലയോട് തകർന്ന് ബൈക്ക് യാത്രികർ തത്ക്ഷണം മരിച്ചുവെന്നാണ് കാഴ്ചക്കാർ പറഞ്ഞത്. അല്ല യാത്രാമധ്യേയാണെന്നും അഭിപ്രായമുണ്ട്. പതിനൊന്നു വയസ്സുകാരൻ അതീവ ഗുരുതരമായ അവസ്ഥയിലാണ്. അല്ലാ ഇപ്പോഴറിഞ്ഞത് ആ കുട്ടിയും മരിച്ചുവെന്നാണ്. നൃത്തത്തിലും ചെണ്ടയിലും അരങ്ങേറ്റം കഴിഞ്ഞവനാണ് ആ കുട്ടിയെന്നും മാതാപിതാക്കൾക്ക് ഏറെക്കാലം കഴിഞ്ഞ് ജനിച്ച കുട്ടിയാണെന്നുള്ളതു നാട്ടുകാരുടെ സങ്കടത്തിന് ആഴംകൂട്ടുന്നു. അപകടത്തിൽപ്പെട്ടവർ അയൽവാസികളാണ്. മൂന്നുപേരുടെ മരണത്തിനിടയാക്കിയ ദുരന്തത്തിൽ വെറങ്ങലിച്ചിരിക്കുകയാണ് കൂനംമൂച്ചി പ്രദേശം. കൗമാരക്കാരുടെ സ്പീഡുകൊണ്ടുള്ള അമിതവേഗതയ്ക്കെതിരെ രോഷവും പുകയുന്നുണ്ട്. യാത്രക്കാർ ഹെൽമറ്റ് ധരിച്ചിരുന്നില്ല; അവർക്ക് ലൈസൻസും ഉണ്ടായിരുന്നില്ലെന്ന് പറയുന്നു".



# മാധ്യമവിചാരം

ഡോ. വി.ആർ. പ്രബോധചന്ദ്രൻ

**ശി**ശുക്കൾ, വിദ്യാർഥികൾ, അധ്യാപകർ, യുവജനങ്ങൾ, സ്ത്രീകൾ, കൃഷിക്കാർ, തൊഴിലാളികൾ തുടങ്ങി വ്യത്യസ്തവിഭാഗങ്ങളിൽപ്പെട്ട ജനസമൂഹത്തിന് അറിവും ആഹ്ലാദവും പകർന്നു കൊടുക്കുക എന്നതാണ് മാധ്യമങ്ങളുടെ ലക്ഷ്യം. പത്രപംക്തികളിൽ മുഖ്യസ്ഥാനത്തു കൂടുതൽ സ്ഥലവും റേഡിയോവിലും ടി.വിയിലും തിരക്കിന്റെ പാരമ്യത്തിൽപ്പോലും കൂടുതൽ സമയവും നേടുന്ന വാർത്തയും വിഷയവും അക്കാരണംകൊണ്ടുതന്നെ ബഹുജനദൃഷ്ടിയിൽ പ്രധാനമായിത്തീരും.

ലക്ഷക്കണക്കിനുള്ള വായനക്കാരുടെയും ശ്രോതാക്കളുടെയും പ്രേക്ഷകരുടെയും ശ്രദ്ധയെ ഒരേസമയം ആകർഷിച്ചു നിലനിർത്തിക്കൊണ്ടുപോവുന്നതെങ്ങനെ എന്ന പ്രശ്നം എല്ലാ മാധ്യമങ്ങളും സദാ നേരിട്ടുകൊണ്ടിരിക്കുന്നു. ആകർഷകത്വവും ഗുണനിലവാരവും മിക്കപ്പോഴും അന്യോന്യം അടുക്കാൻ അറച്ചുനിൽക്കും. 'ഒരിടം കളഞ്ഞു മറ്റൊരിടം രക്ഷിക്കണം' എന്ന തത്ത്വം ഇവിടെ മാർഗദർശകമാകുകയില്ല. കക്ഷത്തിലുള്ളതു പോകാതെ ഉത്തരത്തിലുള്ളത് എടുക്കുക എന്ന മട്ടിൽ വൈരുധ്യങ്ങളെ സമന്വയിപ്പിക്കുകയാണ് ഇവിടെ വേണ്ടത്. അർഥത്തിന് ഏറ്റക്കുറവു കൂടാതെ ഒരേ സന്ദേശം എത്ര കൂടുതൽ മസ്തിഷ്കങ്ങളിൽ എത്തിക്കാമോ, അത്രയും നന്ന്. അൽപ്പം ആലോചിച്ചാൽ ഇതത്ര എളുപ്പമൊന്നുമല്ലെന്നു വ്യക്തമാവും.

റേഡിയോവിലും ടി.വിയിലും ഏതുതരം പരിപാടികളോടു ബന്ധപ്പെട്ടാണ് തങ്ങളുടെ പരസ്യം വരേണ്ടത് എന്നു തീരുമാനിക്കുന്നതിൽ പരസ്യവിദഗ്ധർ ശ്രദ്ധിക്കും. ആവുന്നത്ര കൂടുതൽ ആളുകളെ ആകർഷിക്കാനിടയുള്ള പരിപാടികളോട് ഒട്ടിനിൽക്കുക എന്ന നയമാണ് സ്വാഭാവികമായി എല്ലാ പരസ്യക്കാരും കൈക്കൊള്ളുക.

അതിശയോക്തിയുടെ ഹസ്താവലംബം കൂടാതെ പരസ്യവും പ്രചാരണവും വളരെ വിരളമാണ്. അതിനാൽ പരസ്യങ്ങളെയും പ്രചാരണയത്നങ്ങളെയും ഒന്നടങ്കം അവിശ്വസനീയമെന്നും അന ഭിലഷണീയമെന്നും പരിഗണിക്കുന്നവർ പലരുമുണ്ട്. സൂക്ഷ്മ ചിന്തയിൽ ഈ നിലപാട് അത്ര ശരിയല്ല എന്ന് വ്യക്തമാകും. ശുചിത്വപാലനം, രോഗപ്രതിരോധം, പുകവലിയുടെയും മദ്യപാ നത്തിന്റെയും ദോഷഫലങ്ങൾ, ഗതാഗതനിയമങ്ങൾ അനുസരി ക്കേണ്ടതിന്റെയും നികുതികൾ കൃത്യമായി അടയ്ക്കേണ്ടതിന്റെ യും ആവശ്യകത ഇത്യാദി വിഷയങ്ങളിലേക്ക് ബഹുജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുന്നതിൽ മാധ്യമങ്ങൾ വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് ശ്ലാഘനീയം തന്നെ.

ചൂടപ്പംപോലെ ജനങ്ങൾ തേടിപ്പിടിച്ചു വീർപ്പടക്കിയിരുന്നു വായിക്കുന്ന ആയിരമായിരം പുസ്തകങ്ങളുടെ ലക്ഷക്കണക്കിനു പ്രതികൾ ലോകമെമ്പാടുമുള്ള പ്രസിദ്ധീകരണശാലകളിൽ നിന്നും തുടരെത്തുടരെ പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നു. പത്ര ങ്ങളും വാരികകൾ തുടങ്ങിയ ആനുകാലികപ്രസിദ്ധീകരണങ്ങളും നാം ജീവിക്കുന്ന ലോകത്തെപ്പറ്റിയുള്ള സ്ഥിതിവിവരസംഗ്രഹം പ്രസക്തമായ സമയത്തിന്റെ ഏറ്റവും അടുത്ത ബിന്ദുവിൽനിന്നു കൊണ്ട് നിത്യവും നമ്മുടെ കൈകളിൽ എത്തിച്ചുതരുന്നു. ലോക വാർത്തകളും മനുഷ്യരാശിയുടെ വിജ്ഞാനത്തിന്റെ വ്യത്യസ്ത മുഖങ്ങളും വിവിധ വിനോദങ്ങളും സ്വന്തം വീട്ടിൽ സുഖ മായിരുന്ന് കണ്ടും കേട്ടും അറിയാനും ആസ്വദിക്കാനും ടി.വി. നമുക്കു സൗകര്യം നൽകുന്നു. സിനിമ മുഖ്യമായും ഒരു വിനോ ദോപാധിയാണെങ്കിലും സശ്രദ്ധം സംവിധാനം ചെയ്ത പല ചലച്ചിത്രങ്ങളും ശക്തിമത്തായ വിദ്യാഭ്യാസ ഉപകരണങ്ങളായും പ്രയോജനപ്പെടുന്നു. പുസ്തകങ്ങളും പത്രമാസികാദികളും, സിനിമ, റേഡിയോ, ടി.വി. എന്നിവയുമില്ലാത്ത ലോകത്തെപ്പറ്റി ഇനി നമുക്ക് സങ്കൽപ്പിക്കാൻപോലും എളുപ്പമല്ല. അത്രയ്ക്കുണ്ട് ഈ ബഹുജനമാധ്യമങ്ങൾ നമ്മുടെ ജീവിതത്തിൽ ചെലുത്തി ക്കൊണ്ടിരിക്കുന്ന സ്വാധീനം.

ലോകചരിത്രത്തിൽ ദൂരവ്യാപകമായ ഫലങ്ങളുളവാക്കിയ എല്ലാ സംഭവങ്ങളുടെയും മഹാവിപ്ലവങ്ങളുടെയും പ്രഭവം മഹ ത്തായ ഏതെങ്കിലും മനസ്സിൽ മുളച്ചുപൊന്തിയ ഒരാശയമായി രുന്നു. ലോകത്തിന്റെ ഗതിവിഗതികളെയും ഭാഗധേയത്തെയും അനുക്ഷണം നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ആശയങ്ങളുടെ വ്യക്തവും ത്വരിതവുമായ സഞ്ചാരം മനുഷ്യപുരോഗതിക്ക് അത്യ ന്താപേക്ഷിതമാണ്. യാതൊരു തെറ്റിദ്ധാരണയ്ക്കും പഴുതില്ലാത്ത വിധത്തിൽ വ്യക്തവും ശക്തവും ശുദ്ധവുമായിരിക്കണം മാധ്യ ങ്ങളിലെ ഭാഷാരീതി. 'ആനപ്പുറത്തു കയറി' എന്നതിനുപകരം

'ആന പുറത്തു കയറി' എന്നു പറഞ്ഞുപോയാൽ ഉണ്ടാകാവുന്ന അനർഥം എത്ര ഭയങ്കരമായിരിക്കുമെന്ന് ആലോചിച്ചുനോക്കുക.

രണ്ടാംലോകയുദ്ധത്തിനുശേഷം മിക്ക രാജ്യങ്ങളിലും മാധ്യമങ്ങൾക്ക് അഭൂതപൂർവമായ വികാസമുണ്ടായി. സാങ്കേതികവും ശാസ്ത്രീയവുമായ വിജ്ഞാനശാഖകളിൽ ഇരുപതാംനൂറ്റാണ്ട് കൈവരിച്ച നേട്ടങ്ങൾ മാധ്യമങ്ങളുടെ വികാസത്തിന് ആക്കംകൂട്ടി. അമേരിക്കൻ ഐക്യനാടുകളിൽ മാത്രം 1950 മുതൽക്കുള്ള ഇരുപതു വർഷങ്ങളിൽ പ്രസിദ്ധീകൃതമായ പുസ്തകങ്ങളുടെ എണ്ണം അതിനു തൊട്ടുമുമ്പുള്ള ഇരുപതു കൊല്ലത്തിലേതിനേക്കാൾ മൂന്നിരട്ടിയായിരുന്നു. വികസനോന്മുഖമായ മുന്നേറ്റത്തിൽ വേറെ ഏതു മാധ്യമത്തെയും കടത്തിവെട്ടിയത് ടി.വിയാണ്. ഇന്ത്യയിൽ അങ്ങുനിന്നിങ്ങോളം പ്രസരിച്ച ദൂരദർശന തരംഗം പട്ടണങ്ങളിലേക്കും നാട്ടിൻപുറങ്ങളിലേക്കും കടന്നുചെന്നു കഴിഞ്ഞിരിക്കുന്നു.

വസ്തുതകളുടെയും വിവരങ്ങളുടെയും പ്രളയമാണ് മാധ്യമങ്ങളുടെ വികാസത്തിന്റെ പ്രകടമായ ഒരു ഫലം. ദിവസംതോറുമെന്നല്ല, നിമിഷംതോറും പെരുകിവരുകയാണ് മാനവവിജ്ഞാനം. ലക്ഷക്കണക്കിനുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും ചിത്രങ്ങളും ഭൂപടങ്ങളും മറ്റു രേഖകളും വരുംതലമുറകൾക്കുകൂടി പ്രയോജനപ്പെടുംമട്ടിൽ സംഭരിച്ചു വർഗീകരിച്ച് അടുക്കി സൂക്ഷിക്കുകയും ആവശ്യക്കാർക്ക് കഴിവതും വേഗം അവ പരിശോധിക്കാൻ അവസരം നൽകുകയും ചെയ്യുക സ്വന്തം ചുമതലയായി എല്ലാ നല്ല ഗ്രന്ഥശാലകളും അംഗീകരിച്ചിരിക്കുന്നു. ആവശ്യാനുസരണം രേഖകളുടെ മൈക്രോഫിലിംപ്രതികളും ഫോട്ടോ കോപ്പികളും സ്വനലേഖങ്ങളും (Sound recording) വീഡിയോ കാസറ്റുകളും മാത്രമല്ല, കമ്പ്യൂട്ടറിന്റെ സഹായത്തോടെ നിർമ്മിക്കുന്ന പകർപ്പുകളുമൊക്കെ ആധുനികസമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളിൽനിന്നു ലഭിക്കും.

രേഖകളുടെ വൻശേഖരങ്ങളിൽ നിന്നു നമുക്കാവശ്യമായ വിവരം പെട്ടെന്നു തിരഞ്ഞെടുത്തുതരുന്ന വിശ്വസ്തസേവകനായിത്തീർന്നിട്ടുണ്ട് കമ്പ്യൂട്ടർ. കമ്പ്യൂട്ടറും ബഹുജനമാധ്യമങ്ങൾക്കിടയിലേക്ക് കടന്നുവന്ന് സ്വന്തം സ്ഥാനമുറപ്പിച്ചിരിക്കുന്നു. അനേകായിരം നാഴിക അകലെയുള്ള വിവിധ കേന്ദ്രങ്ങളിലെ വിജ്ഞാനശേഖരങ്ങളെ വലുതും ചെറുതുമായ ഒട്ടേറെ കമ്പ്യൂട്ടറുകൾ ഉൾപ്പെടുന്ന ഒരു ശൃംഖലയോടു ബന്ധിപ്പിച്ച് ആവശ്യക്കാർ നിശ്ചിത ബട്ടണുകൾ അമർത്തിയാൽ അവർക്കുവേണ്ട വിവരങ്ങൾ ഞൊടിയിടയിൽ എത്ര ദൂരത്തുനിന്നും ലഭിക്കുമാറാക്കുക സന്ദേശവിനിമയരംഗത്തെ ശ്രദ്ധേയമായ പ്രവണതയാണ്. സ്ഥലകാലങ്ങളുടെ സർവസാധാരണമായ അതിരുകൾ അതിലംഘിക്കാനും അറിവിന്റെ എല്ലാ മണ്ഡലങ്ങളിലും മാനവവംശത്തിന് ഇതഃപര്യന്തമുണ്ടായിട്ടുള്ള എല്ലാ നേട്ടങ്ങളും കൈപ്പിടിയിലൊതുക്കാനും പ്രപഞ്ചത്തിന്റെ അതിർത്തികളാരാഞ്ഞ് ബാഹ്യാകാശത്തിലേക്കും യാത്രതിരിക്കാനും മനുഷ്യന് നെഞ്ചൂക്കും കൈക്കരുത്തും ഉണ്ടായത് ഈ വഴിക്കത്രേ.

# നവമാധ്യമങ്ങൾ ശക്തിയും സാധ്യതയും

വി.കെ. ആദർശ്

അറിവുകളും വിവരങ്ങളും തൽസമയം നമുക്കു ലഭിക്കുന്നതിനും അവയോട് പ്രതികരിച്ചും അല്ലാതെയും സ്വതന്ത്രാവിഷ്കാരങ്ങൾ നടത്തുന്നതിനുമുള്ള സൈബർ ഇടമാണ് നവമാധ്യമങ്ങൾ. എന്നാൽ ഭാവിയിൽ ഇതിലും നവീനമായ മാധ്യമരൂപങ്ങൾ പ്രത്യക്ഷപ്പെടാം. അങ്ങനെ ചിന്തിക്കുമ്പോൾ നവമാധ്യമം എന്ന വിളിപ്പേരിനെക്കാൾ ഉചിതം സാമൂഹികമാധ്യമം എന്നതാകുന്നു. സാധാരണമാധ്യമ ങ്ങളുടെ ഘടനയിൽനിന്ന് വളരെ മാറിയാണ് സാമൂഹികസമ്പർക്ക മാധ്യമങ്ങൾ സഞ്ചരിക്കുന്നത്. ഇരുത്തം വന്ന ഭാഷ, പലതട്ടിലുള്ള എഡിറ്റിങ് എന്നിവ സാമ്പ്രദായികമാധ്യമങ്ങളുടെ രീതിയാണ്. സാമൂ ഹികമാധ്യമങ്ങളിൽ ഇങ്ങനെ ഒരു എഡിറ്റിങ് ഇല്ല. മറിച്ച്, അവര വരുടെ രുചിഭേദവും അറിവും അനുസരിച്ച് ഇടപെടുകയാണ്. മാധ്യമ ബഹുസ്വരതയുടെ ശക്തിയും ദൗർബല്യവും ഒരേസമയം ഇതി നുണ്ട്. എണ്ണം കൊണ്ടും വളർച്ചനിരക്കുകൊണ്ടും ഫേസ്ബുക്ക്, ടിറ്റർ, ഇൻസ്റ്റാഗ്രാം, യൂട്യൂബ് എന്നിവ ലോകത്തിലെ പ്രബലമാധ്യമ ങ്ങളായി മാറിക്കഴിഞ്ഞു. മൊബൈൽഇന്റർനെറ്റിന്റെ വ്യാപനവും സ്മാർട്ട്ഫോണുകളുടെ പ്രചാരവും സാമൂഹികസമ്പർക്കമാധ്യമങ്ങ ളുടെ സമീപകാലമുന്നേറ്റത്തിന്റെ കാരണമായി വിലയിരുത്ത പ്പെടുന്നു.

പരമ്പരാഗതമാധ്യമങ്ങൾക്ക് പകരമാകുമോ സോഷ്യൽനെറ്റ് വർക്കിങ്സൈറ്റുകൾ എന്ന ഗൗരവതരമായ ചോദ്യം പല കോണു കളിൽനിന്ന് ഉയരുന്നുണ്ട്. ഇന്റർനെറ്റ്പൂർവകാലത്ത് പുറംലോക വാർത്തകൾ മുതൽ അയൽപക്കവർത്തമാനങ്ങൾ വരെ ലഭിച്ചിരു ന്നത് പരമ്പരാഗതമാധ്യമങ്ങൾ വഴി മാത്രമായിരുന്നു. എന്നാൽ ഇന്ന് അങ്ങനെയല്ല. വാർത്തകൾ ഉത്ഭവിക്കുന്ന ഇടത്തുനിന്നുതന്നെ

തൽക്ഷണം അവ സൈബർലോകത്ത് എത്തുന്നു. ഇങ്ങനെ വാർത്ത എഴുതുന്നവർ പരമ്പരാഗതവഴിയിൽ എഴുത്തുശിക്ഷണമോ എഡിറ്റിങ് പരിശീലനമോ ഒന്നും ലഭിച്ചവർ ആയിരിക്കണമെന്നില്ല. ഇത് മാധ്യമഭാഷ യുടെ വാർപ്പുമാതൃകകളെ തകർക്കുന്നു. ഫേസ്ബുക്കിലും മറ്റും ദൈനംദിനവിഷയങ്ങളിൽ ആധികാരികതയോടെ വിശകലനം നടത്തു ന്നവരുടെ എണ്ണവും ഇന്ന് കൂടുതലാണ്; സാധാരണ എഡിറ്റോറിയൽ പേജ്‌ലേഖനങ്ങളെക്കാളും മികച്ചതരത്തിൽ എഴുതപ്പെടുന്ന പോസ്റ്റു കൾക്ക് വായനക്കാരും ധാരാളമുണ്ട്. പത്രത്തിൽ തൽക്ഷണചർച്ചയ്ക്ക് ഒരു സാധ്യതയും ഇല്ല. ഇവിടെയാവട്ടെ, അഭിപ്രായങ്ങളും നിരീക്ഷണ ങ്ങളും തൊട്ടുതാഴെ കമന്റ് രൂപത്തിൽ പ്രത്യക്ഷപ്പെടും. നിരന്തരസംവാ ദങ്ങൾ സോഷ്യൽമീഡിയയെ ഒഴിവാക്കാനാകാത്ത മാധ്യമരൂപമാക്കി മാറ്റിക്കഴിഞ്ഞു. അതുകൊണ്ടാകാം ഇന്ന് 'ഫിഫ്ത്ത്എസ്റ്റേറ്റ്' എന്ന വിളിപ്പേരും സാമൂഹികസമ്പർക്കമാധ്യമങ്ങൾക്കു ലഭിച്ചത്. ഈ വലിയ വായനസമൂഹത്തിന്റെ വിപണിസാധ്യതകൂടി കണ്ടിട്ടാകണം സൈബർ ചർച്ചാവേദികൾ അച്ചടി, ടെലിവിഷൻ വാർത്താമാധ്യമങ്ങളിൽ സജീവ സാന്നിധ്യമാകുന്നത്. ഇതിനെ അവഗണിച്ച് മുന്നോട്ടുപോകാൻ പറ്റില്ല എന്നതാണ് വസ്തുത.

ഇന്റർനെറ്റ് നിലവിൽ വന്ന സമയത്ത് ഉണ്ടായിരുന്ന പ്രധാന ന്യൂനത, വിനിമയഭാഷയായി ഇംഗ്ലീഷ് മാത്രമേ ഡിജിറ്റൽവ്യൂഹങ്ങൾക്ക് പഥ്യ മാവൂ എന്നതായിരുന്നു. എന്നാൽ യൂണികോഡ്മലയാളം വിവിധ ഇന്റർനെറ്റ് ഇടങ്ങളിൽ കാര്യമായ തോതിൽ ഉപയോഗിച്ചുതുടങ്ങിയത് മുൻധാരണകളെ മാറ്റിമറിച്ചു. മലയാളം യൂണികോഡ്ഫോണ്ടുകൾ ഈയടുത്ത കാലത്തായി എണ്ണംകൊണ്ടും വർധന രേഖപ്പെടുത്തിക്കഴി ഞ്ഞു. ഇതര ഭാരതീയഭാഷകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഓൺ ലൈൻമലയാളം മെച്ചപ്പെട്ട പ്രകടനമാണ് നടത്തുന്നത്. വിവിധ പോർട്ടലുകൾ, സാഹിത്യ- കലാ സംബന്ധിയായ സൈറ്റുകൾ, മുഴുവൻ സമയ വാർത്താഇടങ്ങൾ, മലയാളം വിക്കിപീഡിയ, ഓൺലൈൻനിഘ ണ്ടു തുടങ്ങി ഇ- മലയാളത്തിന്റെ പ്രവർത്തനമേഖല വിപുലമായിക്കൊ ണ്ടിരിക്കുന്നു.

ഏതുതരം വെബ്സൈറ്റുകൾക്കും പ്രാദേശികഭാഷകളിലേക്കു കൂടുമാറാവുന്നതെയുള്ളൂ. ഇന്റർനെറ്റിന്റെ ഭാവിവികാസം പ്രാദേശിക ഭാഷയിലൂടെയാണെന്നതാണ് വസ്തുത. സോഷ്യൽ നെറ്റ്‌വർക്ക്മാധ്യ മങ്ങൾ ഇന്ന് പലതരം പഠനങ്ങൾക്കും വിധേയമാകുന്നുണ്ട്. ഇതിൽ വളരെ പ്രസക്തമായ ഒന്ന്, വ്യക്തിയുടെ എഴുത്തുജീവിതം ക്രമമായി മാറുന്നതിനെക്കുറിച്ചുള്ളതാണ്. ആദ്യം ഫേസ്ബുക്കിൽ എന്തെങ്കിലു മൊക്കെക്കുറിച്ച് തുടങ്ങിയയിടത്തുനിന്നു പതിയെ എഴുത്തുരീതിയും ഭാഷയും മാറുന്നു. എങ്ങനെ മാറുന്നു എന്നത് ആ വ്യക്തിയുടെ ചങ്ങാതി വൃന്ദത്തെയും അവർ ഇടപെട്ട രീതിയെയും മറ്റും ആശ്രയിച്ചിരിക്കും. അറിവിനെയും എഴുത്തിനെയും അതിന്റെ പിന്നാമ്പുറത്തെ ചിന്തയെയും

സാമൂഹികസമ്പർക്കമാധ്യമങ്ങൾ അതിന്റേതായ രീതിയിൽ സ്വാധീനിച്ചു തുടങ്ങിയിരിക്കുന്നു. സാമൂഹികമാധ്യമങ്ങളെ ദുരുപയോഗം ചെയ്യുന്ന ന്യൂനപക്ഷം ഉണ്ടാകാം. എന്നാൽ അവ കൊണ്ടുവരുന്ന ഗുണകരമായ പരശ്ശതം കാര്യങ്ങളോട് എങ്ങനെ പിണങ്ങി നിൽക്കാനാകും? അച്ചടി മാധ്യമങ്ങൾ അടക്കം മാധ്യമങ്ങളെ ദുഷ്ടലാക്കോടെ ഉപയോഗിച്ച സാഹചര്യങ്ങൾ ചരിത്രത്തിലും വർത്തമാനത്തിലുമുണ്ട്. ഗുണവശങ്ങളും സമൂഹത്തെ സാമൂഹികമാധ്യമങ്ങൾ സുതാര്യമാക്കുന്നതിന്റെ തോതും കണക്കിലെടുത്താൽ മാത്രമേ ദുരുപയോഗത്തെയും ദൂഷ്യവശങ്ങളെയും പറ്റിയുള്ള ചർച്ചകൾക്ക് സമഗ്രതയുണ്ടാവുകയുള്ളൂ. വ്യക്തിസ്വകാര്യത ഈ ഡിജിറ്റൽകാലത്ത് കനത്ത വെല്ലുവിളി നേരിടുന്നുണ്ട്. ഒളിച്ചുവയ്ക്കാൻ ഒരിടമില്ലാത്ത അവസ്ഥ എന്ന് ഇതിനെ സാമാന്യമായി വ്യവഹരിക്കാം. ആരെയും നിരന്തരമായ നിരീക്ഷണത്തിനും വിചാരണയ്ക്കും വിധേയമാക്കാനുള്ള അവസരം പുതിയ മാധ്യമങ്ങളുടെ ഇടപെടലുകൾ ഉണ്ടാക്കിയിട്ടുണ്ട്. മാധ്യമസൃഷ്ടിയാണെന്ന് പറഞ്ഞ് രക്ഷപ്പെടാമായിരുന്ന അവസരങ്ങൾ നഷ്ടപ്പെട്ടു. ചരിത്രം ചികഞ്ഞ്, വസ്തുതകളുടെ പിൻബലത്തോടെ മർമ്മത്തുകൊള്ളുന്ന ചോദ്യം ചോദിക്കാനും ഇന്റർനെറ്റ് വിവരപ്പൂരകൾ സാധാരണപൗരന്മാരെ പ്രാപ്തരാക്കുന്നു. സമാനചിന്താഗതിയുള്ളവർക്ക് രമ്യപ്പെടാനും ഒരുമിച്ചുപ്രവർത്തിക്കാനുമുള്ള സാഹചര്യവും അവ ഒരുക്കുന്നുണ്ട്. തന്റെ ആശയം സമാനതലത്തിൽ പങ്കിടുന്ന ഒട്ടേറെപ്പേരുണ്ടെന്നും ഒത്തൊരുമിച്ചാൽ മാറ്റം സാധ്യമാകുമെന്നുമുള്ള ബോധ്യം ഇന്ന് ഡിജിറ്റൽശൃംഖലകൾ പ്രാവർത്തികമാക്കുന്നു. ആളുകളെ സംഘടിപ്പിക്കാനും ആശയങ്ങൾ ഊതിക്കാച്ചിയെടുക്കാനും ഒക്കെ അപരിമിതമായ അവസരങ്ങൾ ഒരുക്കിത്തരുന്ന ഒന്നാംതരം ജനാധിപത്യവേദി കൂടിയാണ് സാമൂഹികസമ്പർക്കമാധ്യമങ്ങൾ.

(ബ്ലോഗ്ഭൂമി http://blogbhoomi.blogspot.in)

- "പത്രം, റേഡിയോ, ടെലിവിഷൻ മുതലായ മാധ്യമങ്ങൾ ബഹുജനങ്ങളെ സ്വാധീനിക്കുന്ന ശക്തമായ ഉപകരണങ്ങളാണ്."

  ഈ പ്രസ്താവനയുടെ സാധുത 'മാധ്യമവിചാരം' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

- "സാമൂഹികമാധ്യമങ്ങളിലേക്ക് വളർന്നുനിൽക്കുന്ന സൈബർലോകത്തെ 'മാധ്യമവിചാരം' എന്ന ലേഖനം ദീർഘദർശനം ചെയ്യുന്നുണ്ട്."

  പാഠഭാഗം പരിശോധിച്ച് നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

- പരമ്പരാഗതമാധ്യമങ്ങളിൽനിന്ന് സാമൂഹികമാധ്യമങ്ങൾ ഏതെല്ലാം നിലകളിൽ വ്യത്യസ്തമായിരിക്കുന്നു?

  'നവമാധ്യമങ്ങൾ: ശക്തിയും സാധ്യതകളും' എന്ന പാഠഭാഗം അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുക.

- "മാധ്യമങ്ങളെ പതിവുരീതികളിൽനിന്നു മാറ്റി അവയെ ജനാധിപത്യവേദികളാക്കി പരിവർത്തിപ്പിക്കുന്നതിൽ സാങ്കേതികവിദ്യയിലെ പുരോഗതി നല്ല പങ്കുവഹിക്കുന്നുണ്ട്."

  *(നവമാധ്യമങ്ങൾ : ശക്തിയും സാധ്യതയും- വി.കെ. ആദർശ്)*

  സാമൂഹികമാധ്യമങ്ങളുടെ സവിശേഷതകളും ഇടപെടൽസാധ്യതകളും വിശകലനംചെയ്ത് ഉപന്യാസം തയാറാക്കുക.

- പാഠപുസ്തകത്തിലെ എഴുത്തുകാരെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ലഘുകുറിപ്പുകൾ തയാറാക്കി മലയാളംവിക്കിപീഡിയയിൽ ചേർക്കുക.



# കൈയൊപ്പില്ലാത്ത സന്ദേശം

എം. മുകുന്ദൻ

ഇത് ടെസ്റ്റ് മെസ്സേജാണ്.

എന്റെ പേര് അഗ്നി. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ എനിക്ക് താങ്കളോട് പറയാനുണ്ട്. അതിനു മുൻപ് ഈ സന്ദേശം താങ്കൾക്ക് കിട്ടിയോ എന്നറിയിക്കുക.

നന്ദി.


അന്ന് മറ്റൊരു വസ്തുതകൂടി അയാൾ മനസ്സിലാക്കി. കമ്പ്യൂട്ടറിലൂടെ വരുന്ന സന്ദേശങ്ങളിൽ കൈയൊപ്പുണ്ടാകില്ല. നാടിന്റെയും വീടിന്റെയും പേരില്ലാത്ത മേൽവിലാസങ്ങളും കൈയൊപ്പില്ലാത്ത സന്ദേശങ്ങളും.

agni@aol.com

ആരാണ് അഗ്നി? അരനൂറ്റാണ്ടു കാലമായി സംഭരിച്ചിട്ടുള്ള ഓർമ്മകളിൽ ഇരുകൈകൾകൊണ്ടും ചികഞ്ഞുനോക്കിയിട്ടും അങ്ങനെ ഒരാളെ അയാൾക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല. ഈയിടെയായി ആളുകളുടെ പേരുകൾ ഓർമ്മവയ്ക്കുന്നതിലും അവരെ തിരിച്ചറിയുന്നതിലും അയാൾക്കു പ്രയാസം തോന്നുന്നു. മധ്യവയസ്സ്

പിന്നിട്ടതിന്റെ ലക്ഷണങ്ങളാവാം അതെല്ലാം. ഉപയോഗിച്ചു പഴകിയ ചെമ്പുകലം പോലെ തന്റെ തലച്ചോറിന് തേയ്മാനം വന്നതാകാം. ഇനി അങ്ങനെ എന്തെല്ലാം കുഴപ്പങ്ങൾ വരാനിരിക്കുന്നു. നെഞ്ചിലേക്കുള്ള ചോരക്കുഴലുകൾക്ക് ക്ലാവു പിടിക്കുകയും ചോരയിൽ പഞ്ചസാര അലിയുകയും... അങ്ങനെ എന്തൊക്കെ.

തനിക്ക് അയാളെ അറിയുകയില്ലെങ്കിലും അഗ്നിക്ക് തന്നെ അറിയാമായിരിക്കാം. അല്ലെങ്കിൽ അയാൾ എന്തിനാണ് തനിക്ക് അടിയന്തരമായി ഒരു സന്ദേശം അയച്ചത്? വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ തന്നോട് പറയുവാനുണ്ട് എന്ന് അറിയിച്ചത്? പരിചയമില്ലാത്ത ഒരാളോട് ആരെങ്കിലും പ്രധാനപ്പെട്ട കാര്യങ്ങൾ പറയുമോ? അഗ്നിക്ക് തീർച്ചയായും തന്നെ അറിയാം. കുട്ടിക്കാലം ഒരേ ക്ലാസിലിരുന്നു പഠിച്ചവനോ ഏതെങ്കിലും ഒരു നീണ്ട തീവണ്ടി യാത്രയിൽ കൂടെ സഞ്ചരിച്ചവനോ ആകാം. തലച്ചോറിനു തുരുമ്പു പിടിച്ചതുകൊണ്ടു മാത്രമാണ് തനിക്ക് അഗ്നിയെ തിരിച്ചറിയാൻ കഴിയാത്തത്. ചെമ്പുപാത്രം ഈയം പൂശുന്നതുപോലെ മാനസമിത്രം ഗുളിക വാങ്ങിക്കഴിച്ച് തന്റെ തലച്ചോറിനെ വൃത്തിയാക്കിയെടുക്കണം എന്ന് അയാൾ തീരുമാനിച്ചു. ഓർമ്മശക്തിയെ പുഷ്ടിപ്പെടുത്താൻ ഈ മരുന്നിനുള്ള കഴിവിനെക്കുറിച്ച് അയാൾ ആരോഗ്യം മാസികയിൽ വായിക്കുകയുണ്ടായി. കാഴ്ചശക്തി നിലനിർത്താൻ വേണ്ടി വിറ്റാമിൻ എ, കഷണ്ടി വരാതിരിക്കാൻ വിറ്റാമിൻ ഇ, എല്ലിന്റെയും പല്ലുകളുടെയും ബലത്തിനുവേണ്ടി കാത്സ്യം, അർബുദം തടയാൻ വേണ്ടി ബീറ്റ കാരോട്ടീൻ, രക്തത്തിന്റെ സാന്ദ്രത കുറയ്ക്കാൻ വേണ്ടി ആസ്പിരിൻ..... ഇങ്ങനെ ഇപ്പോൾത്തന്നെ പലതരം ഗുളികകൾ അയാൾ പതിവായി കഴിക്കുന്നുണ്ട്. ആ കൂട്ടത്തിൽ ഇപ്പോൾ മാനസമിത്രംകൂടി....




അയാൾ കർസർ കമ്പോസ് എന്ന കള്ളിക്കു മുന്നിൽ കൊണ്ടുവന്നു നിർത്തി. മൗസിന്റെ ഇടതുവശം ക്ലിക്ക് ചെയ്യുന്നതിനു പകരം വലതുവശത്താണ് വിരലമർത്തിയത്. അയാളുടെ കൈവിരലുകൾക്ക് എപ്പോഴും താൽപ്പര്യം വലതുവശത്തോടാണ്. അയാൾ അഗ്നിക്ക് ഒരു മറുപടി ടൈപ്പ് ചെയ്തു:

സന്ദേശം കിട്ടി. നന്ദി. കൂടുതൽ വിവരങ്ങൾക്കുവേണ്ടി കാത്തിരിക്കുന്നു.

സ്വന്തം ടി പി ശ്രീധരൻ

ക്ലിക്.

ഏതാനും സെക്കന്റുകൾക്കുള്ളിൽ അയാളുടെ മറുപടി അഗ്നിയുടെ വശം എത്തിക്കഴിഞ്ഞിരിക്കും. അഗ്നി ലോകത്തിൽ എവിടെയായാലും....

എവിടെനിന്നാണ് അഗ്നി തനിക്കു സന്ദേശം അയച്ചത്? ഭൂമിയുടെ മറുവശം. കാലിഫോർണിയയിലെ സിലിക്കൺവാലിയിൽനിന്നാവാം. അല്ലെങ്കിൽ തൊട്ടടുത്ത വീട്ടിൽനിന്നാവാം.



അടുത്ത നിമിഷം അയാൾ സ്വയം തിരുത്തി. ഇത്തരം ഊഹങ്ങൾക്ക് എന്തു പ്രസക്തി? നാടും വീടുമെല്ലാം മേൽവിലാസങ്ങളിൽനിന്ന് മാഞ്ഞുപോകുമ്പോൾ...

ഇപ്പോൾ അയാൾ അഗ്നിയുടെ മറുപടിക്കായി കാത്തുനിൽക്കുകയാണ്. പക്ഷേ, ഇൻബോക്സിൽ പുതിയ സന്ദേശം വന്നതിന്റേതായ സൂചന കണ്ടില്ല.

അയാൾക്ക് പലതരം ജങ്ക് മെയിൽ കിട്ടാറുണ്ടല്ലോ. ആദ്യം അയാൾ അതെല്ലാം ശ്രദ്ധാപൂർവം വായിച്ചു നോക്കുമായിരുന്നു. ഒരിക്കൽ ഒരു സൈബർസന്ന്യാസിയുടെ ശിഷ്യൻ അയച്ച സന്ദേശം. ആ സന്ദേശത്തിന്റെ കോപ്പി നൂറു പേർക്ക് ഇമെയിൽ ചെയ്താൽ ഓഹരിവിപണിയിലൂടെ തനിക്ക് ഒരു നിധി ലഭിക്കും എന്ന് അയാൾ ആണയിട്ടു പറയുന്നു. ഒട്ടുമുക്കാലും സന്ദേശങ്ങൾ സൈബർ കച്ചവടക്കാരുടേതായിരുന്നു.

ഇപ്പോൾ അയാൾ അത്തരം സന്ദേശങ്ങൾ പൂർണമായി വായിക്കുക പോലും ചെയ്യാറില്ല. ഡോളർ അക്കൗണ്ടോ ക്രെഡിറ്റ് കാർഡുകളോ ഇല്ലാത്ത അയാൾക്ക് ഈ സന്ദേശങ്ങൾകൊണ്ട് എന്തുപയോഗം?

ഹോട്ട്മെയിൽ മേൽവിലാസം ഉണ്ടായതോടെ അയാളുടെ ദിനചര്യയിൽ ചില മാറ്റങ്ങൾ സംഭവിച്ചു. രാവിലെ ഉണർന്ന് പല്ലുതേച്ച് ചായ കുടിച്ച് പത്രവുമായി ഇരിക്കുന്നതിനു പകരം ഉണർന്ന ഉടനെ നേരെ കമ്പ്യൂട്ടറിനു മുന്നിൽ ചെന്നിരിക്കുന്ന സ്വഭാവം വന്നു. ആദ്യം തനിക്ക് എന്തെങ്കിലും സന്ദേശങ്ങൾ ഉണ്ടോയെന്നു തിരക്കിയശേഷം യാഹൂവിലെ ഒരു സൈറ്റിൽ പ്രവേശിച്ച് അന്നത്തെ വാർത്തകൾ വായിച്ചറിയും. അതിനു ശേഷം ചായ. പല്ലുതേപ്പ് അവസാനമായി.

കുട്ടിക്കാലം മുതലേ പല്ലുതേക്കാതെയും കുളിക്കാതെയും ഒരു തുള്ളി വെള്ളം കുടിക്കുകയില്ല എന്ന ശീലത്തോടെ വളർന്ന അയാൾ ഇപ്പോൾ പ്രാതൽ കഴിഞ്ഞാണ് പല്ലുതേക്കുന്നത്. കുളിര് തുടങ്ങിയാൽ കുളിക്കാതെ ഇരുകക്ഷങ്ങളിലും ഡിഓഡറന്റ് സ്പ്രേ ചെയ്ത് ഷർട്ടെടുത്തിട്ട് ആപ്പീസിലേക്കു പോകുകയും ചെയ്യുന്നു. കുളി ഒരാവശ്യമല്ലെന്നും ശരീരം വൃത്തിയായി സൂക്ഷിച്ചാൽ മാത്രം മതിയെന്നുമാണ് ഇപ്പോൾ അയാളുടെ വാദം.

കമ്പ്യൂട്ടർ വാങ്ങുകയും ഇന്റർനെറ്റ് കണക്ഷൻ എടുക്കുകയും ചെയ്തശേഷമാണ് അയാളുടെ വിശ്വാസങ്ങളിൽ ഇങ്ങനെ ചില മാറ്റങ്ങൾ വന്നു തുടങ്ങിയത്.

ഇൻബോക്സ്.

പുതിയ സന്ദേശം 0

ജങ്ക് സന്ദേശങ്ങളല്ലാതെ പുതുതായി അയാൾക്ക് മറ്റൊന്നും കിട്ടുന്നില്ല. അഗ്നിയിൽനിന്നു വിവരങ്ങളൊന്നും ലഭിക്കാത്തതിൽ അയാൾക്കു നിരാശ തോന്നി. പിന്നീട് താൻ എന്തിനാണ് നിരാശപ്പെടുന്നത് എന്ന് അയാൾ സ്വയം ചോദിച്ചു. ഒരിക്കലും തമ്മിൽ കണ്ടിട്ടില്ലാത്ത, യാതൊരു ബന്ധവുമില്ലാത്ത തന്നോട് അഗ്നിക്ക് എന്താണ് പറയുവാനുള്ളത്? മാത്രമല്ല, വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ തന്നെ അറിയിക്കുവാനുണ്ട് എന്നാണ് അഗ്നി പറഞ്ഞത്. ആരും അപരിചിതനെ അങ്ങനെയുള്ള കാര്യങ്ങൾ അറിയിക്കുമെന്ന് സാമാന്യബുദ്ധിയുള്ളവർ കരുതുകയില്ല. തന്നെ ആരോ വിഡ്ഢിയാക്കാൻ ശ്രമിക്കുന്നതായി അയാൾക്കു തോന്നി.

അഗ്നിയുടെ സന്ദേശത്തിനായി കാത്തിരിക്കാതിരിക്കുക.

അഗ്നിയെ മറക്കുക.


അങ്ങനെ ഒരാഴ്ച കഴിഞ്ഞു.

ഇൻബോക്സ്.

പഴയ സന്ദേശങ്ങൾ 16.

പുതിയ സന്ദേശം 1.

തികഞ്ഞ താൽപ്പര്യക്കുറവോടെ വെളുത്ത മൗസിനു മുകളിൽ ക്ലിക് ചെയ്യുവാനായി കാത്തിരിക്കുന്ന ചൂണ്ടുവിരലുമായി അയാൾ സ്ക്രീനിൽ നോക്കിയിരുന്നു. ഇൻബോക്സിലേക്കു പോകുന്നതിനു പകരം അയാൾ ഫോൾഡറിലേക്കു പോയി ക്ലിക് ചെയ്തു. അവിടെ നിന്ന് അയാൾ പിറകോട്ടു പോയി യാഹുവിലെത്തുകയും അവിടെനിന്ന് ഒരു സെർച്ച് എഞ്ചിനിലൂടെ കടന്ന് എന്തോ തിരയുന്ന ഒരു വാൽനക്ഷത്രത്തെപ്പോലെ സൈബർ സ്പെയ്സിലൂടെ അലഞ്ഞുതിരിയുകയും ചെയ്തു.



ഫ്യൂർവെർണിനെപ്പോലെ കപ്പലിലോ അല്ലെങ്കിൽ കാൽനടയായോ ഒരാൾക്ക് ലോകം ചുറ്റിവരാൻ കഴിയും. എന്നാൽ, തന്റെ ജീവിതകാലം മുഴുവൻ ചെലവഴിച്ചാലും സൈബർ സ്പെയ്സിന്റെ ഒരംശം പോലും തനിക്കു ചുറ്റിക്കാണുവാൻ കഴിയുകയില്ല. അയാൾ വിചാരിച്ചു. അടുത്ത നിമിഷം കമ്പ്യൂട്ടറിനു മുമ്പിൽ ഇരിക്കുമ്പോൾ ഇത്തരം ആലോചനകൾക്കു സ്ഥാനമില്ലെന്ന് അയാൾ സ്വയം ഓർമ്മിപ്പിച്ചു. കമ്പ്യൂട്ടർ തത്ത്വവിചാരങ്ങളുടെ ഘാതകനാണ്.

ഒഴിവുദിവസമായതുകൊണ്ട് അയാൾ കുറച്ചുനേരം കൂടി കമ്പ്യൂട്ടറിനു മുമ്പിൽ ഇരുന്നു. ലക്ഷ്യമില്ലാതെ അലഞ്ഞു നടക്കുന്നതുപോലെ ലക്ഷ്യമില്ലാതെ കമ്പ്യൂട്ടറിനു മുമ്പിൽ വെറുതെയിരിക്കുവാനും കഴിയും. അയാൾ പല സൈറ്റുകളിൽ വീണ്ടും കയറിയിറങ്ങി. അതു മടുത്തപ്പോൾ പുതുതായി തുടങ്ങിയ ഒരു സെർച്ച് എഞ്ചിനിൽ കയറി. പോസ്റ്റ് മോഡേണിസം. ക്ലിക്. ഉത്തരാധുനികതയെക്കുറിച്ച് നാലു പേജ് വിവരങ്ങൾ പ്രിന്ററിലൂടെ പുറത്തുവന്നു. തനിക്ക് ഒട്ടും ആവശ്യമില്ലാത്ത ആ വിവരങ്ങളിലൂടെ ഒന്നു കണ്ണോടിച്ചശേഷം അയാൾ കടലാസു ചുരുട്ടി മേശയുടെ ചുവട്ടിലെ ചവറ്റുകൊട്ടയിലിട്ടു. അയാൾക്ക് ആവശ്യമില്ലാത്ത വിവരങ്ങളും ഇമെയിലുകളുമാണ് നെറ്റിൽനിന്ന് അയാൾക്ക് എല്ലായ്പ്പോഴും കിട്ടുന്നത്. അതെല്ലാം ആവശ്യമില്ലാത്തതാണോ? തന്റെ ഹിപ്പോക്രസിയിൽ അയാൾ സ്വയം സഹതപിച്ചു.

തിരികെ ഇൻബോക്സിലേക്ക്.

ക്ലിക്.

ഒരിക്കൽക്കൂടി agni@aol.com.

*('നൃത്തം' നോവലിൽ നിന്നുള്ള ഭാഗം)*

"തനിക്ക് അയാളെ അറിയുകയില്ലെങ്കിലും അഗ്നിക്ക് തന്നെ അറിയാമായിരിക്കാം. അല്ലെങ്കിൽ അയാൾ എന്തിനാണ് തനിക്ക് അടിയന്തരമായി ഒരു സന്ദേശം അയച്ചത്?"

ശ്രീധരൻ എന്ന കഥാപാത്രത്തിന്റെ ജീവിതത്തിൽ പ്രതീതിയാഥാർഥ്യത്തിലൂടെ സൃഷ്ടിച്ച മാറ്റങ്ങൾ 'കൈയൊപ്പില്ലാത്ത സന്ദേശം' എന്ന പാഠഭാഗത്ത് കാണാം. മറ്റു സന്ദർഭങ്ങൾ കണ്ടെത്തി അവ അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിത്തീർത്ത തെങ്ങനെയെന്ന് ചർച്ചചെയ്ത് കുറിപ്പാക്കുക.

### പ്രതീതിയാഥാർഥ്യം (Virtual reality)

ജീവിതയാഥാർഥ്യത്തിൽനിന്നു ഭിന്നമായ അനുഭവമാണ് പ്രതീതിയാഥാർഥ്യം. കമ്പ്യൂട്ടറിനാൽ പ്രതീതമാക്കപ്പെടുന്ന (തോന്നിപ്പിക്കുന്ന) അന്തരീക്ഷം അതിൽപ്പെടുന്നു. ഒരു ഇ-മെയിൽ സന്ദേശത്തെക്കുറിച്ചാലോചിച്ചാൽ ഇത് വ്യക്തമാകും. അത് ഒരു കത്തുപോലെ യഥാർഥവസ്തുവല്ല. അതിനെ സ്പർശിക്കാനാവില്ല. എന്നാൽ അത് ഇന്റർനെറ്റ് എന്ന ഇടത്തിൽ നിലനിൽക്കുന്നുണ്ട്. ഒപ്പം കത്തു നൽകുന്ന വിവരവിനിമയം സാധ്യമാക്കുന്നുമുണ്ട്. ഇങ്ങനെ ഇന്റർനെറ്റിൽ ഒരു പ്രതീതിയായി നിൽക്കുമ്പോഴും നമുക്ക് അത് ഒരു യാഥാർഥ്യമായി അനുഭവപ്പെടുകയും ചെയ്യുന്നു.

- "ഉപയോഗിച്ചു പഴകിയ ചെമ്പുകലംപോലെ തന്റെ തലച്ചോറിന് തേയ്മാനം വന്നതാകാം."
- "ചെമ്പുപാത്രം ഈയം പൂശുന്നതുപോലെ മാനസമിത്രം ഗുളിക വാങ്ങിക്കഴിച്ച് തന്റെ തലച്ചോറിനെ വൃത്തിയാക്കിയെടുക്കണം എന്ന് അയാൾ തീരുമാനിച്ചു."

ശരീരത്തെ മുൻനിർത്തിയുള്ള ഇത്തരം ആലോചനകളിലേക്ക് കഥാപാത്രത്തെ നയിക്കുന്ന സാഹചര്യം എന്താണ്? പാഠസന്ദർഭത്തിന്റെ ഭാവതലവുമായി ബന്ധപ്പെടുത്തി വിശകലനക്കുറിപ്പ് തയാറാക്കുക.

സൈബർസാധ്യതകളുടെ ദുരുപയോഗം ഗുരുതരമായ സാമൂഹികപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽനിന്ന് വിവരശേഖരണം നടത്തി പാനൽചർച്ച സംഘടിപ്പിക്കുക.

വിദ്യാർഥികൾ സൈബർമാധ്യമങ്ങളിലെ ഇടപെടലുകൾക്ക് എത്രസമയം നീക്കിവയ്ക്കുന്നുണ്ട്? സൈബർലോകത്തിന് അമിതമായി വിധേയപ്പെടുന്നുണ്ടോ? സ്കൂളിൽ സർവേ നടത്തി ഫലം അസംബ്ലിയിൽ അവതരിപ്പിക്കുക.

## സ്വയംവിലയിരുത്തൽ


| | പൂർണ്ണമായി | ഭാഗികമായി | തീരെയില്ല |
|---|---|---|---|
| * പത്രപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ പ്രായോഗികപരിചയം നേടി. | | | |
| * സാമൂഹികമാധ്യമങ്ങളുടെ സ്വഭാവവിശേഷങ്ങൾ മനസ്സിലാക്കുകയും അവയിൽ പങ്കാളിത്തം വഹിക്കാനുള്ള ശേഷി ആർജിക്കുകയും ചെയ്തു. | | | |
| * വിവിധ മാധ്യമങ്ങളിലെ ഉള്ളടക്കങ്ങളെ വിമർശനാത്മകമായി വിലയിരുത്താനും രചനകളിലേർപ്പെടാനും കഴിഞ്ഞു. | | | |
| * മാധ്യമസംബന്ധിയായ പദങ്ങളുടെ ആശയം ഗ്രഹിക്കാനും രചനാസന്ദർഭങ്ങളിൽ പ്രയോഗിക്കാനും കഴിഞ്ഞു. | | | |
| * സൈബർസാഹിത്യം ആസ്വദിക്കാനും അപഗ്രഥിക്കാനുമായി. | | | |

## സഹായകഗ്രന്ഥങ്ങൾ

- സച്ചിൻ ടെണ്ടുൽക്കർ - കെ. വിശ്വനാഥ്
- ഇന്റർനെറ്റ് - ഡോ. അച്യുത് ശങ്കർ എസ് നായർ
- ഇനി വായന ഇ വായന- വി.കെ. ആദർശ്
- ഭാവനാതീതം: മലയാളത്തിലെ സൈബർ കഥകൾ - എഡി: ഡോ. പി.കെ. രാജശേഖരൻ
- ഇ-മലയാളം - ടി.വി. സുനീത
- മാധ്യമപഠനങ്ങൾ - എഡി: പന്മന രാമചന്ദ്രൻ നായർ
- നവമാധ്യമങ്ങളുടെ പുതിയ ആകാശങ്ങൾ - ബി.എസ്. ബിമിനിത്
- ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ - ജി. മധുസൂദനൻ

## എഴുത്തുകാരെ അറിയുക

### പി. സായ്നാഥ്



പലഗുമ്മി സായ്നാഥ്, 1957 ൽ തമിഴ്നാട്ടിൽ ജനനം. ഗ്രാമീണസമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ മുഖ്യധാരാസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി അക്ഷീണം പരിശ്രമിക്കുന്ന പത്രപ്രവർത്തകൻ. വിശപ്പിനെയും ക്ഷാമത്തെയും സംബന്ധിച്ച് പഠനം നടത്തിയിട്ടുള്ള ലോകത്തിലെ ഏറ്റവും വലിയ വിദഗ്ധരിൽ ഒരാളായി അമർത്യാസെൻ സായ്നാഥിനെ വിശേഷിപ്പിച്ചിട്ടുണ്ട്. വികസനോന്മുഖ പത്രപ്രവർത്തനത്തിനുള്ള, ഐക്യരാഷ്ട്രസഭയുടെ എ.എച്ച്. ബൊയോർമ്മ അവാർഡ്, 2007 ലെ മാഗ്സസെ അവാർഡ്, പ്രേംഭാട്ടിയ പുരസ്കാരം, യൂറോപ്യൻ കമ്മീഷന്റെ നതാലി പുരസ്കാരം തുടങ്ങിയവ ലഭിച്ചിട്ടുണ്ട്. 'നല്ലൊരു വരൾച്ചയെ എല്ലാവരും ഇഷ്ടപ്പെടുന്നു' ആണ് പുസ്തകം.

### കെ. വിശ്വനാഥ്



1971 ൽ കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരിയിൽ ജനിച്ചു. മാതൃഭൂമിയിൽ ചീഫ് സബ്എഡിറ്റർ. ഇന്ത്യക്കകത്തും പുറത്തുമായി നടന്ന നിരവധി അന്തർദേശീയ കായികമത്സരങ്ങൾ റിപ്പോർട്ട് ചെയ്തു. സച്ചിൻ ടെണ്ടുൽക്കർ, സൗരവ് ഗാംഗുലി, സാനിയ മിർസ, മഹേന്ദ്ര സിങ് ധോണി എന്നിവരുടെ ജീവചരിത്രങ്ങൾ ഉൾപ്പെടെ പത്തോളം സ്പോർട്സ് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഡോ. വി.ആർ. പ്രബോധചന്ദ്രൻ



1938 ആഗസ്റ്റ് 4-ന് വടക്കൻ പറവൂരിൽ ജനിച്ചു. പ്രസിദ്ധ ഭാഷാശാസ്ത്ര ചിന്തകൻ. മലയാള ഭാഷാപഠനത്തിന് കേരളസർവകലാശാലയിൽ നിന്നും ലണ്ടൻ യൂണിവേഴ്സിറ്റിയിൽനിന്നും പി.എച്ച്.ഡി. ബിരുദങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ സർവകലാശാലകളിൽ അധ്യാപകനും വകുപ്പു മേധാവിയുമായിരുന്നു. സംസ്ഥാനസർക്കാർ നിയമിച്ച ലിപിമാനകീകരണസമിതിയുടെ അധ്യക്ഷൻ, കേരളകലാമണ്ഡലം ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു. പ്രധാന കൃതികൾ: വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക, സ്വനവിജ്ഞാനം, മലയാളം മലയാളിയോളം, ഭാഷാശാസ്ത്ര നിഘണ്ടു, ചെറുശ്ശേരി, ഉച്ചാരണം നന്നാവാൻ, ശൈലീഭംഗികൾ എന്നിവ. ഡോ. കെ. ഗോദവർമ്മസ്മാരകസമ്മാനം, കേരള സാഹിത്യ അക്കാദമിയുടെ ഐ.സി. ചാക്കോ അവാർഡ്, എം.കെ.കെ. നായർ അവാർഡ് എന്നിവ ലഭിച്ചു.

## വി.കെ. ആദർശ്



1979 ൽ കൊല്ലം ജില്ലയിലെ ഉമയനല്ലൂർ വാഴപ്പള്ളിയിൽ ജനിച്ചു. ശാസ്ത്ര-സാങ്കേതികവിദ്യയെപ്പറ്റി ആനുകാലികങ്ങളിൽ എഴുതുന്നു. ഇപ്പോൾ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ടെക്നിക്കൽ മാനേജരാണ്. ശാസ്ത്രപത്രപ്രവർത്തനത്തിനും ഊർജസംരക്ഷണപ്രവർത്തനത്തിനും സംസ്ഥാനസർക്കാരിൽനിന്ന് അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇനി വായന ഇ-വായന, ഇ-മലിനീകരണം, വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ തുടങ്ങിയവ പ്രധാന കൃതികൾ.

## എം. മുകുന്ദൻ



1942 ൽ മയ്യഴിയിൽ ജനിച്ചു. മലയാളകഥാസാഹിത്യത്തിലെ ആധുനികതാപ്രസ്ഥാനത്തിന്റെ ശക്തനായ വക്താവ്. നിരന്തരം സ്വയം നവീകരിച്ചുകൊണ്ട് കാലത്തിനൊപ്പം സഞ്ചരിക്കുന്ന എഴുത്തുകാരൻ. കഥാകൃത്ത്, നോവലിസ്റ്റ്. ഫ്രഞ്ച് എംബസിയിൽ നയതന്ത്ര ഉദ്യോഗസ്ഥനായിരുന്നു. കേരള സാഹിത്യ അക്കാദമി അധ്യക്ഷപദവിയിലിരുന്നിട്ടുണ്ട്. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ദൈവത്തിന്റെ വികൃതികൾ, ദൽഹി, ഹരിദ്വാറിൽ മണിമുഴങ്ങുന്നു, ആദിത്യനും രാധയും മറ്റു ചിലരും, ഒരു ദളിത് യുവതിയുടെ കദനകഥ, കേശവന്റെ വിലാപങ്ങൾ, നൃത്തം, പ്രവാസം, ദൽഹിഗാഥകൾ (നോവലുകൾ); അഞ്ചരവയസ്സുള്ള കുട്ടി, ഹൃദയവതിയായ ഒരു പെൺകുട്ടി, കണ്ണാടിയുടെ കാഴ്ച, റഷ്യ, നഗരവും സ്ത്രീയും (കഥാസമാഹാരങ്ങൾ); എന്താണ് ആധുനികത (പഠനം) എന്നിവയാണ് പ്രധാന കൃതികൾ. കേന്ദ്ര -കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, വയലാർ പുരസ്കാരം, ഫ്രഞ്ച് സർക്കാരിന്റെ ഷെവലിയർ ഓഫ് ആർട്സ് ആൻഡ് ലെറ്റേഴ്സ് ബഹുമതി എന്നിവ ലഭിച്ചു.